# സഹകരണ വകുപ്പ്

# വാർഷിക ഭരണ റിപ്പോർട്ട്

# 2017-18

# ഭരണ റിപ്പോർട്ട് 2017–18

# സഹകരണ വകുപ്പ്

| | |
|---|---|
| സഹകരണ വകുപ്പ് മന്ത്രി | : ശ്രീ.കടകംപള്ളി സുരേന്ദ്രൻ |
| | (23/ 11/2016 മുതൽ തുടരുന്നു) |
| സർക്കാർ സെക്രട്ടറി | : ശ്രീ.പി.വേണു ഗോപാൽ ഐ.എ.എസ്, |
| | (20/04/2015 മുതൽ 21/06/2018 വരെ) |
| | ശ്രീമതി.മിനി ആൻറണി ഐ.എ.എസ് |
| | (02/07/2018 മുതൽ തുടരുന്നു ) |
| സഹകരണ സംഘം രജിസ്ട്രാർ | : ശ്രീമതി എസ്. ലളിതാംബിക ഐ.എ.എസ് |
| | (02.05.2014 – 30.11.2017) |
| | ശ്രീ. സജിത് ബാബു ഐ.എ.എസ് |
| | ( 29.01.2018 മുതൽ തുടരുന്നു ) |

| **ഉള്ളടക്കം** | **പേജ് നമ്പർ** |
| --- | --- |


| | | |
| --- | --- | --- |
| I | ആമുഖം | 4 |
| | ഘടനാ ചാർട്ട് | 5 |
| II. | സഹകരണ വകുപ്പിന്റെ ഘടന | 6-65 |
| III. | മാനവ വിഭവം | 66 -68 |
| IV. | വകുപ്പിന്റെ പ്രവർത്തനം | 68 -87 |
| V | സാമ്പത്തികം | 87-100 |
| VI | ഇൻഫ്രാ സ്ട്രക്ചർ | 100 |
| VII | വകുപ്പ് തല പ്രസിദ്ധീകരണങ്ങൾ | 100-101 |
| VIII | സംഭവങ്ങൾ | 101 |
| IX | വിവരാവകാശം | 102-103 |
| X | ആഭ്യന്തര നിയന്ത്രണ സമ്പ്രദായം | 103 |
| XI | മറ്റിതര കാര്യങ്ങൾ | 103-104 |

**<u>ആമുഖം</u>**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ യൂറോപ്യൻ രാജ്യങ്ങളിൽ വളർന്നു വന്ന സഹകരണ പ്രസ്ഥാനം ഇന്ത്യൻ സാഹചര്യങ്ങളിൽ പ്രസക്തമാണെന്ന് ബ്രിട്ടീഷുകാർ തിരിച്ചറിയുകയും ബോംബെ,കൽക്കത്ത ,മദ്രാസ് പ്രവിശ്യകളിലും പഞ്ചാബ്,ഉത്തർ പ്രദേശ് തുടങ്ങിയ പ്രദേശങ്ങളിലും ഒറ്റപ്പെട്ട പരിശ്രമങ്ങളായി നേരത്തേ ആരംഭിച്ച പ്രസ്ഥാനത്തിന് ഒരു ഏകീകൃത രൂപം നൽകാൻ ശ്രമിക്കുകയും ചെയ്തു. കർഷകരുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു സംവിധാനം ഉണ്ടാക്കുന്നതിന് വേണ്ടി 1904 ൽ ആദ്യത്തെ സഹകരണ നിയമം നടപ്പിലാക്കി. ഈ നിയമത്തിലെ പോരായ്മകൾ പരിഹരിച്ചാണ് 1912 ൽ സഹകരണ നിയമം നിലവിൽ വന്നത്. 1913 ൽ കൊച്ചി സഹകരണ സംഘം നിയമവും 1914 ൽ തിരുവിതാംകൂർ സഹകരണ റഗുലേഷനും ബ്രിട്ടീഷ് നിയമത്തെ പിൻപറ്റിക്കൊണ്ട് നിലവിൽ വന്നു.മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാറിൽ അന്ന് 1912 ലെ സഹകരണ നിയമമാണ് പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. മദ്രാസ്പ്രവിശ്യയിൽ നിന്ന് അന്ന് സഹകരണ സംഘം രജിസ്ട്രാർ ആയിരുന്ന സർ രാജഗോപാലാചാരി ആദ്യം കൊച്ചിയുടെയും പിന്നീട് തിരുവിതാംകൂറിന്റെയും ദിവാനായി നിയമിക്കപ്പെട്ടതോടെയാണ് കൊച്ചിയിലെയും തിരുവിതാംകൂറിലെയും സഹകരണ നിയമങ്ങൾ 1952 ൽ പാസ്സാക്കപ്പെട്ടത്.

1957 ലെ ആദ്യ മന്ത്രി സഭയുടെ കാലത്ത് തന്നെ പുതിയ സഹകരണ നിയമത്തിന് വേണ്ടിയുള്ള പരിശ്രമങ്ങൾ ആരംഭിച്ചു. 1969 മെയ് മാസം 15 നാണ് കേരള സഹകരണ സംഘം നിയമം അംഗീകരിക്കപ്പെട്ടത്. 110 വകുപ്പുകളും 201 ചട്ടങ്ങളും ഉള്ള നിയമം പിന്നീട് കാലാനുസൃതമായി ഭേദഗതി ചെയ്തു. 2013 ലാണ് അവസാനമായി സഹകരണ നിയമത്തിന് ഭേദഗതി ചെയ്തത്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മണ്ഡലങ്ങളിലെല്ലാം ചലനം സൃഷ്ടിച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന ശക്തമായ സഹകരണ മേഖലയെ നിയന്ത്രിച്ച് കൊണ്ട് ഒരു മാർഗ്ഗദർശിയായി നിലനിൽക്കുന്ന സഹകരണ നിയമത്തിന് 50 വർഷം പൂർത്തിയായിരിക്കുകയാണ്. ഒരു സ്വതന്ത്ര പരമാധികാര ജനാധിപത്യ ഭരണ സംവിധാനത്തിനകത്ത് ഒരു പ്രസ്ഥാനമായി പ്രവർത്തിക്കാനുള്ള ദിശാബോധം നൽകാൻ സഹകരണ നിയമത്തിന് സാധിച്ചിട്ടുണ്ട്.


REGISTRAR OF CO OPERATIVE SOCIETIES
PA TO RCS
Additional Registrar Consumer
Additional Registrar Credit
Additional Registrar ICDP
Additional Registrar General
DIRECTOR OF CO OPERATIVE AUDIT
DIG VIGILANCE
PA to Dr
Additional Director
PT
ST
Vig
JR SC/ST
JR M&P
Fin Ofcr
Law Ofcr
JR (G ) 14 Dist
JD Audt 14 Dist
JD Audit
JR Vigilance
DR consumer
DR Inspn Cell 1 &Cell 2
DR Credit
DR Plang
DR Vig
DR ICDP
DR Admin
DR Admin
DD Audit
AR HV MT
AR CS
AR E M
AR SCT /PT
AR CP A
AR CP B
AR CB
AR P& M
R O
AR CL T
AR M P
AR EA
AR EB
AR Fin
E P R O
AR Pla n
AR SC ST
AD Au dt
AD Aud it
HV MT
CS
E M
S C T
P T
C P A
C P B
C B
C G
P & M
S T
G e n
V i g
A E L
C L T
I C D P
M P
A / C
I T
E A
E B
F i n A
Fi n B
Various Sections
AD1,AD2,AD3,AD4 A1,A2 ,A3 E1,E2,E3
C1 C2 C3
Ministerial staff

# II. സഹകരണ വകുപ്പിൻെറ ഘടനയും പ്രവർത്തനങ്ങളും

സർക്കാരിലെ സഹകരണ വകുപ്പിന്റെ കീഴിലാണ് സംസ്ഥാന സഹകരണ വകുപ്പ് പ്രവർത്തിക്കുന്നത്. സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ ,അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ആഫീസർമാർ, മറ്റ് സ്റ്റാഫുകൾ തുടങ്ങിയവർ ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ പ്രവർത്തിക്കുന്നു. സഹകരണ വകുപ്പിന് നിലവിൽ രണ്ട് വിഭാഗങ്ങളുണ്ട്

**A**. ജനറൽ വിഭാഗം B. ആഡിറ്റ് വിഭാഗം

## A - ജനറൽ വിഭാഗം:

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലാണ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം.

### സഹകരണ സംഘം രജിസ്ട്രാർ

നിലവിൽ 49 ാമത് സഹകരണസംഘം രജിസ്ട്രാർ ആയി ശ്രീ. സജിത് ബാബു ഐ.എ.എസ് തുടരുന്നു. സഹകരണ വകുപ്പിന്റെ ആസ്ഥാനമായ സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിൽ, സഹകരണസംഘം രജിസ്ട്രാർക്ക് പുറമേ, രജിസ്ട്രാറെ സഹായിക്കുന്നതിനായി 4 അഡീഷണൽ രജിസ്ട്രാർമാർ, 2 ജോയിന്റ് രജിസ്ട്രാർമാർ ,1 ഫൈനാൻസ് ഓഫീസർ,1 ലോ ആഫീസർ, 8 ഡെപ്യൂട്ടി രജിസ്ട്രാർമാർ,1 ഇ.പി.ആർ.ഒ,1 റിസർച്ച് ആഫീസർ,13 അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നീ പ്രധാന ഉദ്യോഗസ്ഥരും ഉണ്ട്.

### അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക കാർഷിക വികസന ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, മറ്റ് വായ്പാ സംഘങ്ങൾ, സംസ്ഥാന സഹകരണ യൂണിയൻ, വാർഷിക പദ്ധതികൾ, മറ്റ് പൊതു വിഷയങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

### അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)

ഉപഭോക്തൃ സഹകരണ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ, വാർഷിക പദ്ധതികൾ, മറ്റ് പലവക സംഘങ്ങളെ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

### അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വകുപ്പിലെ ജീവനക്കാരുടെ പൊതുവായ കാര്യങ്ങൾ, അച്ചടക്ക നടപടി തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

### അഡീഷണൽ രജിസ്ട്രാർ (ഐ.സി.ഡി.പി)

സംയോജിത സഹകരണ വികസന പദ്ധതി സംബന്ധിച്ച കാര്യങ്ങൾ, സഹകരണ വിജിലൻസ് വിഭാഗം (വകുപ്പ് ജീവനക്കാരെ സംബന്ധിക്കുന്നവ ഒഴികെ) തുടങ്ങിയവയെ സംബന്ധിച്ച വിഷയങ്ങൾ, വിവരാവകാശ നിയമം അപ്പലേറ്റ് അതോറിറ്റി എന്നിവ കൈകാര്യം ചെയ്യുന്നു.

### ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്)

മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ, കാർഷിക ഉൽപ്പന്ന സംഭരണം, വാർഷിക പദ്ധതി സംബന്ധിച്ച വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നു.

**ജോയിന്റ് രജിസ്ട്രാർ (പട്ടികജാതി/പട്ടികവർഗ്ഗം)**

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സംബന്ധിച്ച വിഷയങ്ങൾ, സഹകരണ സംഘം ജീവനക്കാരെ സംബന്ധിച്ച വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നു.

**മറ്റ് വകുപ്പുകളിൽ നിന്നും നിയമിക്കപ്പെട്ട പ്രധാന ഉദ്യോഗസ്ഥർ**

**ഫൈനാൻസ് ആഫീസർ**

സഹകരണ സംഘം രജിസ്ട്രാർക്ക് ധന സംബന്ധമായ കാര്യങ്ങളിൽ ഉപദേശങ്ങൾ നൽകുന്നതിനും, സഹായിക്കുന്നതിനും, ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്നു.

**ലാ ഓഫീസർ**

സഹകരണ സംഘം രജിസ്ട്രാർക്ക് നിയമ സംബന്ധമായ കാര്യങ്ങളിൽ ഉപദേശം നൽകുന്നതിനായി നിയമ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്നു.

.

**റിസർച്ച് ആഫീസർ**

സഹകരണ വകുപ്പുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിൽ നിന്നും നിയമിക്കപ്പെട്ടിരിക്കുന്നു.

**ഘടന**

രജിസ്ട്രാർ ആഫീസിന് പുറമേ 14 ജില്ലാ ആഫീസുകളും 64 സർക്കിൾ ആഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ആഫീസുകളുടെ പ്രവർത്തനം ജോയിൻറ് രജിസ്ട്രാർ ജനറലിന്റെയും സർക്കിൾ തല ആഫീസുകളുടെ പ്രവർത്തനം അസിസ്റ്റൻറ് രജിസ്ട്രാറുടെയും നിയന്ത്രണത്തിൽ ആണ് നടക്കുന്നത്. ജില്ലകളിൽ ജോയിൻറ് രജിസ്ട്രാറെ സഹായിക്കുന്നതിന് ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),അസിസ്റ്റൻറ് രജിസ്ട്രാർ (പ്ലാൻ),അസിസ്റ്റൻറ് രജിസ്ട്രാർ (എസ്.സി എസ്.റ്റി) , എന്നീ പ്രധാന ഉദ്യോഗസ്ഥരും അവർക്ക് കീഴിൽ കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ഡ്രൈവർ,ക്ലാർക്ക്,ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡൻറ്,സ്വീപ്പർ എന്നീ ഉദ്യോഗസ്ഥരും ഉണ്ട്.

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ എണ്ണം തരം തിരിച്ച് ചുവടെ ചേർക്കുന്നു.

| സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ എണ്ണം 31.03.2018 ൽ | | | |
|---|---|---|---|
| ക്രമ നമ്പർ | സംഘങ്ങളുടെ തരം തിരിവ് | സംഘങ്ങളുടെ എണ്ണം | പ്രവർത്തിക്കുന്നവ |
| 1 | അപ്പെക്സ് | 11 | 11 |
| 2 | ഫെഡറൽ | 5 | 5 |
| 3 | സെൻട്രൽ | 14 | 14 |
| 4 | ക്രെഡിറ്റ് | 4084 | 3633 |
| 5 | കൺസ്യൂമർ | 20 | 14 |
| 6 | പ്രൈമറി | 4626 | 3833 |
| 7 | മാർക്കറ്റിംഗ് & പ്രോസസ്സിംഗ് | 628 | 243 |
| 8 | മറ്റുള്ളവ | 6236 | 4139 |
| ആകെ | | 15624 | 11892 |

# അപ്പെക്സ് സഹകരണ സംഘങ്ങൾ

## 1. കേരള സംസ്ഥാന സഹകരണ ബാങ്ക്

1914 ൽ തിരുവിതാംകൂർ മഹാരാജാവായ ശ്രീമൂലം തിരുനാൾ രാമവർമ്മ പുറപ്പെടുവിച്ച Travancore Co operative Society Regulation Act പ്രകാരം 1915 ൽ Trivandrum Central Cooperative Bank രജിസ്റ്റർ ചെയ്തു.1916 ജനുവരി 18 ന് 100000 രൂപയുടെ ഓഹരി മൂലധനമായാണ് തിരുവനന്തപുരത്ത് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം ആരംഭിച്ചത്. 1956 ൽ സംസ്ഥാന രൂപീകരണത്തിന് ശേഷം Trivandrum Central Cooperative Bank കേരള സംസ്ഥാന സഹകരണ ബാങ്ക് എന്നറിയപ്പെടുകയും ചെയ്തു. ആലപ്പുഴ,കൊല്ലം,കോട്ടയം ജില്ലകളിൽ മാത്രമാണ് ആദ്യ കാലങ്ങളിൽ ബ്രാഞ്ചുകൾ ഉണ്ടായിരുന്നത്.പിന്നീട് എല്ലാ ജില്ലകളിലും ബ്രാഞ്ചുകൾ നിലവിൽ വരികയും ചെയ്തു. കേരള സർക്കാറിനും 14 ജില്ലാ സഹകരണ ബാങ്കുകൾക്കും അംഗത്വം ഉള്ള കേരള സംസ്ഥാന സഹകരണ ബാങ്ക് സഹകരണ ബാങ്കുകളുടെ അപ്പെക്സ് സ്ഥാപനമായി മാറുകയും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലാവുകയും ചെയ്തു. 1972 ൽ റിസർവ്വ് ബാങ്കിൽ നിന്നും സാമ്പത്തിക ഇടപാട് നടത്തുന്നതിനുള്ള അംഗീകാരം കൂടി ലഭിച്ചു.

തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്കിന് നിലവിൽ 14 ജില്ലാ സഹകരണബാങ്കുകളും അതിന് കീഴിൽ 1647 പ്രാഥമിക സഹകരണസംഘങ്ങൾ/ ബാങ്കുകളും പ്രവർത്തിച്ച് വരുന്നു. അങ്ങനെ സംസ്ഥാനത്തെ മാത്രമല്ല രാജ്യത്തിന്റെ തന്നെ സഹകരണ മേഖലക്ക് തന്നെ മാതൃകയായി കേരള സംസ്ഥാന സഹകരണ ബാങ്ക് മാറിക്കഴിഞ്ഞിട്ടുണ്ട്.

## 2. സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്

1956 ൽ Kerala Co operative Central Land Mortgage Bank എന്ന പേരിൽ രൂപീകൃതമായ സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ കർഷകർക്ക് ദീർഘകാല വായ്പകൾ നൽകുന്നു. ഗ്രാമീണ ജനതയെ സാമൂഹ്യവും സാമ്പത്തികവുമായി ഉയർത്തിക്കൊണ്ട് വരിക എന്നതാണ് KSCARDB യുടെ ലക്ഷ്യം.

## 3. കൺസ്യൂമർ ഫെഡ്

കേരളത്തിലെ കൺസ്യൂമർ സഹകരണ സംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷനായ കൺസ്യൂമർഫെഡ് 04.09.1965 ൽ രജിസ്റ്റർ ചെയ്ത് 07.10.1965 ൽ പ്രവർത്തനം ആരംഭിക്കുകയും 1997 മുതൽ വൈവിധ്യമാർന്ന നിരവധി പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്യുന്നു. നിത്യോപയോഗ സാധനങ്ങൾ മൊത്തമായി വാങ്ങി ,സംഭരിച്ച് വിൽപനക്കായി അംഗസംഘങ്ങൾക്കും എത്തിച്ചുകൊടുക്കുക,ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ സ്വന്തം വിൽപ്പന യൂണിറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് വിതരണം നടത്തുക എന്നതാണ് കൺസ്യൂമർ ഫെഡിന്റെ പ്രധാന ലക്ഷ്യങ്ങൾ.

### a) യൂണിറ്റുകൾ

ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | യൂണിറ്റ് | എണ്ണം |
|---|---|---|
| 1 | റീജിയണൽ ആഫീസ് | 11 |
| 2 | സോണൽ ആഫീസ് | 3 |
| 3 | ത്രിവേണി മെഗാ, ലിറ്റിൽ,സൂപ്പർ മാർക്കറ്റ് | 196 |
| 4 | മൊബൈൽ ത്രിവേണി | 57 |
| 5 | ത്രിവേണി ഗോഡൗണുകൾ | 33 |
| 6 | ഇ.ത്രിവേണി ബിസിനസ് സെന്റർ | 12 |
| 7 | നീതി മെഡിക്കൽ വെയർ ഹൗസ് | 12 |

| | | |
|---|---|---|
| 8 | നീതി മെഡിക്കൽ സ്റ്റോർ | 90 |
| 9 | വിദേശ മദ്യ ഷോപ്പുകൾ | 36 |
| 10 | ത്രിവേണി ഫാർമസി ഇൻസ്റ്റിററ്റ്യൂട്ട് | 1 |
| 11 | ബിയർ യൂണിറ്റ് | 1 |
| 12 | നോട്ട് ബുക്ക്, കമ്പ്യൂട്ടർ സ്റ്റേഷനറി മാനുഫാക്ചറിംഗ് യൂണിറ്റ് | 1 |
| 13 | എൽ.പി.ജി ബുക്കിംഗ് പ്ലാന്റ് | 1 |
| 14 | ശുശ്രൂഷ ഹൈ ടെക് ക്ളിനിക്കൽ ലാബ് | 1 |

**b) ത്രിവേണി സ്റ്റോറുകൾ**

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൂടി 196 ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നു. കൂടാതെ ത്രിവേണി വിഭാഗത്തിന്റെ കീഴിൽ നിയോജക മണ്ഡലങ്ങളിലും മൊബൈൽ ത്രിവേണികൾ പ്രവർത്തിച്ചു വരുന്നു.

**c) നീതി സ്കീം**

1997 ൽ ആരംഭിച്ച നീതി സ്ക്കീമിന്റെ ഭാഗമായി കേരളത്തിലുടനീളം 14 നീതി വിതരണ കേന്ദ്രങ്ങളിലൂടെ പ്രാഥമിക സഹകരണസംഘങ്ങൾ നടത്തുന്ന 700 ൽ പരം നീതി സ്റ്റോറുകൾക്ക് ഗുണമേൻമയുള്ള നിത്യോപയോഗ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു. സംസ്ഥാനത്ത് പ്രാഥമിക സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡിന്റെ മുൻകൈയോടെ 2000 നീതി ഔട്ട്ലെറ്റുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ച് വരുന്നു.

**d ) ഉത്സവകാല സബ്സിഡി വിപണനം**

**i.ഓണം വിപണി**

കൺസ്യൂമർഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിൽ 2017 ആഗസ്റ്റ് 25 മുതൽ സെപ്തംബർ 3 വരെ 3577 ചന്തകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി തുക കഴിച്ച് 80.27 കോടി രൂപക്ക് വിൽക്കുകയുണ്ടായി. സബ്സിഡി ഇനത്തിൽ 34.62 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. 25 നോൺ സബ്സിഡി ഇനങ്ങളും ഓണച്ചന്തയുടെ ഭാഗമായി 30 മുതൽ 60 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കുകയും 35.10 കോടി രൂപയുടെ വിൽപ്പന നടത്തുകയും ചെയ്തു.

**ii.ക്രിസ്തുമസ് പുതുവത്സര വിപണി**

2017 ഡിസംബർ 21 മുതൽ ജനുവരി 2 വരെ 2060 ചന്തകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് സബ്സിഡി സർക്കാർ നൽകി. കൂടാതെ 30 ഇനങ്ങൾ വിപണിയേക്കാൾ 30 മുതൽ 40 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കി.54.12 കോടി രൂപയുടെ സബ്സിഡി വിൽപ്പനയും 6.07 കോടി രൂപയുടെ നോൺ സബ്സിഡി വിൽപ്പനയും ഉൾപ്പെടെ 60.20 കോടി രൂപയുടെ വിൽപ്പന കൈവരിച്ചു. 35.04 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കി.

**iii.വിദേശമദ്യവ്യാപാരം**

2001 ൽ സർക്കാർ നടപ്പിലാക്കിയ വിദേശമദ്യവ്യാപാര നയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം 36 വിദേശമദ്യ ഷോപ്പുകളും 3 ബിയർ ഷോപ്പുകളും ഫെഡറേഷൻ നടത്തി വരുന്നു. കഴിഞ്ഞ സർക്കാറിന്റെ കാലത്തെ മദ്യനയത്തിൽ ഉണ്ടായ മാറ്റത്തെ തുടർന്ന് 10 ഷോപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്.

**iv.നീതി മെഡിക്കൽ സ്കീം**

10 മുതൽ 40 % വരെ വില കുറച്ച് ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ സാധാരണക്കാർക്ക് എത്തിച്ച് കൊടുക്കുന്ന 90 നീതി മെഡിക്കൽ സ്റ്റോറുകൾ ഫെഡറേഷൻ നേരിട്ട് നടത്തുന്നുണ്ട്.

സംസ്ഥാനത്ത് ഉടനീളമുള്ള സഹകരണ സംഘങ്ങൾ നടത്തുന്ന 570 ൽ അധികം നീതി മെഡിക്കൽ സ്റ്റോറുകൾക്ക് 12 നീതി മെഡിക്കൽ വെയർഹൗസുകളിലൂടെ മരുന്ന് എത്തിച്ച് കൊടുക്കുന്നു. ഇൻസുലിൻ മരുന്നുകൾ പരമാവധി വിൽപന വിലയിൽ നിന്നും 16 % വിലക്കുറവിൽ നൽകുന്നു.

**v. നീതിഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ്**

1997-98 കാലഘട്ടങ്ങളിൽ തുടങ്ങിയ നീതി ഗ്യാസ് വിതരണം സുനീതി എന്ന പേരിൽ ത്രിവേണികളിലൂടെ ഇന്നും തുടരുന്നു. കൂടാതെ ബി.പി.സി.എൽ തുടങ്ങിയ സർക്കാർ കമ്പനികൾക്ക് അവരുടെ ആവശ്യങ്ങൾക്കായി ജോബ് വർക്കായി ഗ്യാസ് റീഫില്ലിംഗ് ചെയ്ത് കൊടുത്തു വരുന്നു.

**vi .ഇ-ത്രിവേണി സ്റ്റേഷനറി സെന്ററുകൾ**

എല്ലാ വിധ ഓഫീസ് സ്റ്റേഷനറികൾ,ഹൗസ്ഹോൾഡ്, ഇലക്ട്രിക്കൽ ഐറ്റംസ് എന്നിവ സർക്കാർ സ്ഥാപനങ്ങളിലേക്ക് മിതമായ വിലക്ക് ലഭ്യമാക്കുന്ന ഫെഡറേഷന്റെ ഇ-ത്രിവേണി സ്റ്റേഷനറി സെന്ററുകൾ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന് സർക്കാർ അംഗീകാരവും 85 ലക്ഷം രൂപയുടെ സാമ്പത്തിക സഹായവും ലഭിച്ചിട്ടുണ്ട്. നിലവിൽ 12 ഇ-ത്രിവേണി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

**vii. നോട്ട് ബുക്ക് വ്യാപാരം**

സ്ക്കൂൾ തുറക്കുന്ന കാലയളവിൽ ത്രിവേണി നോട്ട്ബുക്കുകൾ മുതൽ വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാ വിധ പഠനസാമഗ്രികളും ലഭ്യമാക്കുന്നതിന് സ്റ്റുഡൻസ് മാർക്കറ്റുകൾ സംഘടിപ്പിച്ച് വരുന്നു.

**viii. ത്രിവേണി ഫാർമസി ഇൻസ്റ്റിറ്റ്യൂട്ട്**

കേരള സർക്കാരിന്റെയും ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെയും അംഗീകാരത്തോടെ 21.10.2013 ന് ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി ആരംഭിച്ചു.ഡി.ഫാം കോഴ്സ് നടത്തുന്നുണ്ട്.. ബി.ഫാം കോഴ്സ് തുടങ്ങാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ പ്രകാരം ഷെയർ ആയി 4460000 രൂപയും ലോൺ ആയി 12 ലക്ഷം രൂപയും സബ്സിഡിയായി 878775 രൂപയും നൽകിയിട്ടുണ്ട്. **NCDC** കൺസ്യൂമർ സ്കീം പ്രകാരം മാർജിൻമണി ഇനത്തിൽ 30 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. നോൺ പ്ലാൻ സബ്സിഡി പ്രകാരം 52 കോടി രൂപ നൽകിയിട്ടുണ്ട്.

**4. കേരള സംസ്ഥാന പട്ടിക ജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ക്ലിപ്തം നം.4351**

പട്ടിക ജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായി കേരള സംസ്ഥാന പട്ടിക ജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ക്ലിപ്തം നം.4351 പ്രവർത്തിക്കുന്നു. പട്ടിക ജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ കീഴിൽ NCDC യുടെ ധന സഹായത്തോടെ തൃശൂർ ജില്ലയിലെ അഞ്ചേരിയിൽ പ്രവർത്തിക്കുന്ന ആയുർ ധാരാ ഫാർമസ്യൂട്ടിക്കൽസിൽ 242 ആയുർവേദ മരുന്നുകൾ നിർമ്മിച്ച് വരികയും 2017-18 സാമ്പത്തിക വർഷം 174.90 ലക്ഷം രൂപയുടെ വിപണനം നടത്തുകയും ചെയ്തിട്ടുണ്ട് . ഫെഡറേഷന്റെ നിയന്ത്രണത്തിൽ തൃശൂർ,തിരുവനന്തപുരം എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് രണ്ട് പഞ്ച കർമ്മസെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.ഫെഡറേഷന്റെ ആസ്ഥാന മന്ദിരത്തോട് ചേർന്ന് ഒരു പെട്രോൾ പമ്പും പ്രവർത്തിച്ചു വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം 830.12 ലക്ഷം രൂപയുടെ ഇന്ധന വിപണനം നടത്തി വിൽപനയിൽ വൻ പുരോഗതി

കൈവരിക്കാൻ സാധിച്ചു.കൂടാതെ പട്ടികജാതി വകുപ്പി ന്റെ സാമ്പത്തിക സഹായത്തോടെ ഉദ്യോഗസ്ഥർക്ക് താമസ സ്ഥലം ഒരുക്കുന്നതിന്റെ ഭാഗമായി നിർമ്മിക്കുന്ന വർക്കിംഗ് വിമൺ ഹോസ്റ്റലിന്റെ നിർമ്മാണപ്രവർത്തനം അന്തിമ ഘട്ടത്തിലാണ്.

**5.കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻലിമിറ്റഡ് (മാർക്കററ് ഫെഡ്)**

മലബാർ പ്രദേശമാകെ പ്രവർത്തന പരിധിയായി ഒരു ജില്ലാ മൊത്തവ്യാപാര സഹകരണ സ്റ്റോർ ആയി 1942 ലാണ് മാർക്കറ്റ് ഫെഡ് പ്രവർത്തനം ആരംഭിച്ചത്. 1958 ൽ ഇതിനെ സൗത്ത് മലബാർ ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി എന്ന പേരിൽ സഹകരണ സംഘമായി മാറ്റുകയും ചെയ്തു. 1960 ആഗസ്റ്റ് 10 ന് ടി സംഘത്തെ സംസ്ഥാനത്തെ വിപണന സംഘങ്ങളുടെ ഒരു അപ്പെക്സ് സഹകരണ സംഘമാക്കി മാറ്റുകയും പ്രവർത്തന പരിധി കേരള സംസ്ഥാനം മുഴുവനുമാക്കുകയും ചെയ്തു. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന രാസ ജൈവവളങ്ങളും കീടനാശിനികളും കർഷകർക്ക് വിതരണം ചെയ്യുന്നതാണ് മാർക്കറ്റ്ഫെഡിന്റെ പ്രധാന വ്യാപാരപ്രവർത്തനം. കുരുമുളക്,ഏലം ,ചുക്ക് മുതലായ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി ഉൾപ്പെടെയുള്ള വ്യാപാരവും സംഭരണവും പ്രധാന പ്രവർത്തനങ്ങളാണ്.

**6.കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ( റബ്ബർ മാർക്ക്)**

പ്രാഥമിക റബ്ബർ വിപണന സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷനാണ് റബ്ബർ മാർക്ക്. എല്ലാ ഗ്രേഡിലുമുള്ള റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക,ഐ.എസ്.എൻ.ആർ ഗ്രേഡ് റബ്ബർ നിർമ്മാണം , റബ്ബർ കൃഷിക്കാവശ്യമായ വളങ്ങൾ,കാർഷിക സഹായക വസ്തുക്കൾ എന്നിവയുടെ നിർമ്മാണം ക്രയവിക്രയം മുതലായവ ഫെഡറേഷന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. സർക്കാരിന് വേണ്ടി വിപണി ഇടപെടൽ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.

**7.ഹൗസ് ഫെഡ്**

1969 ലെ സഹകരണ നിയമം പ്രകാരം 23.09.1970 ൽ രജിസ്റ്റർ ചെയ്ത ഹൗസിംഗ് സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമാണ് ഹൗസ് ഫെഡ്. "Kerala Apex Co operative Housing Society Ltd.No.4330 എന്ന പേരിൽ 24.09.1970 ന് എറണാകുളം ജില്ലയിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന് 24.03.1979 ലെ സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരമാണ് ഹൗസ് ഫെഡ് എന്ന പേര് വന്നത്. National Co-operative Housing Federation of India യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഹൗസ് ഫെഡിന് നിലവിൽ കേരള സർക്കാർ , പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നീങ്ങനെയുള്ള "A" ക്ലാസ് അംഗങ്ങൾ ഉണ്ട്. ഇതിലെ അംഗ സംഘങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം നൽകുന്നതിലൂടെ അംഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരിക്കുക എന്നതാണ് ഹൗസ് ഫെഡി ന്റെ ലക്ഷ്യം. കേരളത്തിലെ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ടി സംഘങ്ങൾ വഴി വായ്പ നൽകുന്നു.2017-18 വർഷത്തിൽ 1868 വീടുകൾ നിർമ്മിക്കുന്നതിനായി അംഗങ്ങൾക്ക് 8331.02 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**8.ടൂർഫെഡ്.**

സഹകരണ മേഖലയിൽ ടൂറിസം വികസന ലക്ഷ്യത്തോടെ സഹകരണ ടൂറിസം സംഘങ്ങളുടെ ഫെഡറേഷനായി തിരുവനന്തപുരം ആസ്ഥാനമായി 2011 ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ടൂർഫെഡ്. ആദ്യ കാലങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണ സമിതിയാണ് ടൂർഫെഡിൽ ഉണ്ടായിരുന്നതെങ്കിൽ ഭൂരിപക്ഷം നഷ്ടമായതിനെ തുടർന്ന് സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ടൂർഫെഡിന്റെ ഭരണം നിലനിർത്തിപ്പോരുന്നത്. യാത്ര എന്ന ആശയം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും ടൂറിസം പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാത്തരം സഹായങ്ങളും നൽകുക എന്നതാണ് ടൂർഫെഡിന്റെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ പ്രാഥമിക ടൂറിസം സംഘങ്ങളാണ് ഇതിലെ അംഗങ്ങൾ.പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിവിധ തരത്തിലുള്ള അന്തർദേശീയ ടൂർ പാക്കേജുകൾ ഏർപ്പെടുത്തുന്ന പ്രവർത്തനമാണ് ഇപ്പോൾ നടത്തി വരുന്നത്. ടൂറിസം മേഖലയിൽ വിവിധ കോഴ്സുകളും നടത്തുന്നു.

**9.വനിതാ ഫെഡ്**

20.12.2002 ന് രജിസ്റ്റർ ചെയ്യപ്പെട്ട് 1.4.2003 ന് പ്രവർത്തനം ആരംഭിച്ച പ്രാഥമിക വനിതാ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമാണ് കേരള വനിതാ സഹകരണ ഫെഡറേഷൻ( വനിതാ ഫെഡ്) ക്ലിപ്തം നമ്പർ. 4440. സ്ത്രീസമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിന് ഉതകുന്ന തരത്തിൽ അവർക്കു വേണ്ടി സംയോജിത വായ്പ/സേവന പ്രവർത്തനങ്ങൾ അംഗ സംഘങ്ങൾ വഴി നടപ്പാക്കുക എന്നുള്ളതാണ് ഫെഡറേഷന്റെ പ്രഖ്യാപിത ലക്ഷ്യം. സംസ്ഥാനത്തെ പ്രാഥമിക വനിതാ സഹകരണ സംഘങ്ങളാണ് ഫെഡറേഷന്റെ എ ക്ലാസ് അംഗങ്ങൾ.ബി ക്ലാസ് അംഗത്വം കേരള സർക്കാറിനും ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന-ദേശീയ തലത്തിലുള്ള കോർപ്പറേഷനുകൾക്കും ബോർഡുകൾക്കുമാണ് നൽകുന്നത്. നീതി മെഡിക്കൽ സ്റ്റോറുകൾ,വനിതാ മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ എന്നിവക്കുള്ള വായ്പയും ഫെഡറേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരകാന്തി ഉരുക്ക് വെളിച്ചെണ്ണയുടെയും കേരകാന്തി സോപ്പിന്റെയും വിൽപനയും നടത്തി വരുന്നു.

**10.ഹോസ്പിറ്റൽ ഫെഡ്**

27.01.1999 ൽ കൊച്ചി ആസ്ഥാനമായി രജിസ്റ്റർ ചെയ്ത് 27.02.1999 ൽ പ്രവർത്തിച്ചു വരുന്ന ഫെഡറേഷനിൽ 31.03.2018 വരെ 25 ആശുപത്രി സഹകരണ സംഘങ്ങൾ അംഗങ്ങളാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും 590000 രൂപ ഓഹരി മൂലധനമായി പിരിഞ്ഞു കിട്ടിയിട്ടുണ്ട്. രജിസ്ട്രാറുടെ 29.03.2018 എം.ടി(1) 8340/18 നമ്പർ ഉത്തരവ് പ്രകാരം അംഗീകൃത മൂലധനം 5 കോടി രൂപയിൽ നിന്ന് 50 കോടി രൂപയായും ബോറോയിംഗ്സ് 25 ഇരട്ടി എന്നത് 150 ഇരട്ടിയും ആയി നിയമാവലി ഭേദഗതി ചെയ്തിട്ടുണ്ട്.

**11.ലേബർ ഫെഡ്**

തിരുവനന്തപുരം ആസ്ഥാനമായി 40 അംഗ സംഘങ്ങളുമായി 7.08.2014 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് ലേബർഫെഡ്. കേരള സംസ്ഥാനമാണ് പ്രവർത്തന പരിധി. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമുള്ള വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

## ഫെഡറൽ സംഘങ്ങൾ

**1. റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ്കോ ഓപ്പറേറ്റീവ്സ് ഓഫ് കേരളലിമിറ്റഡ് (റെയ്ഡ്കോ)**

റെയ്ഡ്കോ എന്ന പേരിൽ അറിയപ്പെടുന്ന ഈ സംഘം 1972 ൽ ഒരു ജില്ലാതല സഹകരണ സംഘമായാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. ആരംഭത്തിൽ ഇതിന്റെ പ്രവർത്തന മേഖല കണ്ണൂർ ജില്ല മാത്രമായിരുന്നു. പിന്നീട് മറ്റ് 6 ജില്ലകളിലേക്കും തുടർന്ന് സംസ്ഥാനമാകെയും വ്യാപിക്കുകയും അങ്ങനെ ഒരു ഫെഡറൽ സംഘമായി മാറുകയും ചെയ്തു. ഗുണമേൻമ ഉറപ്പ് വരുത്തിക്കൊണ്ട് താങ്ങാവുന്ന ചെലവിൽ കാർഷിക വൃത്തിക്കാവശ്യമായ യന്ത്ര സാമഗ്രികളും ഉപകരണങ്ങളും നിർമ്മിക്കുകയും അവ ലഭ്യമാക്കുന്നതിന് കർഷകരെ സഹായിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിലും റെയ്ഡ്കോ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. കൂടാതെ 2000 ൽ കറി പൌഡറുകളുടെ നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്.

**2.കേരള സ്റ്റേറ്റ് ഇൻറഗ്രേറ്റഡ് മാർക്കറ്റിംഗ് സൊസൈറ്റി**

18.12.2003 ന് കണ്ണൂർ ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച **KIMPKO** യുടെ പ്രവർത്തനം സംസ്ഥാനമൊട്ടാകെയാണ്. വൈവിധ്യമാർന്ന കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കായുള്ള യന്ത്ര സാമഗ്രികൾ,ഉപകരണങ്ങൾ മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവയുടെ നിർമ്മാണം,വിൽപന, കൂടാതെ കർഷകർക്ക് അവരുടെ കാർഷിക വിഭവങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് ആവശ്യമായ വില ലഭിക്കുന്നതിന് കമ്പോളം കണ്ടെത്തൽ എന്നിവ **KIMPKO** യുടെ പ്രധാന ലക്ഷ്യങ്ങളാണ്.

**3. കേരള സ്റ്റേറ്റ് അഗ്രോ കോ ഓപ്പറേറ്റീവ് ക്ലിപ്തം4437 (അഗ്രീൻ കോ)**

അഗ്രീൻ കോ കണ്ണൂർ ജില്ലയിൽ 27.04.2002 ൽ രജിസ്റ്റർ ചെയ്ത് 05.05.2002 ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഫെഡറൽ സഹകരണ സംഘമാണ് ഇത്. റബ്ബർ,നാളികേരം,പച്ചക്കറി,പഴവർഗ്ഗം മുതലായവയുടെ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിന് ആധുനികവും കൂടുതൽ ഫലപ്രദവുമായ കൃഷിരീതികൾ അവലംബി ക്കുന്നതിന് അവരെ സഹായിക്കുന്നതിനുമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് ഈ സഹകരണ സംഘം . ഈ സഹകരണ സംഘം ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നില്ല.

**4. കേരള സ്റ്റേറ്റ് റബ്ബർ കോ ഓപ്പറേറ്റീവ് ലിമിറ്റഡ്(റബ്കോ)**

1997 ൽ ജൂൺ 13 ന് പ്രവർത്തനം ആരംഭിച്ച റബ്കോയുടെ പ്രവർത്തനമേഖല സ്ഥാനമൊട്ടാകെയാണ്. റബ്ബറും റബ്ബർതടിയും അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ സ്ഥാപിക്കലാണ് റബ്കോയുടെ പ്രധാന ഉദ്ദേശ്യം. വിവിധ ഗ്രേഡുകളിലും രൂപങ്ങളിലും ഉള്ള സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി ഉൾപ്പെടെയുള്ള വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പുറമെ സംസ്ഥാന സർക്കാറിന്റെ ഏജൻസിയായി വിപണി ഇടപെടൽ പ്രവർത്തനങ്ങളും റബ്കോ ചെയ്യുന്നു.

**5.കേരള സ്റ്റേറ്റ് ഡിഫ്റൻറലി ഏബിൾഡ് പേഴ്സൺസ് & പാരൻറ്സ് വെൽഫെയർ സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ4495**

കേരള സംസ്ഥാനത്തെ ഭിന്ന ശേഷിക്കാരായിട്ടുള്ളവരുടെ ക്ഷേമം മുൻ നിർത്തി അവർക്കിടയിൽ സഹകരണ മനോഭാവവും സ്വാശ്രയ ശീലവും സമ്പാദ്യ ശീലവും മിതവ്യയ ശീലവും പരിപോഷിപ്പിക്കുക,ഭിന്ന ശേഷിക്കാരുടെയും അവരുടെ മാതാപിതാക്കളുടെയും ക്ഷേമത്തിനായി പുനരധിവാസ പദ്ധതികൾ ,ചികിൽസാ സഹായ പദ്ധതികൾ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്ന പദ്ധതികൾ ,വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പദ്ധതികൾ ,ഓട്ടിസം ബാധിച്ചവർക്കായുള്ള മറ്റ് പദ്ധതികൾ തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കിക്കൊണ്ട് ഭിന്ന ശേഷിക്കാരും അവരുടെ മാതാപിതാക്കളും അംഗങ്ങളായിക്കൊണ്ട് 04/12/2017 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഡിഫ്റൻറലി ഏബിൾഡ് പേഴ്സൺസ് & പാരൻറ്സ് വെൽഫെയർ സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി . സംഘത്തിന്റെ ആസ്ഥാനം തിരുവനന്തപുരം ജില്ലയിലെ തൈക്കാട് ആണ്.

## B - ആഡിറ്റ് വിഭാഗം:

സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും നിയന്ത്രണത്തിലുള്ള സംസ്ഥാനത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും ആഡിറ്റ്, ആഡിറ്റ് വിഭാഗം നിർവ്വഹിക്കുന്നു. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലാണ് സഹകരണ ആഡിറ്റ് ഡയറക്ടർ പ്രവർത്തിക്കുന്നത്. 1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ 2000-ൽ നിലവിൽ വന്ന (ആക്ട് 1/2000) നിയമ ഭേദഗതി പ്രകാരമാണ് സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചത്. 1969 ലെ കേരള സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സംഘങ്ങളുടെയും ആഡിറ്റ് ഗുണമേന്മയോടുകൂടി യഥാസമയം പൂർത്തീകരിക്കുന്നതിന് വേണ്ടി 27/05/2008-ലെ ജി.ഒ.(എം.എസ്) 126/2008/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചു. സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 18492 സഹകരണ സംഘങ്ങളുടെ ആഡിറ്റ് ആണ് തൻവർഷം നിർവ്വഹിച്ചിട്ടുള്ളത്.

<u>സഹകരണ ആഡിറ്റ് ഡയറക്ടർമാരുടെ പേരു വിവരം</u>

1. ശ്രീ. കെ.ജി. രാജു. ഐ.എ.എസ് – 07/09/2009 മുതൽ 13/05/2013വരെ

2. ശ്രീ. വി. സനൽകുമാർ. ഐ.എ.എസ് – 22/05/2013 മുതൽ തുടരുന്നു.

# സഹകരണ ആഡിറ്റ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനവും



സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിൽ സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ടി ആഫീസിൽ സഹകരണ ആഡിറ്റ് ഡയറക്ടർ ഐ.എ.എസ് കേഡറിലെ ഒരു എക്സ് കേഡർ തസ്തികയാണ്. ഡയറക്ടറേറ്റിൽ താഴെപ്പറയും പ്രകാരം ജീവനക്കാർ സേവനമനുഷ്ഠിച്ചുവരുന്നു.

| | |
|---|---|
| അഡീഷണൽ ഡയറക്ടർ | -1 |
| ജോയിന്റ് ഡയറക്ടർ | -1 |
| ഡെപ്യൂട്ടി ഡയറക്ടർ | -1 |
| അസിസ്റ്റന്റ് ഡയറക്ടർ | -1 |
| ഡയറക്ടറുടെ പി.എ | -1 |
| ആഡിറ്റർമാർ | -8 |
| അഡീഷണൽ ഡയറക്ടറുടെ സി.എ | -1 |
| ക്ലാർക്കുമാർ | -2 |
| ഡേറ്റാഎൻട്രി ഓപ്പറേറ്റർമാർ | -2 |
| ഓഫീസ് അറ്റൻഡന്റുമാർ | -3 |
| പാർട്ട് ടൈം സ്വീപ്പർ | -1 |
| | ------------------ |
| ആകെ | **22** |

ഡ്രൈവർ തസ്തികയിൽ രണ്ടുപേർ ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്നു.

ഡയറക്ടറേറ്റിന് പുറമേ14 ജില്ലകളിലായി 64 സർക്കിൾ ആഫീസുകളുണ്ട്. ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടറും, താലൂക്ക് തലത്തിൽ അസിസ്റ്റന്റ് ഡയറക്ടറുമാണ് ആഫീസ് മേധാവികൾ.

**ജില്ലാതല ആഫീസിന്റെ ഘടന**

| | |
|---|---|
| ജോയിന്റ് ഡയറക്ടർ | –1 |
| അസിസ്റ്റന്റ് ഡയറക്ടർ | –1 |
| ആഫീസ് ആഡിറ്റർമാർ | –2 |
| ടൈപ്പിസ്റ്റ് | –1 |
| ഓഫീസ് അറ്റൻഡന്റുമാർ | –2 |
| പാർട്ട് ടൈം സ്വീപ്പർ | –1 |

**സർക്കിൾതല ആഫീസിന്റെ ഘടന**

| | |
|---|---|
| അസിസ്റ്റന്റ് ഡയറക്ടർ | –1 |
| ആഫീസ് ആഡിറ്റർ | –1 |
| ഓഫീസ് അറ്റൻഡന്റുമാർ | –1 |

**യൂണിറ്റ് / കൺകറന്റ് ആഡിറ്റർമാർ**

380 സ്ഥിരം തസ്തികകളാണ് വകുപ്പ് പുന: സംഘടനാ വേളയിൽ 25/05/1981ലെ ജി.ഒ(എം.എസ്) 191/81/എ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നത്. ഇതിൽ പല ആവശ്യങ്ങൾക്കായി 15 തസ്തികകൾ പുനർവിന്യസിച്ചിട്ടുണ്ട്. 01/08/86ലെ ജി.ഒ.(എം.എസ്) 54/86/സഹനമ്പർ ഉത്തരവ് പ്രകാരം ആഡിറ്റിന് കുടിശ്ശിക നിവാരണത്തിനായി അനുവദിച്ച 75 തസ്തികകളിൽ 3 തസ്തികകളും പുനർവിന്യസിച്ചിട്ടുണ്ട്. ഇതിനുപുറമെ നിലവിലുള്ള 437 യൂണിറ്റ് ആഡിറ്റർ തസ്തികകളുടെയും KSR 156-ാം ചട്ടപ്രകാരം നിലവിലുള്ള തസ്തികകളുടെയും ജില്ല തിരിച്ചുള്ള കണക്ക് ഉള്ളടക്കം ചെയ്യുന്നു.

**ജില്ല തിരിച്ചുള്ള ആഡിറ്റർമാരുടെ തസ്തികകകളുടെ വിവരം(31/03/18)**

| ജില്ല | യൂണിറ്റ് ആഡിറ്റർമാരുടെ തസ്തികകളുടെ എണ്ണം | കുടിശ്ശിക നിവാരണ ആഡിറ്റർമാരുടെ തസ്തികകകളുടെ എണ്ണം | കൺകറന്റ് ആഡിറ്റർമാരുടെ തസ്തികകകളുടെ എണ്ണം | മൊത്തം തസ്തികകളുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 47 | 10 | 152 | 209 |
| കൊല്ലം | 39 | 0 | 107 | 146 |
| പത്തനംതിട്ട | 17 | 3 | 88 | 108 |
| ആലപ്പുഴ | 35 | 6 | 41 | 82 |
| കോട്ടയം | 32 | 0 | 71 | 103 |
| ഇടുക്കി | 12 | 10 | 106 | 128 |
| എറണാകുളം | 37 | 0 | 27 | 64 |
| തൃശൂർ | 38 | 1 | 118 | 157 |
| പാലക്കാട് | 21 | 11 | 100 | 132 |
| മലപ്പുറം | 24 | 7 | 81 | 112 |
| കോഴിക്കോട് | 23 | 5 | 100 | 128 |
| വയനാട് | 5 | 5 | 78 | 88 |
| കണ്ണൂർ | 25 | 10 | 25 | 60 |
| കാസർഗോഡ് | 10 | 2 | 152 | 164 |
| ഹെഡ് ഓഫീസ് | 0 | 2 | 0 | 2 |
| കെ.സി.എം.എം.എഫ് | 0 | 0 | 62 | 62 |
| **ആകെ** | **365** | **72** | **1308** | 1745 |

| ജില്ല | കെ.എസ്.ആർ 156 പ്രകാരം അനുവദിച്ച തസ്തികകളുടെ വിവരം (31/03/2018) | | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | അഡീഷണൽ ഡയറക്ടർ/സമകാല ആഡിറ്റർ | ജോയിന്റ് ഡയറക്ടർ/ സമകാല ആഡിറ്റർ | ഡെപ്യൂട്ടി ഡയറക്ടർ/ സമകാല ആഡിറ്റർ | അസിസ്റ്റന്റ് ഡയറക്ടർ/സമകാല ആഡിറ്റർ | അസിസ്റ്റന്റ് ഡയറക്ടർ/ സമകാല ആഡിറ്റർ (ഹയർഗ്രേഡ്) | സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ | സിംഗിൾ സീനിയർ | സിംഗിൾ ജൂനിയർ | ഗ്രൂപ്പ് സീനിയർ | ഗ്രൂപ്പ് ജൂനിയർ | സീനിയർ അഡീഷണൽ ആഡിറ്റർ | ജൂനിയർ അഡീഷണൽ ആഡിറ്റർ | അരിയർ ആഡിറ്റർ | |
| തിരുവനന്തപുരം | **0** | **4** | **0** | **22** | **4** | **13** | **18** | **26** | **23** | **25** | **14** | **3** | **0** | **152** |
| കൊല്ലം | **0** | **1** | **1** | **4** | **0** | **10** | **16** | **0** | **25** | **41** | **0** | **0** | **10** | **107** |
| പത്തനംതിട്ട | **0** | **1** | **1** | **19** | **1** | **5** | **26** | **2** | **21** | **12** | **0** | **0** | **0** | **88** |
| ആലപ്പുഴ | **0** | **1** | **0** | **1** | **0** | **2** | **4** | **10** | **4** | **18** | **1** | **0** | **0** | **41** |
| കോട്ടയം | **0** | **1** | **0** | **4** | **0** | **4** | **5** | **6** | **22** | **27** | **2** | **0** | **0** | **71** |
| ഇടുക്കി | **0** | **1** | **0** | **17** | **3** | **13** | **16** | **5** | **24** | **25** | **0** | **2** | **0** | **106** |
| എറണാകുളം | **0** | **1** | **0** | **0** | **0** | **3** | **6** | **5** | **4** | **8** | **0** | **0** | **0** | **27** |
| തൃശ്ശൂർ | **0** | **1** | **2** | **14** | **0** | **12** | **9** | **4** | **37** | **35** | **1** | **3** | **0** | **118** |
| പാലക്കാട് | **0** | **1** | **0** | **7** | **6** | **12** | **3** | **3** | **41** | **22** | **2** | **3** | **0** | **100** |
| മലപ്പുറം | **0** | **1** | **0** | **9** | **1** | **10** | **19** | **7** | **17** | **15** | **1** | **1** | **0** | **81** |
| കോഴിക്കോട് | **0** | **1** | **0** | **12** | **5** | **13** | **12** | **1** | **27** | **14** | **9** | **6** | **0** | **100** |
| വയനാട് | **0** | **1** | **0** | **15** | **5** | **11** | **2** | **2** | **17** | **23** | **0** | **2** | **0** | **78** |
| കണ്ണൂർ | **0** | **1** | **0** | **0** | **0** | **1** | **8** | **1** | **4** | **9** | **1** | **0** | **0** | **25** |
| കാസർഗോഡ് | **0** | **1** | **1** | **23** | **1** | **22** | **7** | **4** | **42** | **50** | **0** | **1** | **0** | **152** |
| കെ.സി. എം.എം.എഫ് | **0** | **0** | **1** | **6** | **0** | **3** | **9** | **4** | **8** | **28** | **1** | **2** | **0** | **62** |
| **ആകെ** | **0** | **17** | **6** | **153** | **26** | **134** | **160** | **80** | **316** | **352** | **32** | **23** | **10** | **1308** |

**സഹകരണ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം**

1969-ലെ സഹകരണ നിയമം വകുപ്പ് 64 പ്രകാരം സഹകരണ ആഡിറ്റ് എന്നതിൽ കാലാവധി കഴിഞ്ഞ കടങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിശോധിയ്ക്കുകയും ബാക്കിയിരിപ്പു പണം, സെക്യൂരിറ്റി എന്നിവയുടെ പരിശോധനയും സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ നിർണ്ണയിക്കുകയും അപ്രകാരമുള്ള മറ്റ് ആഡിറ്റ് കാര്യങ്ങളും ഉൾപ്പെടുന്നു. സഹകരണ ആഡിറ്റ് എന്നാൽ ധനകാര്യ ആഡിറ്റ് മാത്രമല്ല ഭരണപരമായ ആഡിറ്റും ഉൾപ്പെടുന്നു. 2013-ലെ സഹകരണ നിയമഭേദഗതിയിലൂടെ സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി രേഖകകൾ തയ്യാറാക്കി സമർപ്പിക്കുന്നത് സംഘം ഭരണസമിതിയുടെ ചുമതലയാണ്.

**കമ്പ്യൂട്ടർവൽക്കരണം**

14 ജില്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർ ആഫീസുകളും 64 താലൂക്ക്തല അസിസ്റ്റന്റ് ഡയറക്ടർ ആഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്നും ലഭിക്കുന്ന പരാതികൾ ഏകീകൃത പരാതി പരിഹാര സംവിധാനമായ സി.എം.ഒ പോർട്ടലിലൂടെ കൈകാര്യം ചെയ്ത് വരുന്നു. സഹകരണ സംഘങ്ങളുടെ യൂണിറ്റ് തല ആഡിറ്റുകൾ സുഗമമാക്കുന്നതിനും ആഡിറ്റ് നോട്ടും, ആഡിറ്റ് സർട്ടിഫിക്കറ്റും ഗുണമേന്മയുള്ളതാക്കുന്നതിനും ആഡിറ്റർമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും സമയബന്ധിതമായി ആഡിറ്റ് പൂർത്തിയാക്കുന്നതിനും പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ എല്ലാ ആഡിറ്റർമാർക്കും ലാപ്പ്ടോപ്പുകൾ നൽകുകയും അത് വിജയകരമാണെന്ന് വിലയിരുത്തുകയും ചെയ്യുന്നു. ആയതിനാൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും ആഡിറ്റർമാർക്ക് ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യുക വഴി ആഡിറ്റ് ജോലികൾ ലഘൂകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുമെന്ന് കാണുന്നു.

**ആഡിറ്റ് മാന്വൽ പരിഷ്കരണം**

03/01/2008 ലെ 09/2008/സഹ നമ്പർ ഉത്തരവ് പ്രകാരം ആഡിറ്റ് മാന്വൽ പരിഷ്കരണത്തിനായി വിദഗ്ദ സമിതി രൂപീകരിച്ച് പരിഷ്കരണ നടപടികൾ പുരോഗമിച്ചുവരുകയാണ്. 1983-ൽ നടപ്പിൽവന്ന ആഡിറ്റ് മാന്വൽ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയ സഹകരണ സംരംഭങ്ങളായ വനിത, സെറികൾച്ചറൽ, ടൂറിസം, ഇൻഷുറൻസ് സംഘങ്ങൾ മുതലായവ ആഡിറ്റ് മാന്വലിന് വിധേയമാക്കുകയും പ്രമുഖ സ്ഥാപനങ്ങൾ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽകൃത കണക്കെഴുത്തും ആഡിറ്റ് വിഭാഗം ജീവനക്കാർക്കുള്ള പരിശീലനം, തുടർപരിശീലനം ഉൾപ്പെടെ ആഡിറ്റ് മാന്വലിൽ ഉൾപ്പെടുന്ന തരത്തിൽ മാന്വൽ പരിഷ്കരണം നടത്തുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിക്കുകയും ആയതിന്റെ കരട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഭരണപരമായ പ്രവർത്തനങ്ങൾ**

1969-ലെ സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളിലേയും ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട ജീവനക്കാരെ നിയോഗിക്കുകയും താലൂക്ക്/ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ആഡിറ്റിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നത് സഹകരണ ആഡിറ്റ് ഡയറക്ടറുടെ കർത്തവ്യമാണ്. ഇതിനായി ജില്ലാതല ഉദ്യോഗസ്ഥരുടെയും, താലൂക്ക്തല ഉദ്യോഗസ്ഥരുടെയും പ്രതിമാസ അവലോകനയോഗങ്ങൾ നടത്തിവരുന്നു.

വിവിധ സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ | | വിവിധ സഹകരണ സ്ഥാപനങ്ങളുടെ/ആഡിറ്റിന്റെ ഇനം |
|---|---|---|---|
| 1. | ആഡിറ്റ് അഡീഷണൽ ഡയറക്ടർ | 1. | അപ്പെക്സ് സഹകരണ സംഘങ്ങൾ |
| | | 2. | സെൻട്രൽ സഹകരണ സംഘങ്ങൾ |
| | | 3. | സഹകരണ മേഖലയിലെ ബോർഡുകൾ, സംസ്ഥാന സഹകരണ യൂണിയൻ |
| | | 4. | ഡെപ്യൂട്ടി ഡയറക്ടർ തസ്തികയ്ക്ക് മുകളിൽ വരുന്ന ഉദ്യോഗസ്ഥർ ആഡിറ്റ് ചെയ്യുന്നസംഘങ്ങൾ |
| 2. | ജില്ലാ തല ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർ (14 എണ്ണം) | 1. | ജൂനിയർ ആഡിറ്റർ തസ്തികയ്ക്ക് മുകളിൽ ഉള്ളതും ജോയിന്റ്ഡയറക്ടർ തസ്തികയ്ക്ക് താഴെയുള്ളതുമായ സമകാല ആഡിറ്റർമാർ ആഡിറ്റ് ചെയ്യുന്ന സഹകരണ സംഘങ്ങൾ. |
| | | 2. | ഫെഡറൽ സഹകരണ സംഘങ്ങൾ (സംഘം നിയമാവലി പ്രകാരം ആസ്ഥാനം ഏതു ജില്ലയിലാണോ പ്രസ്തുത ആഡിറ്റ് ജോയിന്റ് ഡയറക്ടർ) |
| | | 3. | സർക്കിൾ സഹകരണ യൂണിയൻ |
| 3. | സർക്കിൾതല ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർമാർ(64 എണ്ണം) | 1. | മേൽ സൂചിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ ഒഴികെയുള്ള എല്ലാ യൂണിറ്റ്/അരിയർ ആഡിറ്റുകളും ജൂനിയർ ആഡിറ്റർമാർ നിർവ്വഹിക്കുന്ന സമകാലീന ആഡിറ്റുകളും. |

## 2017-18 സാമ്പത്തിക വർഷത്തെ ആഡിറ്റ് പുരോഗതി

സഹകരണ സംഘം രജിസ്ട്രാറുടെയും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും ഭരണനിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആഡിറ്റ് നടത്തുന്നത് ആഡിറ്റ് ഡയറക്ടറുടെ ചുമതലയാണ്. 31/03/2018ലെ കണക്ക് പ്രകാരം 24734 സംഘങ്ങൾ നിലവിലുണ്ട്. ഇതിൽ 18387 എണ്ണം ആഡിറ്റ് ചെയ്യാവുന്നവയും 6347എണ്ണം പ്രവർത്തനരഹിതമാണ്.

31/03/2018ലെ കണക്ക് പ്രകാരം 24734 സംഘങ്ങളിലായി 125392 ആഡിറ്റുകൾ കുടിശ്ശികയായിരുന്നു. ഇതിൽ 6347 രേഖകൾ ലഭ്യമല്ലാത്ത സംഘങ്ങളിൽ 104125 ആഡിറ്റ് കുടിശ്ശികയായുണ്ട്. 18387 ആഡിറ്റ് ചെയ്യാവുന്ന സംഘങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

**ബാക്കി നിൽപുള്ള ആഡിറ്റ് ജില്ല തിരിച്ചുള്ള വിവരം.**

**2018മാർച്ച്**

| ക്രമ നം | ജില്ല | 01/04/17-ൽ ഉള്ള സംഘങ്ങൾ | 01/04/17--ൽ ഉള്ള ആഡിറ്റ് | 31/03/2018വരെ പൂർത്തിയാക്കിയ ആഡിറ്റ് | 31/03/2018വരെ നീക്കം ചെയ്ത ആഡിറ്റുകളുടെ എണ്ണം | തൻവർഷം കൂട്ടിച്ചേർത്ത ആഡിറ്റുകളുടെ എണ്ണം | ബാക്കി നിൽക്കുന്ന സംഘങ്ങളുടെ എണ്ണം | **ബാക്കി നിൽക്കുന്ന** ആഡിറ്റുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 2084 | 2699 | 1966 | 0 | 0 | 400 | 733 |
| 2 | കൊല്ലം | 1484 | 1484 | 1477 | 7 | 0 | 0 | 0 |
| 3 | പത്തനംതിട്ട | 632 | 637 | 624 | 12 | 0 | 1 | 1 |
| 4 | ആലപ്പുഴ | 1346 | 1377 | 1286 | 80 | 0 | 7 | 11 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | കോട്ടയം | 1104 | 1107 | 1097 | 0 | 0 | 8 | 10 |
| 6 | ഇടുക്കി | 606 | 606 | 605 | 1 | 0 | 0 | 0 |
| 7 | എറണാകുളം | 1346 | 1351 | 1337 | 9 | 0 | 1 | 5 |
| 8 | തൃശൂർ | 1329 | 1677 | 1348 | 211 | 0 | 58 | 118 |
| 9 | പാലക്കാട് | 988 | 988 | 960 | 28 | 0 | 0 | 0 |
| 10 | മലപ്പുറം | 1123 | 1132 | 1110 | 15 | 0 | 5 | 7 |
| 11 | കോഴിക്കോട് | 1281 | 1284 | 1264 | 17 | 0 | 1 | 3 |
| 12 | വയനാട് | 272 | 273 | 273 | 0 | 0 | 0 | 0 |
| 13 | കണ്ണൂർ | 1559 | 1559 | 1539 | 20 | 0 | 0 | 0 |
| 14 | കാസർകോട് | 612 | 612 | 608 | 4 | 0 | 0 | 0 |
| 15 | ആപ്ക്കോസ് | 2585 | 4432 | 2962 | 0 | 22 | 773 | 1492 |
| 16 | അപ്പക്സ് | 19 | 32 | 19 | 0 | 1 | 5 | 14 |
| 17 | സെൻട്രൽ സംഘം | 17 | 17 | 17 | 0 | 0 | 0 | 0 |
| **ആകെ** | | **18387** | 21267 | 18492 | 404 | 23 | 1259 | 2394 |

## ആഡിറ്റബിൾ സംഘങ്ങളുടെ വകുപ്പ് തിരിച്ചുള്ള നിലവിലുള്ള സ്ഥിതി

| ക്രമ നം | വകുപ്പ് | സംഘങ്ങൾ | ആകെ ആഡിറ്റ് | 31/03/2018 വരെ നീക്കം ചെയ്ത ആഡിറ്റുകൾ | 31/03/2018വരെ പൂർത്തിയാക്കിയ ആഡിറ്റുകൾ | ബാക്കി നിൽപ്പ് | |
|---|---|---|---|---|---|---|---|
| | | | | | | ആകെ സംഘങ്ങൾ | ആകെ ആഡിറ്റ് |
| 1 | സഹകരണ വകുപ്പ് | 12608 | 13235 | 124 | 12489 | 337 | 622 |
| 2 | കൈത്തറി | 516 | 563 | 9 | 469 | 58 | 85 |
| 3 | കയർ | 699 | 717 | 37 | 657 | 17 | 23 |
| 4 | ഖാദി & വില്ലേജ് | 558 | 585 | 44 | 528 | 11 | 13 |
| 5 | മറ്റ് വ്യവസായം | 717 | 798 | 83 | 661 | 24 | 54 |
| 6 | ക്ഷീരം | 273 | 368 | 73 | 265 | 12 | 30 |
| 7 | ഫിഷറീസ് | 395 | 520 | 34 | 425 | 22 | 61 |
| 8 | ആപ്കോസ് | 2585 | 4432 | 0 | 2962 | 773 | 1492 |
| 9 | അപ്പെക്സ് | 19 | 32 | 0 | 19 | 5 | 14 |
| 10 | സെൻട്രൽ സംഘം | 17 | 17 | 17 | 0 | 0 | 0 |
| **ആകെ** | | **18387** | **21267** | **421** | **18475** | **1259** | **2394** |

**ആപ്ക്കോസ് ആഡിറ്റ്.**

2018മാർച്ച്

**മാസാവസാനം ബാക്കി നിൽപ്.**

| ക്രമ നമ്പർ | സ്ഥാപനം | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | ആപ്ക്കോസ് തിരുവനന്തപുരം യൂണിയൻ | 19 | 13 | 25 | 46 | 77 | 102 | 155 | 437 |
| 2 | ആപ്ക്കോസ് എറണാകുളം | | | 0 | 16 | 28 | 61 | 230 | 335 |
| 3 | ആപ്ക്കോസ് മലബാർ | 0 | 2 | 12 | 50 | 97 | 171 | 388 | 720 |
| | ആകെ | 19 | 15 | 37 | 112 | 202 | 334 | 773 | 1492 |
| 4 | മിൽമ | | | | | | | 0 | 0 |
| 5 | തിരുവനന്തപുരം യൂണിയൻ | | | | | | | 0 | 0 |
| 6 | എറണാകുളം യൂണിയൻ | | | | | | | | 0 |
| 7 | മലബാർ യൂണിയൻ | | | | | | | 0 | 0 |
| | ആകെ | **19** | **15** | **37** | **112** | **202** | **334** | **773** | **1492** |

**ബാക്കി നിൽപുള്ള ആർ.എൻ.എ ആഡിറ്റ് ജില്ല തിരിച്ചുള്ള വിവരം.**

**2018** മാർച്ച്

| ജില്ല | ആർ.എൻ.എ | | | | | |
|---|---|---|---|---|---|---|
| | വർഷാരംഭത്തിലു ണ്ടായിരുന്ന സംഘങ്ങളുടെ എണ്ണം | വർഷാരംഭത്തിൽ പൂർത്തി യാക്കുവാനു ണ്ടായിരുന്ന ആഡിറ്റുകളുടെ എണ്ണം | പൂർത്തിയാക്കിയ ആഡിറ്റ് | തൻവർഷം നീക്കം ചെയ്ത ആഡിറ്റുകളുടെ എണ്ണം | തൻവർഷം കൂട്ടിച്ചേർത്ത ആഡിറ്റുകളുടെ എണ്ണം | ബാക്കി നിൽക്കുന്ന ആഡിറ്റ് |
| തിരുവനന്തപുരം | 1108 | 8535 | 0 | 0 | 0 | 8535 |
| കൊല്ലം | 529 | 10773 | 19 | 0 | 7 | 10761 |
| പത്തനംതിട്ട | 166 | 3490 | 22 | 0 | 12 | 3480 |
| ആലപ്പുഴ | 548 | 10832 | 315 | 0 | 80 | 10597 |
| കോട്ടയം | 492 | 10072 | 36 | 0 | 0 | 10036 |
| ഇടുക്കി | 328 | 6172 | 0 | 0 | 1 | 6173 |

| | | | | | | |
|---|---|---|---|---|---|---|
| എറണാകുളം | 546 | 11278 | 12 | 0 | 9 | 11275 |
| തൃശൂർ | 596 | 10971 | 18 | 0 | 211 | 11164 |
| പാലക്കാട് | 248 | 5066 | 0 | 0 | 28 | 5094 |
| മലപ്പുറം | 308 | 4854 | 0 | 0 | 13 | 4867 |
| കോഴിക്കോട് | 262 | 3816 | 0 | 0 | 17 | 3833 |
| വയനാട് | 205 | 4214 | 0 | 0 | 0 | 4214 |
| കണ്ണൂർ | 417 | 6763 | 0 | 0 | 20 | 6783 |
| കാസർകോട് | 146 | 2274 | 58 | 0 | 4 | 2220 |
| ആപ്ക്കോസ് | 448 | 5369 | 254 | 22 | 0 | 5093 |
| **ആകെ** | **6347** | **104479** | **734** | **22** | **402** | **104125** |

## അപ്പെക്സ് സംഘങ്ങളുടെ ആഡിറ്റ് വിവരം

| ക്രമ നം | അപ്പെക്സ് സ്ഥാപനങ്ങളുടെ പേര് വിവരം | ഭരണനിയന്ത്രണം | ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയത് |
|---|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക് | സഹകരണ വകുപ്പ് | 2016-17 |
| 2 | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | സഹകരണ വകുപ്പ് | 2016-17 |
| 3 | കൺസ്യൂമർഫെഡ് | സഹകരണ വകുപ്പ് | 2011-12 |
| 4 | ഹൗസ്ഫെഡ് | സഹകരണ വകുപ്പ് | 2016-17 |
| 5 | മാർക്കറ്റ്ഫെഡ് | സഹകരണ വകുപ്പ് | 2016-17 |
| 6 | റബ്ബർ മാർക്ക് | സഹകരണ വകുപ്പ് | 2016-17 |
| 7 | കേരഫെഡ് | സഹകരണ വകുപ്പ് | 2015-16 |
| 8 | പട്ടികജാതി/പട്ടിക വർഗ്ഗ ഫെഡറേഷൻ | സഹകരണ വകുപ്പ് | 2012-13 |
| 9 | ഹോസ്പിറ്റൽ ഫെഡ് | സഹകരണ വകുപ്പ് | 2016-17 |
| 10 | വനിതാഫെഡ് | സഹകരണ വകുപ്പ് | 2016-17 |
| 11 | ടൂർഫെഡ് | സഹകരണ വകുപ്പ് | 2015-16 |
| 12 | മത്സ്യഫെഡ് | ഫിഷറീസ് വകുപ്പ് | 2016-17 |
| 13 | കേരള സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ | ഡയറി വകുപ്പ് | 2016-17 |
| 14 | ഹാൻ്റക്സ് | വ്യവസായ വകുപ്പ് | 2016-17 |
| 15 | കയർഫെഡ് | വ്യവസായ വകുപ്പ് | 2015-16 |
| 16 | ടെക്സ്ഫെഡ് | വ്യവസായ വകുപ്പ് | 2016-17 |
| 17 | സുരഭി | വ്യവസായ വകുപ്പ് | 2016-17 |
| 18 | റൂബ്രോണിക്സ് | വ്യവസായ വകുപ്പ് | 2014-15 |
| 19 | ലേബർഫെഡ് | സഹകരണ വകുപ്പ് | 2014-15 |

## സഹകരണ വകുപ്പിലെ ആഡിറ്റർമാർക്ക് നൽകിയിട്ടുള്ള പരിശീലന പരിപാടികൾ

സഹകരണ വകുപ്പിലെ ആഡിറ്റിന്റെ കൃത്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനും ആഡിറ്റർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഭരണ നിർവ്വഹണ ആഡിറ്റ്, കോസ്റ്റ് ആഡിറ്റ്, മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, നൈപുണ്യ വികസനം, കമ്പ്യൂട്ടർ വൽകൃത ആഡിറ്റ് തുടങ്ങിയ മേഖലകളിൽ സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം നിരവധി പരിശീലന പരിപാടികൾ അഗ്രിക്കൽച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇൻസ്റ്റിറ്റ്യൂട്ട് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (തിരുവനന്തപുരം, കണ്ണൂർ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (തിരുവനന്തപുരം) തുടങ്ങിയ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു. 2017-18സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലായി 164 ആഡിറ്റർമാർക്ക് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. ഈ പരിശീലനം ആഡിറ്റർമാർക്ക് വളരെ ഗുണകരമായിരുന്നു.

## ധനവരവ് വിവരം

കേരള സർവ്വീസ് റൂൾ പാർട്ട് 1 ചട്ടം 156 പ്രകാരം സഹകരണ ആഡിറ്റ് വിഭാഗത്തിൽ സമകാല ആഡിറ്റർമാരുടെ സേവനം വിട്ടുകൊടുക്കുന്നതിന് വേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ ആഡിറ്റ് കോസ്റ്റ്, അവധി വേതനം & പെൻഷൻ വിഹിതം എന്നീ ഇനത്തിൽ സഹകരണ സ്ഥാപനങ്ങൾ ഒടുക്കിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആഡിറ്റ് കോസ്റ്റ്, അവധി വേതനം & പെൻഷൻ വിഹിതം 2017-18 | | | |
|---|---|---|---|
| ക്രമ നം | മാസം | ആഡിറ്റ് കോസ്റ്റ് | അവധി വേതനം & പെൻഷൻ വിഹിതം |
| 1 | **ഏപ്രിൽ 2017** | 102875491 | 46323127 |
| 2 | **മേയ് 2017** | 114307454 | 52532241 |
| 3 | **ജൂൺ 2017** | 80197156 | 28561399 |
| 4 | **ജൂലൈ 2017** | 82746800 | 25249515 |
| 5 | **ആഗസ്റ്റ് 2017** | 86909857 | 20630733 |
| 6 | **സെപ്റ്റംബർ 2017** | 68664903 | 17425194 |
| 7 | **ഒക്ടോബർ 2017** | 91032892 | 22818846 |
| 8 | **നവംബർ 2017** | 76708802 | 18309721 |
| 9 | **ഡിസംബർ 2017** | 69747602 | 17028740 |
| 10 | **ജനുവരി 2018** | 85652342 | 20140566 |
| 11 | **ഫെബ്രുവരി 2018** | 82631196 | 18053352 |
| 12 | **മാർച്ച് 2018** | 77840500 | 19264379 |
| **ആകെ** | | **1019314995** | **306337813** |
| **ആകെ മൊത്തം** | | **1325652808** | |

# വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ

## I.സഹകരണ വിജിലൻസ്

കേരള സർക്കാറിന്റെ 02.02.2008 ലെ 41/08 ാം നമ്പർ ഉത്തരവും ബഹു.സഹകരണ സംഘം രജിസ്ട്രാർ അവർകളുടെ 12.05.2008 ലെ 32/08 നമ്പർ സർക്കുലറും പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ കേരള സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം സഹകരണ വിജിലൻസ് വിഭാഗം 2008 മുതൽ പ്രവർത്തനം ആരംഭിച്ചു. കേരള സംസ്ഥാനം മുഴുവൻ അധികാര പരിധിയോട് കൂടി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഡി.ഐ.ജി) റാങ്കിലുള്ള ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമിച്ചു കൊണ്ട് തിരുവനന്തപുരം ആസ്ഥാനമായി സഹകരണ വിജിലൻസ് ആഫീസും വിജിലൻസ് ഓഫീസറുടെ കീഴിൽ ഓരോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട,ആലപ്പുഴ ജില്ലകൾ അധികാര പരിധിയായി ആലപ്പുഴ ദക്ഷിണ മേഖല ആഫീസും പാലക്കാട്,ഇടുക്കി,കോട്ടയം,എറണാകുളം,തൃശൂർ എന്നീ ജില്ലകൾ പ്രവർത്തന പരിധിയായി തൃശൂർ മധ്യ മേഖലാ ആഫീസും മലപ്പുറം,കോഴിക്കോട്,വയനാട്,കണ്ണൂർ,കാസർഗോഡ് എന്നീ ജില്ലകൾ പ്രവർത്തന പരിധിയായി കണ്ണൂർ ഉത്തര മേഖലാ ആഫീസുമായി മൊത്തം **3** മേഖലാ ആഫീസുകൾ പ്രവർത്തിച്ചു വരുന്നു.

### മാനവ വിഭവം

സഹകരണ വിജിലൻസ് ഓഫീസിലും മേഖലാ ആഫീസുകളിലുമായി ചുവടെ പറയുന്ന തസ്തികകൾ ഉണ്ട്.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | ജീവനക്കാർ ഉള്ളത് | ഒഴിവ് |
|---|---|---|---|---|
| 1 | ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ഡി.ഐ.ജി) | 1 | 0 | 1 |
| 2 | ജോയിന്റ് രജിസ്ട്രാർ | 1 | 1 | 0 |
| 3 | ഡെപ്യൂട്ടി രജിസ്ട്രാർ | 3 | 3 | 0 |
| 4 | ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ (ഡി.വൈ.എസ്.പി) | 3 | 0 | 3 |
| 5 | ഇൻസ്പെക്ടർ ഓഫ് പോലീസ് | 3 | 1 | 2 |
| 6 | കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ | 8 | 7 | 1 |
| 7 | സിവിൽ പോലീസ് ഓഫീസർ | 12 | 0 | 12 |
| 8 | ഓഫീസ് അറ്റൻഡന്റ് | 8 | 7 | 1 |
| | ആകെ | 39 | 19 | 20 |

**2017-18** വർഷത്തിൽ 4 ഡ്രൈവർമാർ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

നിയമനം - ആഫീസ് അറ്റൻഡന്റ് - 2

വിരമിക്കൽ - ജോയിന്റ് രജിസ്ട്രാർ - 2 , ഡെപ്യൂട്ടി രജിസ്ട്രാർ - 2

പരിശീലനം - ഐ.എം.ജി തിരുവനന്തപുരത്ത് വെച്ച് ഇന്റേണൽ വിജിലൻസ് ആഫീസർമാർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാമിൽ 1 ഡെപ്യൂട്ടി രജിസ്ട്രാറും ഐ.സി.എം കണ്ണൂരിൽ വെച്ച് ഇന്റേണൽ വിജിലൻസ്

എന്ന വിഷയത്തിൽ നടന്ന പരിശീലന പരിപാടിയിൽ **4** സഹകരണ ഇൻസ്പെക്ടർമാരും വി.ഐ.സി.ബി ഡയറക്ടറേറ്റിൽ My Vision- corruption free India എന്ന വിഷയത്തിൽ നടന്ന വർക്ക് ഷോപ്പിൽ ജോയിന്റ് രജിസ്ട്രാർ വിജിലൻസും പങ്കെടുത്തു.

## പ്രവർത്തനം

ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ പണാപഹരണം,സാമ്പത്തിക ക്രമക്കേടുകൾ ,അഴിമതികൾ,മറ്റ് ഗുരുതരമായ ക്രമക്കേടുകൾ എന്നിവയിൻമേൽ സഹകരണ സംഘം രജിസ്ട്രാർ നിർദേശിക്കുന്ന പരാതിയിൻമേൽ ഡി.വൈ.എസ്.പി/പോലീസ് ഇൻസ്പെക്ടർ എന്നിവർ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ സഹകരണ വിജിലൻസ് ആഫീസറുടെ ശുപാർശയോട് കൂടി രജിസ്ട്രാർക്ക് സമർപ്പിക്കുന്നു. ഭരണപരമായ കാര്യങ്ങൾ ആസ്ഥാന ആഫീസിൽ ജോയിന്റ് രജിസ്ട്രാറും മേഖലാ ആഫീസുകളിൽ ഡെപ്യൂട്ടി രജിസ്ട്രാർമാരും കൈകാര്യം ചെയ്തു വരുന്നു. 2017-18 വർഷം 56 കേസുകൾ അന്വേഷണത്തിനായി ലഭിച്ചിട്ടുണ്ട്. 2017-18 വർഷത്തെ ഇൻസ്പെക്ഷൻ റിപ്പോർട്ട് **3** മേഖലാ ആഫീസുകളും സമർപ്പിച്ചിട്ടുണ്ട്.

## സാമ്പത്തികം

2017-18 **സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷനും ചെലവ് വിവരങ്ങളും താഴെ പറയുന്ന പ്രകാരമാണ്(നോൺ പ്ലാൻ)**

| ശീർഷകം | **ഇനം** | **പ്രൊവിഷൻ** | ചെലവ് |
|---|---|---|---|
| **2425-00001-89** | അടിസ്ഥാന ശമ്പളം | 15916000 | 14578271 |
| | ഡി.എ | 2580000 | 68183 |
| | എച്ച്.ആർ.എ | 1071000 | 473571 |
| | എം.ആർ | 30000 | 17556 |
| | മറ്റ് അലവൻസുകൾ | 578000 | 419281 |
| | വേജസ് | 1349000 | 758565 |
| | ടൂർ റ്റി.എ | 227000 | 183025 |
| | ട്രാൻസ്ഫർ റ്റി.എ | 42000 | 5050 |
| | **എൽ.റ്റി.സി** | 67000 | 66544 |
| | **വെള്ളം** | 10000 | - |
| | **വൈദ്യുതി** | 200000 | 20000 |
| | **ടെലഫോൺ** | 110000 | 31092 |
| | **മറ്റുള്ളവ** | 190000 | 107542 |
| | **വാടക** | 1000 | - |
| | **വാഹനം-റിപ്പയർ & മെയിന്റനൻസ്** | 31000 | 30514 |
| | **മറ്റുള്ളവ** | 100000 | - |
| | **പി.ഒ.എൽ** | 325000 | 179155 |

## വിവരാവകാശ നിയമം

സഹകരണ വിജിലൻസ് മേഖലാ ആഫീസുകളിലെ ഡെപ്യൂട്ടി രജിസ്ട്രാർമാർ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരായും സഹകരണ വിജിലൻസ് ആസ്ഥാന ആഫീസിലെ ജോയിന്റ് രജിസ്ട്രാർ പബ്ലിക് ഇൻഫർമേഷൻ ആഫീസറായും സഹകരണ വിജിലൻസ് ആഫീസർ അപ്പീൽ അധികാരിയായും പ്രവർത്തിക്കുന്നു. 2017-18 വർഷത്തിൽ ആകെ ലഭിച്ച 12 വിവരാവകാശ അപേക്ഷകൾക്ക് യഥാസമയം മറുപടി നൽകിയിട്ടുണ്ട്.

**മറ്റുള്ളവ**

എല്ലാ ഫയലുകളും മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നത്. പീരിയോഡിക്കലുകൾ,പ്രോഗ്രസ്സ് റിപ്പോർട്ടുകൾ ,മറ്റ് സ്റ്റേറ്റ്മെന്റുകൾ ,എന്നിവ തയ്യാറാക്കുന്നതിന് കമ്പ്യൂട്ടർ ഉപയോഗിച്ച് വരുന്നു.തൻവർഷം തൃശൂർ കാര്യാലയത്തിന് പുതിയ കമ്പ്യൂട്ടറും ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങുന്നതിലേക്കായി 56100 രൂപ അനുവദിച്ചിട്ടുള്ളതും ആയത് വിനിയോഗിച്ചിട്ടുള്ളതുമാണ്.

## II. സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മിഷൻ

സംസ്ഥാനത്തെ വായ്പ, ഫെഡറൽ, സെൻട്രൽ, അപ്പെക്സ് സഹകരണ സംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പിന്റെ മേൽനോട്ടം നിയന്ത്രണം, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ ചുമതലപ്പെടുത്തി ക്കൊണ്ട് 2001-ൽ സർക്കാർ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചു. ആയതിലേക്കു ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന മുഖ്യ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണറായി ഗവൺമെന്റ് നിയമിച്ചു.

| ജീവനക്കാർ | പ്രാരംഭം മുതൽ 31.03.2017 വരെ ചേർന്നത് | 2017-18 വർഷം ചേർന്നത | ആകെ | പിരിഞ്ഞ് പോയവർ | മരണപ്പെട്ടവർ | 31.03.2018 ന് നിലവിലുള്ളവർ |
|---|---|---|---|---|---|---|
| സ്ഥിരം ജീവനക്കാർ | 72852 | 5460 | 78312 | 24821 | 1881 | 63455 |
| കമ്മീഷൻ ഏജന്റുമാർ | 11167 | 678 | 11845 | | | |
| ആകെ | 84019 | 6138 | 90157 | 24821 | 1881 | 63455 |

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്ന **5061** സംഘങ്ങളും ഇതര വകുപ്പുകളുടെ നിയന്ത്രണത്തിൽ വരുന്ന 2265 സംഘങ്ങളും ഉൾപ്പെടെ ആകെ 7326 അംഗ സംഘങ്ങളിൽ നിന്നാണ് ജീവനക്കാർ ചേർന്നിട്ടുള്ളത്.

വെൽഫെയർ ബോർഡിൽ 2017-18 വർഷം അംഗങ്ങളായ സ്ഥിരം ജീവനക്കാർ 5460 പേരും കമ്മീഷൻ ഏജന്റുമാർ 678 പേരും ഉൾപ്പെടെ ആകെ 6138 പേർ പുതുതായി അംഗങ്ങളായി ചേർന്നിട്ടുണ്ട്. 31.03.2018 വരെ സ്ഥിരം ജീവനക്കാരും കമ്മീഷൻ ഏജന്റുമാരും കൂടി ആകെ 90157 ജീവനക്കാർ അംഗങ്ങളായി ചേർന്നിട്ടുള്ളതിൽ 24821 പേർ സർവ്വീസിൽ നിന്ന് പിരിഞ്ഞു. 1881 പേർ സർവ്വീസിലിരിക്കെ മരണപ്പെട്ടു. ബാക്കി 63455 പേർ നിലവിൽ അംഗങ്ങളായി തുടരുന്നു.

**ബോർഡിന്റെ ക്ഷേമ പ്രവർത്തനങ്ങൾ**

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ നോമിനിക്ക് മരണാനന്തര ധനസഹായം,ജീവനക്കാർക്കും ജീവനക്കാരുടെ ആശ്രിതർക്കും ചികിത്സാ ധനസ ഹായം,സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ വെൽഫെയർ ബോർഡിൽ അടച്ച ക്ഷേമ ബോർഡ് വിഹിതവും 10 ശതമാനം ഇൻസെന്റീവും അംഗങ്ങളുടെ മക്കളിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നു.

വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം സ്ഥിരം ജീവനക്കാർക്കും കമ്മീഷൻ ഏജന്റുമാർക്കും നൽകി വരുന്ന ആനുകൂല്യങ്ങൾ വ്യത്യസ്തമായിരുന്നു.രണ്ട് വിഭാഗത്തിൽപ്പെട്ട ജീവനക്കാരും വെൽഫെയർ ബോർഡിൽ അടക്കുന്ന വിഹിതം ഒരേ തുകയാണെങ്കിലും റഗുലർ ജീവനക്കാരെ അപേക്ഷിച്ച് കമ്മീ ഷൻ ഏജന്റുമാർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ വളരെ കുറവായിരുന്നു.സർക്കാറിന്റെ 15.1.2013 ലെ ഉത്തരവ് പ്രകാരം പ്രസ്തുത അന്തരം ഇല്ലാതാക്കി ടി രണ്ട് വിഭാഗങ്ങൾക്ക് തുല്യ ആനുകൂല്യങ്ങൾ നൽകി വരുന്നു.

**മരണാനന്തര സഹായം**

സർവ്വീസിലിരിക്കെ മരണമടയുന്ന സ്ഥിരം ജീവനക്കാരന്റെയും കമ്മീഷൻ ഏജന്റിന്റെയും നോമി നിക്ക് 04.08.2017 മുതൽ 250,000 രൂപ നൽകുന്നു.

**ചികിത്സാ ധനസഹായം**

ക്യാൻസർ ചികിത്സ ,ഹൃദയ ശസ്ത്രക്രിയ ,വൃക്ക മാറ്റി വെക്കൽ ശസ്ത്രക്രിയ, വൃക്ക നീക്കം ചെയ്യൽ ശസ്ത്രക്രിയ,കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയ, കരൾ ശസ്ത്രക്രിയ,മജ്ജ മാറ്റി വെക്കൽ ശസ്ത്രക്രിയ,കണ്ണ് മാറ്റി വെക്കൽ ശസ്ത്രക്രിയ എന്നിവക്ക് ചികിത്സാ ധനസഹായമായി വെൽഫെയർ ബോർഡ് അംഗങ്ങളായ സ്ഥിരം ജീവനക്കാർക്കും കമ്മീഷൻ ഏജന്റുമാർക്കും 125000 രൂപ നൽകുന്നു. കാഴ്ച ശക്തി നഷ്ടപ്പെടുക,ത ളർവാതം പിടി പെട്ട് ജോലി ചെയ്യാൻ കഴിയാതാവുക,അപകടം മൂലം 40 ശതമാനം അംഗവൈകല്യം വരിക,ബ്രെ യിൻ ട്യൂമർ,എപ്പിലെപ്സി, മെനിഞ്ചൈറ്റിസ്, തലച്ചോറിനെയും സുഷുംനാ കാണ്ഡത്തെയും ബാധിക്കുന്ന മാരക രോഗങ്ങൾ എന്നിവക്ക് ചികിത്സാ ധനസഹായമായി സ്ഥിരം ജീവനക്കാർക്കും കമ്മീഷൻ ഏജന്റുമാർക്കും 75,000 രൂപയും ആശ്രിതർക്കുള്ള ചികിത്സാ ധനസഹായമായി 40000 രൂപയും നൽകുന്നു.മേൽ പറഞ്ഞ രണ്ട് വിഭാഗത്തിൽ പെടുന്ന ചികിത്സകൾക്ക് പുറമെ ഹൃദയ സംബന്ധമായ അസുഖം (ഹൃദയ ശസ്ത്ര ക്രിയ ഒഴികെ) , യൂട്രസ് റിമൂവൽ,തൈറോയിഡ് ഓപ്പറേഷൻ,ലിവർ സിറോസിസ്, കിഡ്നി സംബന്ധമായ ചികിത്സ (കിഡ്നി മാറ്റി വെക്കൽ ശസ്ത്രക്രിയ ഒഴികെ) ഹെർണിയ ഓപ്പറേഷൻ എന്നിവക്ക് അംഗങ്ങൾക്ക് മാത്ര മായി 25000 രൂപയും ആസ്തമ,ക്ഷയരോഗം ,ചിക്കൻ ഗുനിയ,ഡെങ്കിപ്പനി,എലിപ്പനി എന്നിവക്ക് 15000 രൂപയും നൽകി വരുന്നു.

**സർവ്വീസിൽ നിന്നും പിരിഞ്ഞു പോകുന്ന അവസരത്തിൽ നൽകുന്ന തുക**

സർവ്വീസിൽ നിന്നും വിരമിക്കുകയോ ജോലി രാജി വെച്ച് പോവുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ അടച്ച തുകയും സംഘത്തിന്റെ വിഹിതവും ഉൾപ്പെടെയുള്ള തുക തിരികെ നൽകുന്നു.04.08.2017 മുതൽ പ്രസ്തുത തുകക്ക് 10 % ഇൻസെന്റീവ് കൂടി നൽകുന്നു.

**ക്യാഷ് അവാർഡ്**

വെൽഫെയർ ബോർഡിലെ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ SSLC,PLUS 2 (CBSE,ICSE,ISE) എന്നീ സിലബസുകൾ ഉൾപ്പെടെ)VHSE,HDC & BM, JDCl പരീക്ഷകളിൽ പ്രശസ്ത വിജയം നേടുന്ന വർക്ക് 10,000 രൂപ വീതം ക്യാഷ് അവാർഡുകൾ നൽകുന്നു.കൂടാതെ 2013-14 അദ്ധ്യയന വർഷം മുതൽ ബി. ടെക്, എം.ടെക്, ബി.എസ്.സി നഴ്സിംഗ് എന്നീ കോഴ്സുകൾക്ക് ജില്ലാ തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കര സ്ഥമാക്കിയവർക്ക് 15,000 രൂപയും MBBS,BDS,BAMS,BHMS,MS,MD,MDS, കോഴ്സുകൾക്ക് ജില്ലാ തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയവർക്ക് 25,000 രൂപയും സെക്കന്ററി,ഹയർ സെക്കന്ററി സ്കൂൾ സംസ്ഥാനതല സ്കൂൾ യുവജനോൽസവത്തിൽ എ ഗ്രേഡ് ലഭിക്കുന്നവർക്ക് 5000 രൂപ വീതവും ക്യാഷ് അവാർഡ് നൽകാൻ തീരുമാനിച്ചു.കായികരംഗത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് സംസ്ഥാന തലത്തിലും ദേശീയ

തലത്തിലും കോളേജ് വിദ്യാർത്ഥികൾക്ക് ഇന്റർ യൂണിവേഴ്സിറ്റി തലത്തിലും മികവ് പുലർത്തുന്നവർക്ക് 5000 രൂപ യുടെ ക്യാഷ് അവാർഡ് പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ നിന്നും 01.04.2017 മുതൽ 31.03.2018 വരെ നൽകിയ ധനസഹായങ്ങൾ ,അംഗങ്ങളിൽ നിന്നും സംഘം കോണ്ട്രിബ്യൂഷൻ ഉൾപ്പെടെയുള്ള ആകെ വരവ് (ക്ഷേമ ബോർഡ് വിഹിതം )എന്നിവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| മരണാനന്തര ധനസഹായം | | ചികിൽസാ ധനസഹായം | | പിരിഞ്ഞുപോയവർക്ക് തിരികെ നൽകിയ തുക | | | ക്യാഷ് അവാർഡ് | | ആകെ ചെലവ് | ക്ഷേമബോർഡ് വിഹിതം |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക | എണ്ണം | അടച്ച തുക | ഇൻസെന്റീവ് | എണ്ണം | തുക | | |
| 83 | 13550000 | 408 | 18280442 | 1921 | 42822054 | 2397870 | 1218 | 12112000 | 89162366 | 153529180 |

കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ് പ്രാരംഭം മുതൽ 31.03.2018 വരെ ആകെ നൽകിയ ധനസഹായം ,അംഗങ്ങളിൽ നിന്നും സംഘം കോണ്ട്രിബ്യൂഷൻ ഉൾപ്പെടെയുള്ള ആകെ വരവ് (ക്ഷേമ ബോർഡ് വിഹിതം )നിക്ഷേപങ്ങൾ എന്നിവസംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| മരണാനന്തര ധനസഹായം | | ചികിൽസാ ധന സഹായം | | പിരിഞ്ഞുപോയവർക്ക് തിരികെ നൽകിയ തുക | | | ക്യാഷ് അവാർഡ് | | ആകെ ചെലവ് | ക്ഷേമ ബോർഡ് വിഹിതം(വരവ്) |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക | എണ്ണം | അടച്ച തുക | ഇൻസെന്റീവ | എണ്ണ | തുക | | |
| 1881 | 144941000 | 2817 | 99144942 | 24821 | 287063573.76 | 6897008 | 4974 | 45169250 | 583215773.76 | 1262919142.5 |

| നിക്ഷേപങ്ങൾ 31.03.2018 ൽ | | |
|---|---|---|
| സ്ഥിര നിക്ഷേപം | എസ്.ബി അക്കൗണ്ട് ബാലൻസ് | ആകെ |
| 1461220219 | 20160491.6 | 1481380710.6 |

കൂടാതെ പരിയാരം മെഡിക്കൽ കോളേജിൽ 1,00,00,000 രൂപ (ഒരു കോടി രൂപ മാത്രം) ഓഹരി നിക്ഷേപവും സഹകരണ ഭവൻ കെട്ടിട നിർമ്മാണത്തിനായി വെൽഫെയർ ബോർഡിൽ നിന്നും 15000000 രൂപ (ഒന്നര കോടി രൂപ മാത്രം) നൽകിയിട്ടുണ്ട്.

**ഓഡിറ്റ്**

കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് 2016-17 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. ടി. ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 31.03.2017 ൽ നിൽക്കുന്ന വെൽഫെയർ ബോർഡിന്റെ ചെലവിൽ അധികരിച്ച വരവ് 45,73,93,482.61 രൂപയാണ്. 2017-18 വർഷത്തെ ഓഡിറ്റ് നടന്നു വരുന്നു.

**ഓഫീസ് പ്രവർത്തനം**

കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ ആസ്ഥാന ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു.അതിന് പുറമെ 4 റീജിയണൽ ആഫീസുകളും പ്രവർത്തിക്കുന്നു.കാസറഗോഡ്,

കണ്ണൂർ,വയനാട്,കോഴിക്കോട് എന്നീ 4 ജില്ലകൾ ഉൾപ്പെടുത്തി 2006 മാർച്ച് മാസം മുതൻ കണ്ണൂർ ആസ്ഥാനമാക്കിയും എറണാകുളം ,കോട്ടയം,ഇടുക്കി എന്നീ 3 ജില്ലകൾ ഉൾപ്പെടുത്തി 2011 മാർച്ച് ഒന്ന് മുതൽ എറണാകുളം ആസ്ഥാനമാക്കിയും തിരുവനന്തപുരം ,കൊല്ലം,പത്തനംതിട്ട,ആലപ്പുഴ എന്നീ ജില്ലകൾ ഉൾപ്പെടുന്ന തിരുവനന്തപുരം റീജിയണൽ ആഫീസ് 28.01.2013 മുതൽ തിരുവനന്തപുരം ഹെഡ് ആഫീസിലും കൂടാതെ തൃശൂർ,പാലക്കാട്,മലപ്പുറം ജില്ലകൾ ഉൾപ്പെടുത്തി തൃശൂർ റീജിയണൽ ആഫീസ് 25.11.2013 മുതൽ പ്രവർത്തിക്കുന്നുണ്ട്. റീജിയണൽ ആഫീസുകളുടെ ചുമതല സീനിയർ സൂപ്രണ്ട് / റീജിയണൽ മാനേജർമാർക്കാണ്. സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു അഡീഷണൽ രജിസ്ട്രാർ ക്ഷേമ ബോർഡിൽ സെക്രട്ടറി ട്രഷറായി ജോലി നോക്കി വരുന്നു. കൂടാതെ സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു അസിസ്റ്റന്റ് രജിസ്ട്രാർ ക്ഷേമ ബോർഡിന്റെ ഹെഡ് ആഫീസിൽ മാനേജരായി ജോലി ചെയ്യുന്നുണ്ട്. വെൽഫെയർ ബോർഡിൽ 31 സ്ഥിരം ജീവനക്കാരും ദിവസവേതനത്തിൽ 7 ജീവനക്കാരും കരാർ അടിസ്ഥാനത്തിൽ ഒരു ജീവനക്കാരനുമാണ് നിലവിലുള്ളത്.

## X .കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് കേരള സഹകരണ നിയമത്തിലെ 57 വകുപ്പ് പ്രകാരമുള്ളതും 3.6.2000 ലെ ജി.ഒ.(പി )നമ്പർ 108/2000/സഹ സർക്കാർ ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്.

**കേരള സഹകരണ ക്ഷേമ വികസന പദ്ധതി 57 എ വകുപ്പ് പ്രകാരം**

- സഹകരണ ബാങ്ക്/സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുക, വികസന പദ്ധതികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾക്കായാണ് സർക്കാർ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് രൂപം നൽകിയിട്ടുള്ളത്.
- ആസ്തി ശോഷണത്തിലും അറ്റ നഷ്ടത്തിലും പ്രവർത്തിക്കുന്ന അംഗസംഘങ്ങളെ ഉൾപ്പെടുത്തി ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ സംഘത്തെ സുശക്തമായ നിലയിൽ എത്തിക്കുന്നതിന് സംഘം തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 4 % പലിശ നിരക്കിൽ ബോർഡിൽ നിന്ന് സാമ്പത്തിക സഹായം നൽകി വരുന്നു.
- അംഗസംഘങ്ങൾക്കായുള്ള വികസന പദ്ധതികൾ - അംഗസംഘങ്ങൾക്ക് കാലാനുസൃതമായി വിപുലവും പുരോഗമനപരവുമായ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7 % പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു.
- 2002 ൽ പ്രവർത്തനം ആരംഭിച്ചത് മുതൽ 3351 സംഘങ്ങൾ പദ്ധതിയിൽ അംഗങ്ങളായിട്ടു**ണ്ട്.**
- ര**ണ്ട്** പദ്ധതികളിലുമായി 21 സംഘങ്ങൾക്കായി 24 വായ്പകളിലായി 5.62 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 5 സംഘങ്ങളിൽ നിന്നായി 98.24 ലക്ഷം രൂപ കിട്ടാക്കടമായി ബാക്കി നിൽക്കുന്നു.
- ക്ഷേമ വികസന പദ്ധതിയിൽ അംഗമാകുന്ന ഓരോ പ്രാഥമിക സംഘം/ബാങ്കിന്റെയും ജനറൽ ക്ലാസിഫിക്കേഷൻെറ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരമുള്ള നിരക്കിൽ പ്രവേശന ഫീസ് തിട്ടപ്പെടുത്തി അടവാക്കേണ്ടതാണ്.

| | | |
|---|---|---|
| 1. | അപ്പെക്സ് / സെൻട്രൽ സൊസൈറ്റികൾ | 10,000 രൂപ |
| 2. | ക്ലാസ് 1 സൊസൈറ്റികൾ | 5000 രൂപ |
| 3. | ക്ലാസ് 2 സൊസൈറ്റികൾ | 4000 രൂപ |

4. ക്ലാസ് 3 സൊസൈറ്റികൾ 3000 രൂപ
5. ക്ലാസ് 4 സൊസൈറ്റികൾ 2000 രൂപ
6. മറ്റ് സൊസൈറ്റികൾ 1000 രൂപ

- ക്ഷേമ വികസന പദ്ധതിയിൽ അംഗമാകുന്ന അപ്പെക്സ് / സെൻട്രൽ സൊസൈറ്റികൾക്ക് 200000 രൂപയും,കൂടാതെ ഓരോ പ്രാഥമിക സഹകരണ സംഘം/ബാങ്കിന്റെ പ്രവർത്തന മൂല ധനത്തുകയുടെ 1000 രൂപക്ക് ഒരു രൂപ എന്ന നിരക്കിൽ ഏറ്റവും കുറഞ്ഞത് 1000 രൂപ യായും പരമാവധി ഒരു ലക്ഷം രൂപയായും നിജപ്പെടുത്തി സംഘം പ്രാഥമിക വിഹിത ഇന ത്തിൽ അടവാക്കേ ണ്ടതാണ്.
- ഏറ്റവും ഒടുവിലത്തെ താൽക്കാലിക ബാക്കി പത്ര പ്രകാരം അറ്റ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ ടി തുകയുടെ നേർ പകുതി ഏറ്റവും കുറഞ്ഞത് 1000 രൂപ എന്ന നിബന്ധനക്ക് വിധേയമായി അടച്ചാൽ മതിയാകും.
- ക്ഷേമ വികസന പദ്ധതിയിൽ അംഗമാകുന്ന അപ്പെക്സ് /സെൻട്രൽ സൊസൈറ്റികൾക്ക് പ്രാഥ മിക വിഹിതത്തിന്റെ 10 ശതമാനം തുകയും പ്രാഥമിക സഹകരണ സംഘം/ബാങ്കിന് പ്രാഥമിക വിഹിത ഇനത്തിന്റെ 5 ശതമാനം തുകയും (ഏറ്റവും കുറഞ്ഞത് 100 രൂപ എന്ന നിരക്കിൽ) നിജപ്പെടുത്തി ഓരോ വർഷവും വാർഷിക പുതുക്കൽ വിഹിതമായി 20 വർഷ ത്തേക്ക് ബോർഡിലേക്ക് അടക്കേണ്ടതാണ്.

പദ്ധതി ഫണ്ടിൽ നിന്നുമാണ് ബോർഡിന്റെ എസ്റ്റാബ്ളിഷ്മെന്റ് ,മറ്റ് ചെലവുകൾ എന്നിവ ക്കായി തുക വിനിയോഗിക്കുന്നത്.കൂടാതെ ബോർഡിന്റെ ഓരോ ധനകാര്യ വർഷത്തെയും സിൽബന്ധി ചെലവിന്റെയും 50 % തുക റിസ്ക് ഫണ്ട് പദ്ധതിയിൽ നിന്നും പദ്ധതി ഫണ്ടിലേക്ക് വക മാറ്റി വിനിയോഗിക്കാവുന്നതാണ്.

**<u>കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി</u>**

18.11.2008 ലെ സ.ഉ.(കൈ) നം.249/2008/സഹ ഉത്തരവ് പ്രകാരം കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നു. റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളെ സൗജന്യമായി ചേർക്കുന്നു.

**<u>18.11.2008 ലെ സ.ഉ.(കൈ) നം.249/2008/സഹ ഉത്തരവ്</u>**

- റിസ്ക് ഫണ്ട് പ്രീമിയം 0.2 ശതമാനം.
- മിനിമം 50 രൂപയും പരമാവധി 250 രൂപ നിരക്കിലുമാണ് പ്രീമിയം തുക.
- അർഹത- 65 വയസ്സ് തികയുന്നതിന് മുമ്പ് തിരിച്ചടവ് കാലാവധി കഴിയുന്ന വായ്പകൾക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹത.
- മുതലിനത്തിൽ പരമാവധി 100000 രൂപ

**<u>30.03.2012 ലെ സ.ഉ.(കൈ) നം.42 /2012/സഹ ഉത്തരവ്</u>**

- വായ്പയെടുത്ത ശേഷം മാരക രോഗം പിടി പെടുന്ന വായ്പക്കാർക്ക് വായ്പാ മുതലിൽ പരമാവധി 75000 രൂപ നൽകാവുന്നതാണ്.
- പ്രതിപാദിക്കുന്ന മാരക രോഗത്തിൽ - ക്യാൻസർ ബാധിതർ ,കിഡ്നി സംബന്ധമായ രോഗങ്ങൾ ,ഹൃദ യസംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ ,പക്ഷാഘാതം വന്ന് ശരീരം തളർന്നവർ ,എയ്ഡ്സ് രോഗം ബിധിച്ചവർ എന്നിവരാണ് ഉൾപ്പെടുന്നത്.
- 70 വയസ്സ് തികയുന്നതിന് മുമ്പ് തിരിച്ചടവ് കാലാവധി തീരുന്നതുമായ വായ്പകൾക്ക് മാത്രമാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത.
- മരണപ്പെടുന്ന വായ്പക്കാരുടെ വായ്പകൾക്ക് മുതലിനത്തിൽ പരമാവധി 150000 രൂപയും ആയതിന്റെ പലിശയും മാത്രമായി പരിമിതപ്പെടുത്തി.

- റിസ്ക് ഫണ്ട് പ്രീമിയം 0.25 ശതമാനം.
- മിനിമം 50 രൂപയും പരമാവധി 375 രൂപ നിരക്കിലുമാണ് പ്രീമിയം തുക.

**24.07.2014 ലെ സ.ഉ.(കൈ) നം.96/2014/സഹ ഉത്തരവ്**

- വായ്പ എടുത്ത ശേഷം മാരക രോഗം ബാധിച്ച വായ്പക്കാരുടെ വായ്പകൾക്ക് കുടിശ്ശിക ബാധകമല്ല.
- റിസ്ക് ഫണ്ട് പ്രീമിയം 0.35 %
- മിനിമം 100 രൂപയും പരമാവധി 525 രൂപ നിരക്കിലുമാണ് പ്രീമിയം തുക.

2017-18 വർഷം അംഗങ്ങളുടെ വിഹിതം കൂടാതെ 3.02 കോടി രൂപ സർക്കാറിൽ നിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

**ബോർഡ് ഭരണസമിതി**

23.08.2016 ലെ ജി.ഒ.(എം.എസ്)447/2016/സഹ ഉത്തരവ് പ്രകാരം താഴെ പറയുന്ന അംഗങ്ങളെ ഭരണ സമിതി അംഗങ്ങളായി നിയമിച്ചിട്ടുണ്ട്.

1. സഹകരണ വകുപ്പ് മന്ത്രി (ചെയർമാൻ)
2. ശ്രീ.പി.മമ്മിക്കുട്ടി ,പാച്ചത്ത് ഹൗസ് ,കൂടല്ലൂർ പി.ഒ,പാലക്കാട് 679554 (വൈസ് ചെയർമാൻ)
3. ചെയർമാൻ/ കൺവീനർ ,അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ,സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് യൂണിയൻ
4. ഗവൺമെന്റ് സെക്രട്ടറി, സഹകരണം
5. സഹകരണ സംഘം രജിസ്ട്രാർ
6. ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറി,കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ്
7. ശ്രീ.കെ.വി. മോഹനൻ,സഞ്ചുലാൽ ഭവൻ,ചേട്ടുപ്പളം,വേമം പി.ഒ, മാനന്തവാടി,വയനാട്.
8. അഡ്വ.എൻ .ദാമോദരൻ നായർ ,കണ്ണംകര,കോലിയക്കോട് പി.ഒ,തിരുവനന്ത പുരം.
9. ശ്രീ.റ്റി.എൻ.കെ ശശീന്ദ്രൻ, ഡയറക്ടർ,പുറമേരി സർവ്വീസ് സഹകരണ ബാങ്ക്,ഓർക്കാട്ടേരി, വടകര ,കോഴിക്കോട്.
10. ശ്രീ.പി.എം.ഡേവിഡ്,പാറക്കൽ ഹൗസ്,കൈപ്പനച്ചേരി,സുൽത്താൻ ബത്തേരി പി.ഒ, വയനാട്.
11. ശ്രീ ഡി.ആർ.അനിൽ,പത്മ വിലാസം,വെസ്റ്റ് പട്ടം,മുറിഞ്ഞ പാലം,മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം.
12. ശ്രീമതി.ലീലാമ്മ,ആലുവിള വീട്,ആനക്കൊട്ടൂർ പി.ഒ ,എഴുകോൺ,കൊട്ടാരക്കര, കൊല്ലം

**ബോർഡിലെ ജീവനക്കാർ**

| | |
|---|---|
| 1.സെക്രട്ടറി. | 1 |
| 2.മാനേജർ | 3 |
| 3.അക്കൗണ്ടന്റ്. | 1 |
| 4.എൽ.ഡി.ക്ളാർക്ക് | 10 |
| 5..അറ്റൻഡർ. | 4 |
| 6.ഡ്രൈവർ. | 2 |

| | |
|---|---|
| 7.പ്യൂൺ | 2 |
| 8.പാർട്ട് ടൈം സ്വീപ്പർ | 1 |
| | ------------ |
| **ആകെ** | **24** |

ബോർഡിന്റെ സെക്രട്ടറി തസ്തികയിൽ സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനും മാനേജർ തസ്തികകളിൽ സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലുള്ള 3 ഉദ്യോഗസ്ഥരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നു.

**ബോർഡിന്റെ പ്രവർത്തനങ്ങൾ**

ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

- ദുർബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം
- റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കൽ

2016-17 വർഷത്തിൽ 5118 അപേക്ഷകർക്ക് 37,44,19,509 രൂപ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

**അടിസ്ഥാന സൗകര്യങ്ങൾ**

ബോർഡിന്റെ ഹെഡ് ആഫീസ് തിരുവനന്തപുരത്തും ,തൃശ്ശൂർ,കോട്ടയം എന്നിവിടങ്ങളിൽ രണ്ട് റീജിയണൽ ആഫീസുകളും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ആഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ബോർഡിന്റെ ഹെഡ് ആഫീസും തൃശ്ശൂർ റീജിയണൽ ആഫീസും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

**വാഹനം**

ബോർഡിന് ഓഫീസ് ആവശ്യത്തിനായി ഒരു ബൊലേരോയും വൈസ് ചെയർമാന്റെ ഉപയോഗത്തിനായി ഒരു ഇന്നോവ ക്രിസ്റ്റ വാഹനവും നിലവിലുണ്ട്.

**ആഭ്യന്തരഘടന**

ബോർഡിന്റെ 2013-14 വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.2014-15 ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. 2015-16 വർഷത്തെ ആഡിറ്റ് പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ്. സിംഗിൾ കൺകറന്റ് ആഡിറ്റ് സംവിധാനമാണ് നിലവിലുള്ളത്.സഹകരണ വകുപ്പിലെ ഒരു സീനിയർ ആഡിറ്റർ ആഡിറ്റ് ജോലി നിർവ്വഹിക്കുന്നു.

**പൊതുവായ കാര്യങ്ങൾ**

ബോർഡ് ഓഫീസ് മുഴുവനായും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട് . കൂടാതെ ഓഫീസിലെ മുഴുവൻ കത്തിടപാടുകളും ഫയൽ ജോലികളും മലയാളത്തിൽ ആണ് ചെയ്തു വരുന്നത്.

## XI. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

ജി.ഒ(പി) നമ്പർ (1) 5/2001 സഹകരണ തീയ്യതി 5/1/2001 ജി.ഒ(പി) 18/2001 സഹകരണതീയ്യതി 25/1/2001 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് രൂപീകൃതമായ ഒരു സ്ഥാപനമാണ് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്.15.02.2001 ൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുകയുണ്ടായി.കേരള സഹകരണ സംഘം ആക്ട് 1969 ലെ വകുപ്പ് 80 ബി അനുസരിച്ച് കേരളത്തിലെ പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ ,അർബൺ സഹകരണബാങ്കുകൾ , പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയുടെ ജൂനിയർ ക്ലാർക്കും അതിൽ ഉയർന്ന തസ്തികകളിലേക്കുമുള്ള എല്ലാ നേരിട്ടുള്ള നിയമനങ്ങൾക്കും എഴുത്ത് പരീക്ഷ നടത്തുന്നതിന് വേണ്ടിയാണ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. പരീക്ഷാബോർഡ് എഴുത്ത്

പരീക്ഷ നടത്തി ,യോഗ്യതാ ലിസ്റ്റ് തയ്യാറാക്കി ഇന്റർവ്യൂ നടത്തുന്നതിന് വേണ്ടി സംഘങ്ങൾക്ക് അയച്ച് കൊടുക്കും.ഇങ്ങനെ അയച്ച് കൊടുക്കുന്ന ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ മാർക്ക് രേഖപ്പെടുത്തില്ല.ബോർഡ് രൂപീകൃതമായ സമയത്ത് പരീക്ഷാബോർഡിൽ ഒരു ചെയർമാൻ,ഒരു മെംബർ,ഒരു ജോയിന്റ് രജിസ്ട്രാർ /മെംബർ സെക്രട്ടറിഎന്നിവരായിരുന്നു ഉൾപ്പെട്ടിരുന്നത്.പിന്നീട് അത് മാറ്റുകയും ഒരു ചെയർമാൻ,രണ്ട് മെംബർമാർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് ടി കമ്മിറ്റിയുടെ കാലാവധി ചാർജ് എടുക്കുന്ന തീയ്യതി മുതൽ അഞ്ച് വർഷമോ അല്ലെങ്കിൽ വ്യക്തികൾക്ക് 65 വയസ്സ് പൂർത്തിയാകുന്നത് ഏതാണോ കുറവ് അതായിരിക്കും.

പരീക്ഷ നടത്തുന്നതുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും പ്രസ്തുത ബോർഡിൽ നിക്ഷിപ്തമാണ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനത്തിനായി സർക്കാർ 2425-101-95 പ്ലാൻ എന്ന ഒരു ഹെഡ് സഹകരണ സർവ്വീസ് പരീക്ഷാബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്.സഹകരണ സംഘം രജിസ്ട്രാർ ആണ് ഈ ഹെഡിന്റെ മുഖ്യനിയന്ത്രണാധികാരി.ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തി സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ചു നൽകി വരുന്നു.ചെയർമാൻ,മെംബർമാർ,സെക്രട്ടറി,പരീക്ഷാ കൺട്രോളർ ,അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ എന്നിവരുടെ ശമ്പളം തുടങ്ങിയ മറ്റു ചെലവുകൾ ഈ ഹെഡിൽ നിന്നും മാറി വരുന്നു.

ജി.ഒ.പി നമ്പർ 137/2011 /സഹ തീയ്യതി 24/09/2011 (3) പ്രകാരം ശ്രീ.കുഞ്ഞ് ഇല്ലംപള്ളി ചെയർമാനായും ശ്രീ. ജോസഫ് ചാലിശ്ശേരി ,അഡ്വ.ഫാത്തിമ റോസ്ന എന്നിവരെ മെംബർമാരായി നിയമിക്കുകയും 24/06/2016 ൽ ബോർഡ് മെംബർ ശ്രീ. ജോസഫ് ചാലിശ്ശേരി കാലാവധി പൂർത്തിയായതിനാൽ മെംബർ സ്ഥാനം ഒഴിയുകയും ചെയർമാൻ ശ്രീ.കുഞ്ഞ് ഇല്ലം പള്ളി ,മെംബർ അഡ്വ .ഫാത്തിമ റോസ്ന എന്നിവർ 30/06/2016 വരെ പരീക്ഷാബോർഡിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തിരുന്നു.

ജി.ഒ.പി നമ്പർ 2/2017/സഹ തീയ്യതി 07/01/2017 പ്രകാരം അഡ്വ ആർ വി.സതീന്ദ്രകുമാർ ചെയർമാനായും ശ്രീമതി അനഘ ഷറഫ് , അഡ്വ .കെ.സത്യൻ എന്നിവരെ മെംബർമാരായി നിയമിക്കുകയും 13/01/2017 അപരാഹ്നം മുതൽ സേവനം അനുഷ്ഠിച്ച് വരുന്നതുമാണ്.നിലവിൽ പരീക്ഷാ ബോർഡിൽ ഒരു ചെയർമാൻ,രണ്ട് മെംബർമാർ എന്നിവർ അംഗങ്ങളായിട്ടുണ്ട്.ഡെപ്യൂട്ടി രജിസ്ട്രാർ/ സെക്രട്ടറി ബോർഡിൽ അംഗമല്ല. ചീഫ് എക്സിക്യൂട്ടീവ് മാത്രമാണ്.

ജി.ഒ.പി നമ്പർ 271/2003 /സഹ തീയ്യതി 18/12/2003 സർക്കാർ ഉത്തരവ് അനുസരിച്ച് പ്രാഥമിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾ , പ്രാഥമിക കാർഷിക ഗ്രാമ വികസനബാങ്കുകൾ,അർബൺ ബാങ്കുകൾ,ഹൗസിംഗ് സൊസൈറ്റികൾ എന്നിവയിൽ ഒഴിവുണ്ടാകുന്ന ജൂനിയർ ക്ലാർക്ക് തസ്തികയും അതിൽ ഉയർന്ന തസ്തികക്കും നിയമനങ്ങൾ നടത്തുന്നത് പരീക്ഷാ ബോർഡ് വഴിയാണ്. സംഘങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷ പ്രകാരം നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് വിപുലമായ പ്രചാരണത്തിലുള്ള രണ്ട് പത്രങ്ങളിൽ പത്രപ്പരസ്യം ചെയ്യുക ,അപേക്ഷ സ്വീകരിക്കുക,അപേക്ഷയുടെ സൂക്ഷ്മ പരിശോധന നടത്തുക, എഴുത്തു പരീക്ഷ നടത്തി കൺസോളിഡേറ്റഡ് ലിസ്റ്റ് അയച്ച് കൊടുക്കുക എന്നീ ജോലികൾ കൂടി പരീക്ഷാ ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇതിന് പുറമെ സഹകരണ ചട്ടം 185(2) അനുസരിച്ച് സംസ്ഥാന സഹകരണ ബാങ്ക് , സംസ്ഥാന കാർഷിക ഗ്രാമ വികസനബാങ്ക്, 10 കോടി രൂപക്ക് മുകളിൽ നിക്ഷേപമുള്ള അർബൺ ബാങ്ക് , പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ പ്രമോഷൻ ടെസ്റ്റ് നടത്തുന്നതിനുള്ള ചുമതലയും പരീക്ഷാ ബോർഡിനാണ്.

കേരള സർക്കാറിന്റെ 11.01.2014 ലെ ജി.ഒ (ആർ.റ്റി.നം.57/04/സഹ നമ്പർ ഉത്തരവ് കേരള സർക്കാറിന്റെ സഹകരണ (എ) വകുപ്പിന്റെ 6/11/2013 സഹ നമ്പർ ഉത്തരവ് എന്നിവ പ്രകാരം രണ്ട് വാഹനങ്ങൾ നിലവിലുണ്ട്.

ജി.ഒ.എം.എസ്. നം.213/2007/സഹ തീയ്യതി 15/10/2007 പ്രകാരം പരീക്ഷാ ബോർഡിന് സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു,

| | |
|---|---|
| ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി | 1 |
| അസിസ്റ്റന്റ് രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻ | 1 |
| അക്കൗണ്ടന്റ് | 1 |
| എൽ.ഡി ക്ലാർക്ക്/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 |
| ഡ്രൈവർ ഗ്രേഡ് 2 | 1 |
| അറ്റന്റർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

ഇതിൽ ഡെപ്യൂട്ടി രജിസ്ട്രാർ/ സെക്രട്ടറി , അസിസ്റ്റന്റ് രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻ എന്നിവർ സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരികയാണ്. സഹകരണ(എ) വകുപ്പി ന്റെ 28/02/2011 തീയ്യതിയിലെ 455/എ 3 /11/സഹ നമ്പർ ഉത്തരവ് പ്രകാരം ശ്രീ .മോഹൻ കുമാർ എസ്സിനെ അറ്റന്റർ തസ്തികയിൽ സ്ഥിരപ്പെടുത്തി. എന്നാൽ പരീക്ഷാ ബോർഡിൽ നിലവിലുണ്ടായിരുന്ന അക്കൗണ്ടന്റ് തസ്തികയിൽ നിയമനം നടത്താതിരുന്നതിനാൽ ടി തസ്തിക എൽ.ഡി. ക്ളർക്കിലേക്ക് തരം താഴ്ത്തി സഹകരണ(എ) വകുപ്പിന്റെ 06/11/2017 ലെ സ.ഉ (സാധാ)നം.596/2017 സഹ നമ്പർ ഉത്തരവ് പ്രകാരം ടിയാനെ പരീക്ഷാ കോ ഓർഡിനേറ്റർ തസ്തികയിൽ പുനർ നാമകരണം ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്.

സഹകരണ(എ) വകുപ്പിന്റെ 22/03/2012 തീയ്യതിയിലെ സ.ഉ (സാധാ) നം 186/2012 /സഹ നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി താരാ കുമാരിയെ പാർട്ട് ടൈം സ്വീപ്പറായി സ്ഥിരപ്പെടുത്തുകയും ചെയ്തു. സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദിച്ചിട്ടുള്ള 2 എൽ.ഡി ക്ലാർക്ക് / ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ഒരെണ്ണം സർക്കാറിന്റെ 19/08/2011 തീയ്യതിയിലെ ( Gen )480/2011 സഹ നമ്പർ ഉത്തരവ് പ്രകാരം ക്ലറിക്കൽ തസ്തികയിൽ ശ്രീമതി ഷാനിത.എസ്സിനെ നിയമിക്കുകയും എന്നാൽ ടിയാൾ മരണപ്പെട്ട സാഹചര്യത്തിൽ ആശ്രിത നിയമന പദ്ധതി പ്രകാരം ടിയാളുടെ മകളായ കുമാരി ഷെറിൻ നിസാറിനെ സഹകരണ(എ) വകുപ്പി ന്റെ 18.12.2015 തീയ്യതിയിലെ സ.ഉ.(എം.എസ്)നമ്പർ 163/2015 സഹ നമ്പർ ഉത്തരവ് പ്രകാരം ക്ലറിക്കൽ തസ്തികയിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് പാറ്റേണിൽ നിലനിന്നിരുന്ന ഒരു എൽ.ഡി ക്ലാർക്ക് / ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയും സർക്കാറിന്റെ ജി.ഒ.എം.എസ് നമ്പർ 170/2015 /സഹ തീയ്യതി 23.12.2015 പ്രകാരം ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റർ , ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ സൃഷ്ടിച്ച് കൊണ്ട് ഈ ഓഫീസിൽ ദീർഘകാലമായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി ജലജ എസ്.വി , ശ്രീമതി സ്മിത .ജി.ചന്ദ്രൻ എന്നിവരെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായും ശ്രീ.കെ.സഹീറിനെ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിൽ സ്ഥിര നിയമനം നൽകുന്നതിന് ഉത്തരവാവുകയും ചെയ്തിട്ടുണ്ട് .ടി ഉത്തരവിൽ ഭേദഗതി വരുത്തി സഹകരണ (എ) വകുപ്പിന്റെ 29/08/2017 ലെ സ.ഉ(കൈ)നം.30/2017/സഹ നമ്പർ പ്രകാരം ശ്രീമതി .സ്മിത.ജി.ചന്ദ്രനെ സ്റ്റാഫ്

പാറ്റേണിൽ നിലവിലുള്ള എൽ.ഡി ക്ലാർക്ക്/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .നിലവിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഒരു ക്ലർക്ക് ,ഒരു ഡ്രൈവർ എന്നിവർ കൂടി ജോലി ചെയ്തു വരുന്നു.

2017 -18 വർഷത്തിലെ നിയമനവുമായി ബന്ധപ്പെട്ട് നടത്തിയ എഴുത്ത് പരീക്ഷയുടെ വിവരങ്ങൾ

| ക്രമ നമ്പർ | അപേക്ഷ ക്ഷണിച്ച തസ്തികകൾ | ഒഴിവുകളുടെ എണ്ണം | സംഘങ്ങളുടെ എണ്ണം | തൻ വർഷത്തിലെ വിജ്ഞാപനം |
|---|---|---|---|---|
| 1 | ജനറൽ മാനേജർ/ സെക്രട്ടറി/ ചീഫ് അക്കൗണ്ടന്റ് / മാനേജർ | 40 | 40 | 20.04.2017 |
| 2 | ജൂനിയർ ക്ലർക്ക് /കാഷ്യർ/ ജൂനിയർ സൂപ്പർവൈസർ/സിനിയർ ക്ലർക്ക് | 452 | 213 | |
| 3 | ടൈപ്പിസ്റ്റ് | 3 | 2 | |
| 4 | ജനറൽ മാനേജർ/ അസി. ജനറൽ മാനേജർ/ അസി.സെക്രട്ടറി/ മാനേജർ/ ഇന്റേണൽ ആഡിറ്റർ / ബ്രാഞ്ച് മാനേജർ | 35 | 35 | 07.11.2017 |
| 5 | ജൂനിയർ ക്ലർക്ക് / കാഷ്യർ | 265 | 113 | |
| 6 | ടൈപ്പിസ്റ്റ് | 2 | 2 | |
| 7 | ഉദ്യോഗക്കയറ്റ പരീക്ഷ | | 227 | 29.11.2017 |
| 8 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 25 | 24 | 17.01.2018 |
| 9 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 12 | 12 | |
| 10 | സെക്രട്ടറി/ചീഫ് അക്കൗണ്ടന്റ്/ ചീഫ് കാഷ്യർ/ അസി.സെക്രട്ടറി/ബ്രാഞ്ച് മാനേജർ/ അക്കൗണ്ടന്റ് | 28 | 27 | 16.05.2018 |
| 11 | ജൂനിയർ ക്ലർക്ക് / കാഷ്യർ | 294 | 120 | |

തൻവർഷം 20.04.2017 വിജ്ഞാപന പ്രകാരമുള്ള സെക്രട്ടറി, ജൂനിയർ ക്ലർക്ക്, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലേക്കുള്ള എഴുത്ത് പരീക്ഷ നടത്തി നിയമനം നടത്തുന്നതിലേക്കുള്ള റാങ്ക് ലിസ്റ്റ് അതാത് ബാങ്കുകളിലേക്ക് അയച്ച് കൊടുത്തിട്ടുള്ളതുമാകുന്നു.07.11.2017 ലെ വിജ്ഞാപന പ്രകാരം സെക്രട്ടറി, ജൂനിയർ ക്ലർക്ക് എന്നീ തസ്തികകളിലേക്ക് എഴുത്ത്പരീക്ഷ നടത്തിയതിന്റെ ഫലം പ്രസിദ്ധീകരിച്ചിട്ടില്ല. 07.11.2017 ലെ വിജ്ഞാപന പ്രകാരമുള്ള ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള എഴുത്ത്പരീക്ഷ 23.06.2018 നും 17.01.2018 ലെ വിജ്ഞാപന പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർ ,സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികകളിലേക്കുള്ള എഴുത്ത്പരീക്ഷ 24.06.2018 നും നടത്താൻ നിശ്ചയിച്ചിട്ടുണ്ട് .29.11.2017 വിജ്ഞാപന പ്രകാരം 227 സംഘം/ ബാങ്കുകളിലെ ഉദ്യോഗക്കയറ്റ പരീക്ഷ 05.05.2018 തീയ്യതിയിൽ നടത്തി യോഗ്യതാ ലിസിറ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

16..05.2018 തീയ്യതിയിലെ വിജ്ഞാപന പ്രകാരം 27 സംഘങ്ങളിൽ ഒഴിവുള്ള 28 സെക്രട്ടറി തസ്തികകളിലേക്കും 120 സംഘങ്ങളിൽ ഒഴിവുള്ള 294 ജൂനിയർ ക്ലർക്ക് തസ്തികകളിലേക്കും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് .

2017-18 വർഷത്തിലെ വരവ് ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വരവ് | തുക | ക്രമ നമ്പർ | ചെലവ് | തുക |
|---|---|---|---|---|---|
| 1 | പരീക്ഷാ ഫീസ് | 25051193 | 1 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ചെയർമാൻ,രണ്ട് ബോർഡ് അംഗങ്ങൾ എന്നിവരുടെ ശമ്പളം | 720000 |
| 2 | ബാങ്ക് പലിശ | 190006 | 2 | ഡെപ്യൂട്ടി രജിസ്ട്രാർ /സെക്രട്ടറി | 915036 |
| 3 | ബഡ്ജറ്റ് അലോട്ട്മെന്റ് നോൺ പ്ലാൻ | 1145577 | 3 | അസി.രജിസ്ട്രാർ | 760421 |
| 4 | ദിവസ വേതനം | 430920 | 4 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 593716 |
| 5 | ടി.എ | 59674 | 5 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 593716 |
| 6 | വെള്ളം | 2000 | 6 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ/ ക്ലാർക്ക് | 593716 |
| 7 | വൈദ്യുതി ചാർജ്ജ് | 65021 | 7 | എൽ.ഡി. ക്ലാർക്ക് | 296940 |
| 8 | അതർ ചാർജ്ജ് | 349907 | 8 | പരീക്ഷാ കോ ഓർഡിനേറ്റർ | 299481 |
| 9 | ടെലഫോൺ ചാർജ്ജ് | 34000 | 9 | പാർട്ട് ടൈം സ്വീപ്പർ | 143580 |
| 10 | വാടക | 45000 | 10 | ടെലഫോൺഅലവൻസ് ചെയർമാൻ, രണ്ട് ബോർഡ് അംഗങ്ങൾ | 42000 |
| 11 | **ബഡ്ജറ്റ് അലോട്ട്മെന്റ് നോൺ പ്ലാൻ** | | 11 | ബോണസ്സ് | 16000 |
| | അടിസ്ഥാന ശമ്പളം | 3236000 | 12 | ലീവ് സറണ്ടർ | 104065 |
| | ഡി.എ | 285000 | 13 | പേ റിവിഷൻ അരിയർ (DR & AR) | 225319 |
| | എച്ച്.ആർ.എ | 82000 | 14 | ഓണം ഫെസ്റ്റിവൽ അലവൻസ് | 19250 |
| | എം.ആർ | 3000 | 15 | എച്ച്.ആർ.എ , ചെയർമാൻ | 48000 |
| | മറ്റ് അലവൻസുകൾ | 102000 | 16 | കണ്ടിജൻസി ചെലവുകൾ വേജസ് | 1656740 |
| | **02 വേജസ്** | | 17 | വെള്ളം & വാടക | 332512 |
| | അടിസ്ഥാന ശമ്പളം | 76000 | 18 | വൈദ്യുതി ചാർജ് | 65021 |
| | ഡി.എ | 11000 | 19 | പരസ്യം | 840534 |
| | മറ്റ് അലവൻസുകൾ | 13000 | 20 | ടെലഫോൺ | 840534 |
| | ബാങ്ക് നിക്ഷേപം | | 21 | ഓണം ഫെസ്റ്റിവൽ അലവൻസ് | 37250 |
| | ഫെഡറൽ ബാങ്ക് | 20323573 | 22 | പത്രങ്ങൾ | 8905 |
| | എസ്.ബി.ടി | 1547538 | 23 | പലവക ചെലവുകൾ | 28156 |

| | | | | | |
|---|---|---|---|---|---|
| | കേരള സംസ്ഥാന സഹകരണ ബാങ്ക് | 5529591 | 24 | പ്രിൻറിംഗ് & സ്റ്റേഷനറി | 90843.50 |
| | ട്രഷറി എസ്.റ്റി.എസ്.ബി | 146021 | 25 | പോസ്റ്റേജ് | 270592 |
| | | | 26 | കാർ അസസ്സറീസ് | 975 |
| | | | 27 | റഫ്രെഷ്മെന്റ് | 28542 |
| | | | 28 | റിപ്പയേഴ്സ് & മെയിന്റനൻസ് | 34826 |
| | | | 29 | ഫർണ്ണീച്ചർ | 350353 |
| | | | 30 | ലോക്കൽ കൺവെയൻസ് | 3295 |
| | | | 31 | കമ്പ്യൂട്ടർ അസസ്സറീസ് | 2400 |
| | | | 32 | വെബ്സൈറ്റ് ചാർജ്ജ് | 65210 |
| | | | 33 | സെക്യൂരിറ്റി ചാർജ്ജ് | 17750 |
| | | | 34 | റ്റി.ഡി.എസ് | 91092 |
| | | | 35 | റ്റി.എ | 78798 |
| | | | 36 | പരീക്ഷാ ചെലവുകൾ | 2003779 |
| | | | 37 | കാർ ഇൻഷ്വറൻസ് & സർവ്വീസസ് | 92859 |
| | | | 38 | ഇന്ധനം | 71336 |
| | | | | ട്രഷറിയിൽ തുകനിക്ഷേപിച്ചത്. | 7500000 |

പരീക്ഷാ ഫീസിനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ നിന്നും പരീക്ഷാ നടത്തിപ്പ് ചെലവ് കഴിഞ്ഞ് ബാക്കി തുക സർക്കാറിന്റ 0425-800-93 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ അടച്ചുവരുന്നു.തൻവർഷം ടി ഇനത്തിൽ 7500000 രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ട്.2017-18 വർഷം വരെയുള്ള കണക്കുകൾ ആഡിറ്റിന് വിധേയമായി തയ്യാറാക്കിയിട്ടുണ്ട് .

**2017-18 ലെ ബഡ്ജറ്റ് അലോട്ട്മെന്റ് നോൺ പ്ലാൻ ഓഫീസ് എക്സ്പെൻഡിച്ചർ ഇനത്തിൽ പരീക്ഷാ ബോർഡിനെ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നമ്പർ | ഹെഡ് | അനുവദിച്ച തുക | പിൻവലിച്ച തുക | വിശദീകരണം |
|---|---|---|---|---|
| 1 | ഡെയ്‌ലി വേജസ് | 432000 | 430920 | അടുത്ത ബില്ലുകൾ മാറുവാനുള്ള തുക തികയാത്തതിനാൽ അനുവദിച്ച തുക പൂർണ്ണമായും |
| 2 | റ്റി.എ | 60000 | 59674 | |
| 3 | വെള്ളം | 2000 | 2000 | |

| | | | | |
|---|---|---|---|---|
| 4 | വൈദ്യുതി ചാർജ്ജ് | 72000 | 65021 | പിൻവലിക്കാൻ സാധിച്ചിട്ടില്ല, |
| 5 | അതർ ചാർജ്ജ് | 350000 | 349907 | |
| 6 | ടെലഫോൺ ചാർജ്ജ് | 34000 | 34000 | |
| 7 | വാടക | 45000 | 45000 | |

## XII കേരളാ സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ്

കേരള സർക്കാറിന്റെ ഡെപ്പോസിറ്റ് ഗ്യാരൻറി സ്കീം 2000 എന്ന പദ്ധതിക്ക് പകരമായി സർക്കാറിന്റെ 11/1/2012 ലെ ജി.ഒ.(പി)നമ്പർ 3/2012/സഹ/നമ്പർ ഉത്തരവ് പ്രകാരം കേരളാ സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ് നിലവിൽ വരികയും ടി.പദ്ധതി കേരളാ സഹകരണ നിക്ഷേപ ഗ്യാരൻറി സ്കീം 2012 എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്നു. സർക്കാറിന്റെ 24.10.2014 ലെ ജി.ഒ.(പി)126/2014 /സഹ/നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്നതും പ്രവർത്തനം മന്ദീഭവിച്ചതോ നിന്നു പോയതോ ,ലിക്വിഡേഷൻ നടപടികൾ ഉൾപ്പെട്ടതോ ഡെപ്പോസിറ്റ് ആന്റ് ക്രെഡിറ്റ് ഗ്യാരൻറി കോർപ്പറേഷൻ പദ്ധതിയിൽ ഉൾപ്പെട്ടതുമായ സംഘങ്ങൾ ഒഴികെയുള്ള സഹകരണ സ്ഥാപനങ്ങളെ ടി പദ്ധതിയിൽ അംഗമായി ചേർത്തു വരുന്നു.സംഘങ്ങളിൽ അംഗങ്ങൾ നടത്തുന്ന നിക്ഷേപത്തിന് ഗ്യാരന്റി ലക്ഷ്യമാക്കി നിക്ഷേപകരുടെ വിശ്വാസം ആർജിച്ചു കൊണ്ട് കൂടുതൽ നിക്ഷേപകരെ സംഘങ്ങളിലേക്ക് ആകർഷിക്കുന്നതിന് വേണ്ടിയാണ് ടി സ്കീം ആരംഭിച്ചിട്ടുള്ളത്.ജില്ലാ ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർമാർ ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന സംഘങ്ങളെയാണ് ടി പദ്ധതിയിൽ അംഗങ്ങളാക്കി വരുന്നത്.പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുള്ള സംഘങ്ങൾ ഈ പദ്ധതി നിലവിൽ വന്ന സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ സംഘത്തിന്റെ മൊത്തം നിൽപു നിക്ഷേപ ത്തുക അടിസ്ഥാനമാക്കി ആരംഭ പ്രീമിയം അടക്കേണ്ടതാണ്.പദ്ധതി പ്രാബല്യത്തിൽ വരുന്ന സാമ്പത്തിക വർഷാരംഭം നിൽപു നിക്ഷേപത്തുകയുടെ ഓരോ നൂറ് രൂപക്കും അതിന്റെ അംശത്തിന് 10 പൈസ പ്രകാരം ഫണ്ടിലേക്ക് പ്രീമിയം അടക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ സാമ്പത്തിക വർഷത്തിലെ ആണ്ടവസാനം ബാക്കി നിൽപ്പുള്ള ആകെ തുകയുടെ വർദ്ധനവിന് മാത്രം വിഹിതം അടച്ചാൽ മതിയാകും.ഇപ്രകാരം സ്വരൂപിക്കുന്ന ഫണ്ടിൽ നിന്നും അംഗസംഘത്തിലെ ഒരു നിക്ഷേപകന് പരമാവധി 1,50,000 രൂപ ഗ്യാരൻറി നൽകുന്നു.

### ഭരണ സമിതി

ബഹുമാനപ്പെട്ട കേരളാ സർക്കാരിന്റെ 25.08.2016 ലെ 453/2016/സഹ ഉത്തരവ് പ്രകാരം പുനർസംഘടിപ്പിക്കപ്പെട്ട ഭരണ സമിതിയിൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി ചെയർമാനും ,ശ്രീ .എ. പത്മകുമാർ വൈസ് ചെയർമാൻ ഉൾപ്പെടെ 15 അംഗഭരണ സമിതി പ്രവർത്തിച്ചു വന്നിരുന്നു. വൈസ് ചെയർമാൻ ആയിരുന്ന ,ശ്രീ .എ. പത്മകുമാർ 14.11.2017 ൽ രാജി വെച്ച ഒഴിവിൽ 11.01.2018 ലെ സ.ഉ (സാധാ) നമ്പർ 22/2018/സഹ നം ഉത്തരവ് പ്രകാരം ശ്രീ.പി.ഹരീന്ദ്രൻ,ഹർഷം പന്ന്യന്നൂർ, കണ്ണൂരിനെ വൈസ് ചെയർമാൻ ആയി നിയമിച്ച് ഉത്തരവായിരുന്നു.നിലവിലെ ബോർഡ് ഭരണ സമിതിയിൽ ചെയർമാനും ,വൈസ് ചെയർമാനും പുറമെ സഹകരണ സെക്രട്ടറി ,സഹകരണ സംഘം രജിസ്ട്രാർ,സഹകരണ ആഡിറ്റ് ഡയറക്ടർ,സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ,,ശ്രീ.മധുസൂദനൻ,ശ്രീ.കെ.കെ.ഏലിയാസ്,ശ്രീ.പി.കൃഷ്ണപിള്ള,ശ്രീ.കെ.അനിൽകുമാർ,ശ്രീ.എം.എസ്.ശ്രീവൽസൻ, സഹകരണ സംഘം അഡീഷണൽ

രജിസ്ട്രാർ (ക്രെഡിറ്റ്),ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ എന്നിവർ അംഗങ്ങളായുള്ള 14 അംഗ ഭരണ സമിതി പ്രവർത്തിച്ചുവരുന്നു.

**അംഗസംഘങ്ങളും ഗ്യാരന്റി ഫണ്ടും**

ബോർഡിന്റെ അംഗസംഘങ്ങളായി കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കും 1573 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും 777 എംപ്ലോയീസ് സഹകരണ സംഘങ്ങളും 2017-18 വർഷം വിജ്ഞാപനം ചെയ്ത 24 ഇതര സഹകരണ സംഘങ്ങളും ഉൾപ്പെടെ 2375 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് 31.03.2018 വരെ 80,79,961 രൂപ ഗ്യാരന്റി ഫണ്ടിനത്തിൽ അടച്ചിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2013-14 | 16,04,961 |
| 2014-15 | 33,86,000 |
| 2015-16 | 30,89,000 |
| 2016-17 | 0 |
| 2017-18 | 0 |
| ആകെ | 80,79,961 |

**കേരളാ സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിൽ 31.03.2018 വരെ ഗ്യാരണ്ടി ഫണ്ട് അടച്ച പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ**

| ക്രമനമ്പർ | ജില്ലയുടെ പേര് | നോട്ടിഫൈ ചെയ്തത് | അംഗങ്ങളായി ചേർന്നത് | അംഗങ്ങളായി ചേരാനുള്ളത് | തുക ഒടുക്കിയത് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 112 | 111 | 1 | 60650509 |
| 2 | കൊല്ലം | 129 | 128 | 1 | 67964894 |
| 3 | പത്തനംതിട്ട | 104 | 102 | 2 | 24332231 |
| 4 | ആലപ്പുഴ | 167 | 162 | 5 | 25484809 |
| 5 | കോട്ടയം | 136 | 135 | 1 | 72648832 |
| 6 | ഇടുക്കി | 72 | 71 | 1 | 15696159 |
| 7 | എറണാകുളം | 162 | 162 | 0 | 96729094 |
| 8 | തൃശൂർ | 159 | 159 | 0 | 25022273 |
| 9 | പാലക്കാട് | 92 | 92 | 0 | 58791384 |
| 10 | മലപ്പുറം | 122 | 122 | 0 | 50591351 |
| 11 | കോഴിക്കോട് | 102 | 100 | 2 | 51366223 |
| 12 | വയനാട് | 27 | 27 | 0 | 8072213 |

| | | | | | |
|---|---|---|---|---|---|
| 13 | കണ്ണൂർ | 126 | 126 | 0 | 62830347 |
| 14 | കാസർഗോട് | 63 | 63 | 0 | 25220090 |
| | **ആകെ** | 1573 | 1560 | 13 | 645400409 |

വിവിധ ജില്ലകളിലായി ആകെ 801 എംപ്ളോയീസ് മറ്റ് ഇതര സഹകരണ സംഘങ്ങളെ സഹകരണ സംഘം രജിസ്ട്രാർ പട്ടികയിൽ ഉൾപ്പെടുത്തുകയും അതിൽ 502 സംഘങ്ങൾ അംഗങ്ങളായി ചേരുകയും ചെയ്തിട്ടുണ്ട്. ടി സംഘങ്ങളിൽ നിന്നും 67462616 രൂപ പ്രീമിയം ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

**ബോർഡിൽ 31.03.2018 വരെ ഗ്യാരണ്ടി ഫണ്ട് തുക അടച്ച എംപ്ലോയീസ് ഇതര സംഘങ്ങളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | ജില്ലയുടെ പേര് | നോട്ടിഫൈ ചെയ്തത് | അംഗങ്ങളായി ചേർന്നത് | അംഗങ്ങളായി ചേരാനുള്ളത് | തുക ഒടുക്കിയത് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 48 | 25 | 23 | 5809938 |
| 2 | കൊല്ലം | 9 | 9 | 0 | 478822 |
| 3 | പത്തനംതിട്ട | 32 | 23 | 9 | 1957188 |
| 4 | ആലപ്പുഴ | 62 | 46 | 16 | 9721938 |
| 5 | കോട്ടയം | 167 | 88 | 79 | 9752101 |
| 6 | ഇടുക്കി | 35 | 28 | 7 | 3795768 |
| 7 | എറണാകുളം | 124 | 61 | 63 | 14052851 |
| 8 | തൃശൂർ | 30 | 21 | 9 | 5814281 |
| 9 | പാലക്കാട് | 99 | 70 | 29 | 5607931 |
| 10 | മലപ്പുറം | 42 | 38 | 4 | 3973228 |
| 11 | കോഴിക്കോട് | 38 | 20 | 18 | 1415249 |
| 12 | വയനാട് | 14 | 8 | 6 | 613495 |
| 13 | കണ്ണൂർ | 61 | 39 | 22 | 2351583 |
| 14 | കാസർഗോട് | 40 | 26 | 14 | 2118243 |
| | **ആകെ** | 801 | 502 | 299 | 67462616 |

**ജീവനക്കാര്യം**

സഹകരണ വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോയിന്റ് രജിസ്ട്രാർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ സെക്രട്ടറി/ട്രഷറർ തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരുന്നു.ഇതിന് പുറമെ മാനേജർ തസ്തിക

യിൽ കരാറടിസ്ഥാനത്തിൽ സഹകരണ വകുപ്പിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ വിരമിച്ച ഉദ്യോഗസ്ഥനും ഡ്രൈവർ,പ്യൂൺ,പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരം ജീവനക്കാരും സേവനം അനുഷ്ഠിച്ചു വരുന്നു.

## 2017-18 വർഷത്തെ പ്രവർത്തനം

2017-18 വർഷത്തിൽ ഗ്യാരണ്ടി ഫണ്ട് ഇനത്തിൽ ബോർഡിന് ലഭിച്ചിട്ടുള്ള 61297772.85 രൂപ വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ട്.നിക്ഷേപങ്ങളുടെ പലിശയിനത്തിൽ 2017-18 വർഷത്തിൽ 7970928489 രൂപ ലഭിച്ചിട്ടുണ്ട്.

ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ ചെലവായിട്ടുള്ളത് 2717706 രൂപയാണ്. 2016-17, 2017-18 അസസ്മെന്റ് വർഷത്തെ ഇൻകം ടാക്സ് 44021860 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 500000 രൂപയും ഉൾപ്പെടെ ആകെ 4977100494 രൂപ തൻവർഷം ചെലവായിട്ടുണ്ട്. തൻ വർഷം 858953315 രൂപയുടെ സ്ഥിര നിക്ഷേപം വിവിധ ജില്ലാബാങ്കുകളിൽ ഉള്ളത് പുതുക്കി നിക്ഷേപിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ 130331500 രൂപയുടെ പുതിയ സ്ഥിര നിക്ഷേപം നടത്തുകയും 55100000 രൂപയുടെ സ്ഥിര നിക്ഷേപം ക്ലോസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.സർവ്വീസ് ടാക്സ് അപ്പീൽ പ്രീ ഡെപ്പോസിറ്റ് ഇനത്തിൽ 9325288 രൂപ അടച്ചിട്ടുണ്ട്. വിവിധ ജില്ലാബാങ്കുകളിൽ എസ്.ബി അക്കൗണ്ടിൽ 249747619.74 രൂപ നിക്ഷേപിക്കുകയും 247645393.94 രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.വർഷാവസാനം എസ്.ബി അക്കൗണ്ടിൽ 15520663.16 രൂപ വിവിധ ജില്ലാ സഹകരണബാങ്കുകളിലായി ബാക്കി നിൽപുണ്ട്.

2017-18 വർഷം സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്ത 24 സംഘങ്ങൾക്ക് അംഗത്വം നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങൾ പ്രീമിയം അടച്ചിട്ടുള്ള ഗ്യാരണ്ടി ഫണ്ട് തുക കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളിലായി നിക്ഷേപിച്ച് വരുന്നു.ആയതിന്റെ ജില്ല തിരിച്ചുള്ള 31.03.2018 ലെ ബാക്കി നിൽപു നിക്ഷേപ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ലാ സഹകരണ ബാങ്ക് | സ്ഥിര നിക്ഷേപം | എസ്.ബി നിക്ഷേപം | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 37810000 | 2455541 | 40265541 |
| 2 | കൊല്ലം | 99656500 | 2004606.97 | 101661106.97 |
| 3 | പത്തനംതിട്ട | 110350000 | 2959468.70 | 113309468.7 |
| 4 | ആലപ്പുഴ | 62283125 | 526989.52 | 62810114.52 |
| 5 | കോട്ടയം | 114645000 | 1267063.70 | 115912063.7 |
| 6 | ഇടുക്കി | 36392337 | 32619 | 36424956 |
| 7 | എറണാകുളം | 122770000 | 1039735.68 | 123809735.7 |
| 8 | തൃശൂർ | 111500000 | 1532916.27 | 113032916.3 |
| 9 | പാലക്കാട് | 59551671 | 1022913.33 | 60574584.33 |
| 10 | മലപ്പുറം | 69301675 | 967716.66 | 70269391.66 |

| | | | | |
|---|---|---|---|---|
| 11 | കോഴിക്കോട് | 71000000 | 337214.10 | 71337214.1 |
| 12 | വയനാട് | 16890998 | 38925.91 | 16929923.91 |
| 13 | കണ്ണൂർ | 94815604 | 935071.30 | 95750675.3 |
| 14 | കാസർഗോട് | 29787656 | 399881.02 | 30187537.02 |
| | **ആകെ** | **1036754566** | **15520663.16** | **1052275229.16** |

## സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ വിവിധ സെക്ഷനുകളും അവയുടെ ചുമതലകളും

സഹകരണ വകുപ്പിന്റെ ആസ്ഥാനമായ സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിലെ വിവിധ സെക്ഷനുകൾ.

1. **എസ്റ്റാബ്ലിഷ്മെൻറ് എ (എ ഇ )** &

**2. എസ്റ്റാബ്ലിഷ്മെൻറ്ബി (ഇ ബി)** – സഹകരണ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെൻറ് കാര്യങ്ങളായ തസ്തിക, നിയമനം, സ്ഥലം മാറ്റം, പ്രൊബേഷൻ ഡിക്ലറേഷൻ, പ്രമോഷൻ, പെൻഷൻ, ബിസിനസ് സ്റ്റേറ്റ്മെൻറ്, കോൺഫിഡൻഷ്യൽ റിപ്പോർട്ട്, സർക്കാർ തല മീറ്റിംഗുകൾ സംബന്ധിച്ച വിവരങ്ങൾ മുതലായവയാണ് എസ്റ്റാബ്ലിഷ്മെൻറ് എ(ഇ.എ) & ഇ.ബി സെക്ഷനുകൾ കൈകാര്യം ചെയ്യുന്നത്.

3. **ഇ.എം.**– സഹകരണ സംഘങ്ങളിലെയും മറ്റ് സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെൻറ് കാര്യങ്ങൾ, സേവന വേതന വ്യവസ്ഥകൾ,ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ,നിയമ ഭേദഗതികൾ, കേസുകൾ എന്നിവ കൈകാര്യം ചെയ്യുന്നു.

4. **അക്കൗണ്ട്സ്** –ജീവനക്കാരുടെ ശമ്പളം,ശമ്പള പുനർ നിർണ്ണയം,ഇൻക്രിമെൻറ്,അവധികൾ,യാത്രാ ബത്ത,ടൂർ ഡയറി,അലവൻസുകൾ,മെഡിക്കൽ റീ ഇമ്പേഴ്സ്മെൻറ്,ജി.പി.എഫ്,എൻ.ആർ.എ,ഇൻകം ടാക്സ്,പ്രൊഫഷണൽ ടാക്സ് സ്റ്റേറ്റ്മെൻറുകൾ,സാലറി സർട്ടിഫിക്കറ്റ് വിതരണം, ട്രഷറി ബില്ലുകൾ, എഫ്.ബി.എസ്, എച്ച്.ബി.എ, എസ്.എൽ.ഐ , മുതലായ കാര്യങ്ങൾ അക്കൗണ്ട് സെക്ഷൻ കൈകാര്യം ചെയ്യുന്നു.

5. **ഐ.റ്റി** – ആഫീസിന്റെ കമ്പ്യൂട്ടർവൽക്കരണം, ഇ ആഫീസ് മാനേജ്മെന്റ്–ജീവനക്കാരുടെ പഞ്ചിംഗ് സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടെയുള്ള ആഫീസിലെ ടെക്നിക്കൽ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

6. **ഫിൻ** – ആഡിറ്റ് പാര.പി.എ.സി റിപ്പോർട്ട്, സി.എ.ജി റിപ്പോർട്ട്,ഡി.സി.ബി സ്റ്റേറ്റ്മെൻറ്,നോൺ ടാക്സ് റവന്യൂ കളക്ഷൻ, ബജറ്റ് അലോട്ട്മെൻറ്, ആഡിറ്റ് ഫീസ്,കെ.എസ്.ആർ കോസ്റ്റ്, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്,എസ്.ഡി.ജി എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്,സഹകരണ വകുപ്പിലെ സംസ്ഥാനത്തെ മുഴുവൻ ആഫീസുകളിലെയും പദ്ധതി പദ്ധതിയേതര വരവ് ചെലവുകൾ ഓരോ വർഷവും ക്രോഡീകരിച്ച് വകുപ്പ് , ട്രഷറി , അക്കൗണ്ടൻറ് ജനറൽ എന്നിവിടങ്ങളിലെ കണക്കുമായി അനുരഞ്ജനം ചെയ്ത് നേരിട്ട് അക്കൗണ്ടൻറ് ജനറലിന് നൽകുന്നു. കൂടാതെ കെ.എസ്.ആർ ചട്ടം 144 പ്രകാരം സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ഫോറിൻ സർവ്വീസ് അക്കൗണ്ടുകളുടെയും ടി അക്കൗണ്ടുകളുടെ എൽ .എസ്. ആൻറ് . പി സി. വിഹിതം ഒടുക്കുന്നത് സംബന്ധിച്ചും ഉള്ള വിവരങ്ങളും കെ.എസ്.ആർ ചട്ടം 156 പ്രകാരം സ്പെഷ്യൽ സെയിൽ ആഫീസർ,കൺകറൻറ് ആഡിറ്റർ തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ആവറേജ് കോസ്റ്റ് , എൽ എസ്. ആൻറ് പി സി. വിഹിതം എന്നിവ ഒടുക്കുന്നത് സംബന്ധിച്ചും ഉള്ള വിവരങ്ങളും കൈകാര്യം ചെയ്യുന്നു.

7. **എം.പി :(മാർക്കറ്റിംഗ് & പ്രോസസിംഗ്)** സംസ്ഥാനത്തെ എല്ലാ പ്രാഥമിക വിപണന സംസ്കരണ സഹകരണ സംഘങ്ങളുടെയും അഡ്മിനിസ്ട്രേറ്റർമാരുടെ നിയമനം, സംഘത്തെക്കുറിച്ചുള്ള പരാതികൾ, റിട്ട് ഹർജികൾ, മുതലായ ഭരണപരമായ വിഷയങ്ങളും ധന സഹായ വിഷയങ്ങളും കൈകാര്യം ചെയ്യുന്നു.

8. **എച്ച്.വി /എം.ടി –** വനിതാ സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ, സ്കൂൾ /കോളേജ് സഹകരണ സംഘങ്ങൾ ,വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ ലേബർകോൺട്രാക്ട്സഹകരണ സംഘങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള സഹകരണ അക്കാദമി (CAPE ), സാഹിത്യ പ്രവർത്തന സംഘം ലിമിറ്റഡ് 2458 , ടൂറിസം സഹകരണ സംഘം,മറ്റ് പലവക സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും വിവിധ പദ്ധതികൾ പ്രകാരം നൽകുന്ന ഓഹരി മൂലധനം, വായ്പ, സബ്സിഡി / മൂലധനം തുടങ്ങിയ സാമ്പത്തിക സഹായങ്ങളെക്കുറിച്ചും കൈകാര്യം ചെയ്യുന്നു.

9.**സി.എസ് –** പ്രാഥമിക സഹകരണ സംഘങ്ങളിലെയും ഉപഭോക്തൃ സഹകരണ സംഘങ്ങളിലെയും ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങളും വ്യത്യസ്ത പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചും കൈകാര്യം ചെയ്യുന്നു.

10 **ഇൻസ്പെക്ഷൻ സെൽ** – സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ആഫീസുകളിലും സഹകരണ സംഘങ്ങളിലും പരിശോധന നടത്തുകയാണ് പ്രധാന കർത്തവ്യം.

11.**ജനറൽ –** ജോയിൻറ് രജിസ്ട്രാർ ആഫീസുകളിൽ നിന്നും മാസം തോറും ലഭിക്കുന്ന പ്രവർത്തന റിപ്പോർട്ട് കൈകാര്യം ചെയ്യുക, വകുപ്പുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ തയ്യാറാക്കുക, കേരള സഹകരണ നിയമം ഭേദഗതി ചെയ്യൽ, സഹകരണ ലൈബ്രറിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ,സർക്കുലർ പ്രസിദ്ധീ കരിക്കുക,വിവരാവകാശം ക്രോഡീകരിക്കുക , സംഘങ്ങളിൽ നിന്നുള്ള സംഭാവനകൾ ഫലപ്രദമായി വിനിയോഗി ക്കാൻ വേണ്ട നടപടി സ്വീകരിക്കൽ തുടങ്ങിയ പൊതുവായ കാര്യങ്ങളാണ് ജനറൽ സെക്ഷൻ കൈകാര്യം ചെയ്യുന്നത്.

**12.വിജിലൻസ്–** സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അച്ചടക്ക നടപടികളും പാസ്പോർട്ട് അപേക്ഷയിൻമേലുള്ള എൻ.ഒ.സി നൽകുന്നതിനുള്ള നടപടികളും എടുക്കുക, സഹകരണസംഘങ്ങളെ സംബന്ധിച്ച പരാതിയിൻമേലുള്ള പ്രാഥമിക അന്വേഷണം ആവശ്യമെങ്കിൽ സഹകരണ നിയമ പ്രകാരമുള്ള അന്വേഷണ പരിശോധനാ നടപടികൾ നടത്തുക, കേസിന്റെ ഗൗരവം കണക്കിലെടുത്ത് സഹകരണ വിജിലൻസിന്റെ അന്വേഷണത്തിന് നൽകുക, സർക്കാറിന്റെ നിർദേശ പ്രകാരം ഉള്ള അന്വേഷണങ്ങൾക്ക് നടപടി സ്വീകരിക്കുക, സഹകരണ ജീവനക്കാരുടെ സ്വത്ത് വിവര സ്റ്റേറ്റ്മെൻറ് വാങ്ങി സൂക്ഷിക്കുക എന്നിവയാണ് വിജിലൻസ് വിഭാഗം ചെയ്യുന്നത്.

**13. പി.റ്റി** – സഹകരണ വീഥി, സഹകരണ പ്രചരണ പദ്ധതി, സഹകരണ കോൺഗ്രസ്, സഹകരണ വിദ്യാഭ്യാസം , പരിശീലനം, ഔദ്യോഗിക ഭാഷാ പുരോഗതി റിപ്പോർട്ട് തയ്യാറാക്കൽ മുതലായവ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

14. **എസ്.സി. റ്റി –** എസ്.സി എസ്.റ്റി ഫെഡറേഷൻ , എസ്. സി എസ്.റ്റി സഹകരണസംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

15. **സി.എൽ.റ്റി** – കേരള കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക്, പ്രാഥമിക കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ട ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

16. **സി.ജി** - എല്ലാ അർബൺ സഹകരണ ബാങ്കുകളുടെയും അർബൺ സഹകരണ സംഘങ്ങളുടെയും ഭരണപര മായ കാര്യങ്ങൾ വിവിധ പദ്ധതികൾ, DCB കളിലെയും അർബൺ സഹകരണ ബാങ്കുകളിലെയും RBI & NABARD ഇൻസ്പെക്ഷൻ റിപ്പോർട്ട് ,വിവിധ കടാശ്വാസ പദ്ധതികൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

17. **സി.ബി** -കേരള സംസ്ഥാന സഹകരണ ബാങ്കിലെ സ്ഥിര ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരുടെ ഭരണ പരമായ കാര്യങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ SHG പദ്ധതി , ഇന്ദിര ആവാസ് യോജന, വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ, ജില്ലാ സഹകരണ ബാങ്ക് , സംസ്ഥാന സഹകരണ ബാങ്ക്, നബാർഡ് എന്നിവയുടെ റിവ്യൂ മീറ്റിംഗ്, സംസ്ഥാന സഹകരണ ബാങ്കുകളിലെ

ആർബിട്രേഷൻ കേസ് ഫയലിംഗ്,കേസ് തീർപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

18. **സി.പി** : പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് ബാങ്കുകൾ, അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ, റൂറൽ സഹകരണ സംഘങ്ങൾ, കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ കാര്യങ്ങളും വിവിധ പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും കൂടാതെ അപ്പെക്സ് എംപ്ലോയീസ് സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി ഉൾപ്പെടെയുള്ള എംപ്ലോയീസ് സംഘങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

19. **ഐ.സി.ഡി.പി –** സംയോജിത സഹകരണ വികസന പദ്ധതിയെ സംബന്ധിച്ച കാര്യങ്ങളാണ് ഐ.സി.ഡി.പി സെക്ഷൻ കൈകാര്യം ചെയ്യുന്നത്.

20. **പി &എം –** പ്ലാൻ പ്രൊപ്പോസലുകൾ തയ്യാറാക്കി സർക്കാറിൽ സമർപ്പിക്കുകയും ഓരോ വർഷവും അനുവദിക്കുന്ന പദ്ധതി ധനസഹായ ബില്ലുകൾ,തയ്യാറാക്കി സംഘങ്ങൾക്ക് നൽകുകയും ചെക്ക് വഴി തുക റിലീസ് ചെയ്തുകൊടുക്കുകയും ചെയ്യുന്നത് പ്ലാനിംഗ് ആൻറ് മോണിറ്ററിംഗ് സെക്ഷനാണ്.കൂടാതെ ഗവർണ്ണർ പ്രസംഗം,ബജറ്റ് പ്രസംഗം എന്നിവയിൽ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇംഗ്ളീഷിലും മലയാളത്തിലും തയ്യാറാക്കി സർക്കാറിൽ സമർപ്പിക്കുന്നു. വാർഷിക വരവ് ചെലവ് പദ്ധതികൾ തയ്യാറാക്കുക. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാ ക്കുക എന്നിവ പ്രധാനപ്പെട്ട കർത്തവ്യങ്ങളാണ്.

21. **എസ്.റ്റി –** സഹകരണ സംഘങ്ങളുടെ നമ്പർസ്റ്റേറ്റ്മെൻറ്,കോ ഓപ്പറേറ്റീവ് ഡയറക്ടറി,വാർഷിക ഭരണ റിപ്പോർട്ട്, സാമ്പത്തിക അവലോകന റിപ്പോർട്ട്,പി.എ.സി.എസ് ബേസിക് ഡാറ്റാ,കാർഷിക മന്ത്രാലയത്തിന് വേണ്ടിയുള്ള വിവരങ്ങൾ, സംഘങ്ങളുടെ നിശ്ചിത പ്രൊഫോർമയിൽ ശേഖരിച്ച സ്ഥിതി വിവരക്കണക്കുകൾ എന്നിവ തയ്യാറാക്കി നൽകുന്നു.

22. **സഹകരണ ഇൻഫർമേഷൻ ബ്യൂറോ–** സഹകരണ വകുപ്പിലെ ഔദ്യോഗിക പ്രസിദ്ധീകരണമായ സഹകരണ വീഥി പ്രസിദ്ധീകരിക്കുന്നത് സഹകരണ ഇൻഫർമേഷൻ ബ്യൂറോ ആണ്.

23. **എൽ.ഒ** – ആക്ട് ആൻറ് റൂൾ ഭേദഗതികൾ തയ്യാറാക്കൽ,പരിശോധന,സെക്ഷനുകൾ തയ്യാറാക്കുന്ന സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സുകൾ പരിശോധിച്ച് നൽകൽ, ഓപ്പറേഷൻ മാന്വൽ എന്നിവ തയ്യാറാക്കലും പരിഷ്കരിക്കലും ,ഹൈക്കോടതി കേസുകളിൻമേൽ നിരീക്ഷണം,ലെയ്സൺ ആഫീസറിൽ നിന്നും കേസുകളെ സംബന്ധിച്ച പ്രതിവാര വിശദാംശങ്ങൾ യഥാസമയം ശേഖരിക്കൽ, ഓരോ കേസുകളെ സംബന്ധിച്ചുള്ള നിലവിലുള്ള സ്ഥിതി ആവശ്യപ്പെടുക,കരട് വിജ്ഞാപനങ്ങൾ പരിശോധിക്കുക,ബൈലോ അമെൻറ്മെൻറുകളുടെ പരിശോധന എന്നിവ ചെയ്യുന്നു.

## പരിശീലന കേന്ദ്രങ്ങൾ

എൻ.സി.സി.റ്റി.യുടെ നിയന്ത്രണത്തിൻ കീഴിൽ സഹകരണ മേഖലയിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് തിരുവനന്തപുരം കണ്ണൂർ ജില്ലകളിലെ ഐ.സി.എം സെന്ററുകൾ. ദേശീയ സഹകരണ യൂണിയനുമായി ചേർന്ന് തയ്യാറാക്കിയ ഉടമ്പടി അനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന്റെ 50% വഹിക്കേ ത് സഹകരണ വകുപ്പാണ്. 2017–18 വർഷത്തിൽ മാച്ചിംഗ് കോൺട്രിബ്യൂഷൻ ഇനത്തിൽ 44 ലക്ഷം രൂപ കണ്ണൂർ ഐ.സി.എം ന് നൽകിയിട്ടു ്. 2017–18 കാലയളവിൽ ഐ.സി.എം കണ്ണൂർ 25 ട്രെയിനിംഗ് പ്രോഗ്രാമുകളിലായി ഏകദേശം 568 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടു ്.

ടി സ്ഥാപനങ്ങൾക്ക് പുറമെ എ.സിഎസ്.റ്റി.ഐ, കെ.എസ്.സി.എ.ആർ.ഡി.ബി ഐ.റ്റി.എം എന്നിവയും സഹകരണ മേഖലയിൽ ഉദ്യോഗസ്ഥർക്കാവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്.

# മാനവ വിഭവം

- **ജീവനക്കാർ**

**31.03.2018 ലെ സഹകരണ വകുപ്പിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | തസ്തിക | അനുവദിച്ച തസ്തിക |
|---|---|---|
| 1 | സഹകരണ സംഘം രജിസ്ട്രാർ | 1 |
| 2 | സഹകരണ ആഡിറ്റ് ഡയറക്ടർ | 1 |
| 3 | അഡീഷണൽരജിസ്ട്രാർ /അഡീഷണൽ ഡയറക്ടർ | 7 |
| 4 | ജോയിന്റ് രജിസ്ട്രാർ / ജോയിന്റ് ഡയറക്ടർ | 33 |
| 5 | ഡെപ്യൂട്ടി രജിസ്ട്രാർ / ഡെപ്യൂട്ടി ഡയറക്ടർ | 37 |
| 6 | അസിസ്റ്റന്റ് രജിസ്ട്രാർ / അസിസ്റ്റന്റ് ഡയറക്ടർ | 224 |
| 7 | രജിസ്ട്രാറുടെ / ഡയറക്ടറുടെ പി.എ | 2 |
| 8 | ഇ.പി.ആർ.ഒ | 1 |
| 9 | ഫിനാൻസ് ആഫീസർ | 1 |
| 10 | ലോ ആഫീസർ | 1 |
| 11 | റിസർച്ച് ആഫീസർ | 1 |
| 12 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I | 5 |
| 13 | കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ / ഓഡിറ്റർ (ജൂനിയർ/ സീനിയർ/സ്പെഷൽ ഗ്രേഡ്) | 1168 |
| 14 | ഫെയർകോപ്പി സൂപ്ര | 3 |
| 15 | ക്ലാർക്ക് | 200 |
| 16 | ടൈപ്പിസ്റ്റ് | 136 |
| 17 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 11 |
| 18 | ഡ്രൈവർ | 18 |
| 19 | ഓഫിസ് അറ്റൻറ്റന്റ് | 285 |
| 20 | നൈറ്റ് വാച്ച് മേൻ | 15 |
| 21 | ബൈൻഡർ | 1 |
| 22 | ദഫേദാർ | 1 |
| 23 | പാർട്ട് ടൈം സ്വീപ്പർ | 71 |

| | | |
|---|---|---|
| **24** | ഫുൾ ടൈം സ്വീപ്പർ | 3 |
| **25** | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| | ആകെ | 2228 |

- **ആശ്രിത നിയമനങ്ങൾ ഉൾപ്പെടെയുള്ള ആകെ നിയമനങ്ങൾ**

| | |
|---|---|
| 1.ജൂനിയർ ഇൻസ്പെക്ടർ | 214 |
| 2 ലോവർ ഡിവിഷൻ ക്ളർക്ക് | 52 |
| 3.ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 29 |
| 4.കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 5.ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് | 43 |
| 6 ഡ്രൈവർ | 2 |
| 7. നൈറ്റ് വാച്ച് മേൻ | 5 |

- **2017-18 വർഷം സർവ്വീസിൽ നിന്ന് വിരമിച്ചവർ**

| **ക്രമ നമ്പർ** | **തസ്തിക** | **എണ്ണം** |
|---|---|---|
| 1 | സഹകരണ സംഘം രജിസ്ട്രാർ | 1 |
| 2 | അഡീഷണൽരജിസ്ട്രാർ/അഡീഷണൽ ഡയറക്ടർ | 4 |
| 3 | ജോയിന്റ് രജിസ്ട്രാർ/ ജോയിന്റ് ഡയറക്ടർ | **14** |
| 4 | ഡെപ്യൂട്ടി രജിസ്ട്രാർ / ഡെപ്യൂട്ടി ഡയറക്ടർ | **19** |
| 5 | അസിസ്റ്റന്റ്രജിസ്ട്രാർ / അസിസ്റ്റന്റ് ഡയറക്ടർ | 80 |
| 6 | കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ / ഓഡിറ്റർ (സീനിയർ) | 43 |
| **7** | കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ / ഓഡിറ്റർ (ജൂനിയർ) | 6 |
| 8 | ക്ലാർക്ക് | 3 |
| 9 | ഡ്രൈവർ | 1 |
| 10 | ഓഫീസ് അറ്റൻഡൻറ് | 7 |
| 11 | പാർട്ട് ടൈം സ്വീപ്പർ | 5 |

- **പരിശീലനം**

2017-18 കാലയളവിൽ ഐ.സി.എം കണ്ണൂർ 25 ട്രെയിനിംഗ് പ്രോഗ്രാമുകളിലായി ഏകദേശം 568 ഉദ്യോഗസ്ഥർക്കും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ഐ.എം.ജി കേന്ദ്രങ്ങളിൽ വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളിലായി ഏകദേശം 350 ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ട്.

**അച്ചടക്ക നടപടികൾ**

2017-18 വർഷത്തിൽ 1 അഡീഷണൽ രജിസ്ട്രാർ , 6 ജോയിന്റ് രജിസ്ട്രാർ, 3 ഡെപ്യൂട്ടി രജിസ്ട്രാർ 10 അസിസ്റ്റന്റ്രജിസ്ട്രാർ ,2 സ്പെഷ്യൽ ഗ്രേഡ് ഓഡിറ്റർ 12 സിനിയർ ഓഡിറ്റർ, 3 ജൂനിയർ ഓഡിറ്റർ എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ച 50 പരാതികളിൻമേൽ അന്വേഷണം നടത്തുന്നതിന് സഹകരണ വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സഹകരണ വിജിലൻസിൽ നിന്ന് ലഭിച്ച 19 അന്വേഷണ റിപ്പോർട്ടുകളിൻമേൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വകുപ്പിൻെറ പ്രവർത്തനങ്ങൾ

### a) സഹകരണ വകുപ്പിന്റെ പ്രവർത്തനം

1. സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുക
2. സഹകരണ സംഘങ്ങളുടെ നിയമാവലിയും അവയുടെ കാലാകാലങ്ങളിലുള്ള ഭേദഗതിയും പരിശോധിച്ച് രജിസ്റ്റർ ചെയ്ത് നൽകുക
3. സഹകരണ സംഘങ്ങളിലെ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തി ക്കൊടുക്കുക.
4. സഹകരണ സംഘങ്ങളിൽ ഒരു കമ്മിറ്റി രൂപീകരണം പരാജയപ്പെടുമ്പോഴോ, നിലവിലുള്ള കമ്മിറ്റിപിരിച്ചു വിടപ്പെടുമ്പോഴോ, പകരം അഡ്മിനിസ്ട്രേറ്റർ / അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് ഭരണസ്തംഭനം ഒഴിവാക്കുക.
5. സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
6. എല്ലാതരം സഹകരണ സംഘങ്ങളുടെയും ആഡിറ്റ് നിർവ്വഹിക്കുക.
7. സഹകരണ സംഘങ്ങളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തുകയും ആവശ്യമായ സംഗതികളിൽ അന്വേഷണം നടത്തുകയും ക്രമക്കേടുകളും അഴിമതികളും കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും സംഘത്തിനുണ്ടായ സാമ്പത്തിക നഷ്ടം ഈടാക്കുകയും ചെയ്യുക.
8. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ മേൽ നോട്ടം വഹിക്കുക,നിർദ്ദേശങ്ങൾ നൽകുക, നിയമ-ചട്ട വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക
9. അംഗങ്ങൾ, ജിവനക്കാർ, ഇടപാടുകാർ എന്നിവരും സഹകരണ സംഘങ്ങളും തമ്മിലുള്ള തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുക (ആർബിട്രേഷൻ)
10. ആർബിട്രേഷൻ തീർപ്പ് (വിധി) നടപ്പിലാക്കി കൊടുക്കുക (വിധി നടത്തിപ്പ്)
11. സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമല്ലാതെ വരുമ്പോൾ ലിക്വിഡേഷൻ നടപടികൾ നിർവ്വഹിക്കുക. .
12. ആർബിട്രേഷൻ തീർപ്പിന്മേലുള്ള അപ്പീൽ, റിവിഷൻ, റിവ്യു ഇവ നടത്തുക
13. സഹകരണ സംഘങ്ങൾക്കും അതിലെ ജീവനക്കാർക്കും, ഇടപാടുകാർക്കും, ബാധകമായ എല്ലാ കാര്യങ്ങളു ം സർക്കാർ നിർദ്ദേശങ്ങൾക്കും, നിയമ -ചട്ട വ്യവസ്ഥകൾക്കനുസൃതവും ആയി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

## b) സ്റ്ററ്റ്യൂട്ടറി പ്രവർത്തന റിപ്പോർട്ട്

ആർബിട്രേഷൻ,എക്സിക്യൂഷൻ,ലിക്വിഡേഷൻ എന്നിവയുമായി ബന്ധപ്പെട്ട 2017-18 വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ. **31.03.2018 ലെ ആർബിട്രേഷൻ കേസുകളുടെ ബാക്കി നിൽപ്പ്**

| ക്രമനമ്പർ | ആർബിട്രേഷൻ | കേസുകളുടെ എണ്ണം | തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | 31.03.2017 ലെ ബാക്കി നിൽപ്പ് | 121571 | 190951.31 |
| 2 | 01.04.2017 മുതൽ 31.03.2018 വരെ സ്വീകരിച്ചത് | 163151 | 380513.09 |
| | ആകെ | 284722 | 571464.40 |
| 3 | 01.04.2017 മുതൽ 31.03.2018 വരെ തീർപ്പാക്കിയത് | 206487 | 372717.32 |
| | 31.03.2018 ലെ ബാക്കി നിൽപ്പ് | 78235 | 198747.05 |

മേൽ സൂചിപ്പിച്ചതിൽ തിരുവനന്തപുരം,കോഴിക്കോട് ആർബിട്രേഷൻ കോടതികളിലെ ആർബിട്രേഷൻ കേസുകളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

ബി. **31.03.2018 ലെ ആർബിട്രേഷൻ കേസുകളുടെ ബാക്കി നിൽപ്പ്**

| ക്രമ നമ്പർ | ആർബിട്രേഷൻ | തിരുവനന്തപുരം (എണ്ണം) | കോഴിക്കോട് (എണ്ണം) |
|---|---|---|---|
| 1 | 31.03.2017 ലെ ബാക്കി നിൽപ്പ് | 299 | 265 |
| 2 | 01.04.2017 മുതൽ 31.03.2018 വരെ സ്വീകരിച്ചത് | 79 | 83 |
| | ആകെ | 378 | 348 |
| 3 | 01.04.2017 മുതൽ 31.03.2018 വരെ സ്വീകരിച്ചത് | 77 | 38 |
| | 31.03.2018 ലെ ബാക്കി നിൽപ്പ് | 301 | 310 |

സി. **31.03.2018 ലെ എക്സിക്യൂഷൻ കേസുകളുടെ ബാക്കി നിൽപ്പ്**

| ക്രമനമ്പർ | എക്സിക്യൂഷൻ | കേസുകളുടെ എണ്ണം | തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | 31.03.2017 ലെ ബാക്കി നിൽപ്പ് | 129271 | 162871.69 |
| 2 | 01.04.2017 മുതൽ 31.03.2018 വരെ സ്വീകരിച്ചത് | 83799 | 178699.27 |
| | ആകെ | 213070 | 341570.96 |

| | | | |
|---|---|---|---|
| 3 | 01.04.2017 മുതൽ 31.03.2018 വരെ തീർപ്പാക്കിയത് | 63303 | 94520.82 |
| | 31.03.2018 ലെ ബാക്കി നിൽപ്പ് | 149767 | 247050.14 |

**ഡി. 31.03.2018 ലെ ലികിിഡേഷൻ കേസുകളുടെ ബാക്കി നിൽപ്പ്**

| ക്രമ നമ്പർ | ലികിിഡേഷൻ | കേസുകളുടെ എണ്ണം | ആസ്തി (തുക ലക്ഷത്തിൽ) | ബാദ്ധ്യത (തുക ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | 31.03.2017 ലെ ബാക്കി നിൽപ്പ് | 667 | 3770.98 | 4649.80 |
| 2 | 01.04.2017 മുതൽ 31.03.2018 വരെ സ്വീകരിച്ചത് | 47 | 27.70 | 15.07 |
| | ആകെ | 716 | 3798.68 | 4664.87 |
| 3 | 01.04.2017 മുതൽ 31.03.2018 വരെ തീർപ്പാക്കിയത് | 57 | 23.81 | 32.96 |
| | 31.03.2018 ലെ ബാക്കി നിൽപ്പ് | 657 | 3774.86 | 4631.93 |

## c) സഹകരണ സംഘങ്ങളും അവയുടെ പ്രവർത്തനങ്ങളും

### i). പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ

സംസ്ഥാനത്ത് സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണബാങ്ക് എന്ന പേരിൽ ഒരു അപ്പെക്സ് സ്ഥാപനവും അതിന് കീഴിൽ 14 ജില്ലാ സഹകരണബാങ്കുകളും അതിന് കീഴിൽ 1647 പ്രാഥമിക സഹകരണസംഘങ്ങൾ/ബാങ്കുകളും പ്രവർത്തിച്ച് വരുന്നു

946 കാർഷിക വായ്പാസഹകരണസംഘങ്ങൾ ലാഭത്തിലും 620 സംഘങ്ങൾ നഷ്ടത്തിലും അവശേഷിക്കുന്നവ പ്രവർത്തനരഹിതവുമാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി സാധാരണയായി ഒരു പഞ്ചായത്തായിരിക്കും.ഇത്തരം സംഘങ്ങളുടെ പ്രധാന ലക്ഷ്യം അംഗങ്ങൾക്കിടയിലെ പരസ്പര സഹായവും സഹകരണവും അംഗങ്ങൾക്ക് കാർഷിക വായ്പ അടക്കമുള്ള വായ്പകൾ നൽകുകയുമാണ്.കൂടാതെ അംഗങ്ങളിൽ നിന്ന് നിക്ഷേപയിനത്തിൽ തുക സമാഹരിക്കുകയും ആയത് സംഘത്തിന്റെയും സംഘാംഗങ്ങളുടെയും പൊതുവായ പുരോഗതിക്കായി ഉപയോഗിക്കുകയും ചെയ്യുന്നു

### ii) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/ഭരണ നിർവ്വഹണം

നബാർഡിന്റെയും സംസ്ഥാന സർക്കാറിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി സർക്കുലറുകളിലൂടെയും ഉത്തരവുകളിലൂടെയും നിബന്ധനകളിലെ ഭേദഗതികൾ അംഗീകരിച്ചു നൽകൽ ,ബ്രാഞ്ചുകൾ അനുവദിക്കൽ തുടങ്ങിയ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തു വരുന്നു.

## iii) പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

പട്ടികജാതി / പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണ് പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ . 31.03.2017 ലെ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം 690 പട്ടികജാതി സഹകരണ സംഘങ്ങളും 129 പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുമാണ് സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.ഇതിൽ 346 പട്ടികജാതി സഹകരണ സംഘങ്ങളും 70 പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുമാണ് പ്രവർത്തി പഥത്തിലുള്ളത്.

2017-18 വർഷത്തിൽ പട്ടിക ജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി ഓഹരി സബ്സിഡിയിനങ്ങളിലായി വകയിരുത്തിയിരുന്ന 928 ലക്ഷം രൂപ ചുവടെ പറയുന്ന പദ്ധതികളിലായി അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സംഘങ്ങളുടെ എണ്ണം | അനുവദിച്ച തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | റിവൈവൽ സ്കീം | 12 | 57 (34.2 സബ്സിഡി,22.8 ഓഹരി) |
| 2 | കമ്പ്യൂട്ടറൈസേഷൻ | 8 | 40 (28 സബ്സിഡി,12 ഓഹരി) |
| 3 | ബിൽഡിംഗ് ഗ്രാൻറ് | 30 | 105.4 (105.4 സബ്സിഡി) |
| 4 | പ്രവർത്തന മൂലധന ഗ്രാന്റ് | 63 | 126(സബ്സിഡി) |
| 5 | ഓഹരി മൂലധനം | 23 | 61.43 (ഓഹരി) |
| 6 | മാനേജിരിയൽ സബ്സിഡി | 38 | 15.12 (സബ്സിഡി) |
| 7 | പ്രത്യേക പ്രോജക്ടുകൾ | 14 | 343.7 (സബ്സിഡി) |
| 8 | എസ്.സി- എസ്.ടി ഫെഡറേഷനുള്ള സഹായം | | 245.77 (135 സബ്സിഡി,110.77 ഓഹരി) |
| 9 | ഇ.എം.എസ് മെമ്മോറിയൽ ഹോസ്പിറ്റൽ | | 145 (100 സബ്സിഡി ,45 ഓഹരി) |

## iv) വ്യത്യസ്ത തരത്തിലുള്ള സഹകരണസംഘങ്ങൾ

ബിരുദാനന്തര ബിരുദ ധാരികൾ , എഞ്ചിനീയർമാർ,സാങ്കേതിക വിദഗ്ദ്ധർ തുടങ്ങിയ വിദ്യാ സമ്പന്നർക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിച്ച് ജനങ്ങൾക്കിടയിൽ സാമൂഹ്യ സാമ്പത്തിക വികസനം എന്ന ലക്ഷ്യം മുൻ നിർത്തിയാണ് സംസ്ഥാനത്ത് വ്യത്യസ്ത തരത്തിലുള്ള സഹകരണ സംഘങ്ങൾക്ക് രൂപം കൊടുത്തത്.

1. വനിതാ സഹകരണ സംഘങ്ങൾ -സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ദാരിദ്ര്യം ലഘൂകരിക്കുന്നതിനും വേണ്ടി സഹകരണ വകുപ്പിന്റെ കീഴിൽ രൂപീകരിച്ചതാണ് വനിതാ സഹകരണ സംഘങ്ങൾ.സ്വയം പര്യാപ്തത നേടുന്നതിന് വേണ്ടി ഓഹരി മൂലധനം, ,സബ്സിഡി എന്നിവ വഴി സർക്കാർ ധനസഹായം നൽകുന്നുണ്ട് .സമൂഹത്തിൽ സ്ത്രികളുടെ ഉന്നമനത്തിന് വേണ്ടി ആരംഭിച്ച പല സംഘ

ങ്ങളും വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ധാരാളം സ്വയം സഹായ ഗ്രൂപ്പുകളും ഇവയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട് .ഒരു അപ്പെക്സ് സ്ഥാപനം എന്ന നിലയിൽ വനിതാ ഫെഡ് ആണ് വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ കോ ഓർഡിനേറ്റ് ചെയ്യുന്നത്.ദുർബല സംഘങ്ങൾക്ക് 10 ലക്ഷം രൂപ സഹായം നൽകുന്ന ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

2. ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ - ആതുര സേവന രംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ. .സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ രജിസ്ട്രേഷനുള്ള 110 സഹകരണ ആശുപത്രികൾ ഉണ്ട്.ഇതിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ധാരാളം സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും ജില്ലാസഹകരണ ഹോസ്പിറ്റലുകളും ഉണ്ട്.ഗ്രാമങ്ങളിലും നഗരങ്ങളിലും മെഡിക്കൽ സഹായം നൽകുന്നതിന് മെഡിക്കൽ, പാരാ മെഡിക്കൽ വിദഗ്ധരുടെ സേവനം വിശേഷാൽ ഗ്രാമപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും വേണ്ടി രൂപീകരിച്ചതാണ് ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ.പാരാ മെഡിക്കൽ കോഴ്സ് നടത്തുന്നതിന് ഈ സംഘങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ( **NCDC**, സ്റ്റേറ്റ് പ്ലാൻ ,നബാർഡ്, **RIDF**)സഹകരണ ആശുപത്രികൾക്ക് ധനസഹായം ലഭിക്കുന്നുണ്ട്.കേരള ഹോസ്പിറ്റൽ ഫെഡറേഷനാണ് ഇതിന്റെ പ്രവർത്തനങ്ങളെ കോ ഓർഡിനേറ്റ് ചെയ്യുന്നത്.ഇപ്പോൾ സർക്കാർ മെഡിക്കൽ ലാബുകൾ,രക്തബാങ്ക്,ഡയാലിസിസ് യൂണിറ്റ്,ആധുനിക ഉപകരണങ്ങൾ,ആംബുലൻസ് വാങ്ങൽ എന്നിവക്കുള്ള സാമ്പത്തിക സഹായവും സംഘങ്ങൾക്ക് നൽകുന്നുണ്ട്.ജനകീയ അടിത്തറയും ചൂഷണ വിമുക്തമായ ലക്ഷ്യവും സേവന മനോഭാവവും സഹകരണ ആശുപത്രികളെ ജനപ്രിയമാക്കിയിട്ടുണ്ട്.ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാ സേവനം മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

3. ഹൗസിംഗ് സഹകരണ സംഘങ്ങൾ സഹകരണ ഭവന നിർമ്മാണ മേഖലയിൽ ഹൗസിംഗ് സഹകരണ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് **L I C, H U D C O, H D F C, N H B** എന്നിവിടങ്ങളിൽ നിന്നുള്ള ഫണ്ടിൽ നിന്നും ഭവന വായ്പകൾ അനുവദിക്കുന്നുണ്ട്. സ്റ്റേറ്റ് പ്ലാൻ വഴിയും സാമ്പത്തിക സഹായം നൽകി വരുന്നു.സാധാരണ ജനങ്ങളുടെ ഭവന നിർമ്മാണ ആവശ്യങ്ങൾക്ക് പൂർത്തീകരണത്തിന് ഈ സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു.കേരള കോ ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ആണ് ഈ സംഘങ്ങളുടെ അപ്പെക്സ് സൊസൈറ്റി.

4. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ - സംസ്ഥാനത്ത് സഹകരണ മേഖലയിൽ 67 ആർട്സ് & സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.നഗരത്തിലെയും ഗ്രാമപ്രദേശങ്ങളിലെയും വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസം ലഭിക്കാൻ സഹകരണ വിദ്യാഭ്യാസ സംഘങ്ങൾ കൊണ്ട് സാധിക്കുന്നുണ്ട്.സ്വാശ്രയ മാനേജ് മെന്റുകളുടെ ചൂഷണം ഒരു പരിധി വരെ കുറക്കുന്നതിന് ഇത്തരം സംഘങ്ങൾ സഹായകരമാണ്.

5. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ കേരള സഹകരണ നിയമം ചട്ടം 15(9)പ്രകാരമാണ് പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളും അവയുടെ അപ്പെക്സ് സ്ഥാപനമായി കേരള സ്റ്റേറ്റ് ലേബർ കോ ഓപ്പറേറ്റീവ് ഫെഡറേഷൻ (ലേബർഫെഡ്)രൂപീകരിച്ചിട്ടുള്ളത്.നിർമ്മാണ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തി വരുന്ന സഹകരണ സംഘങ്ങളാണ് പ്രാഥമിക ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ. കേരളത്തിലെ അവിദഗ്ധ,അർദ്ധ വിദഗ്ധ ,വിദഗ്ധ തൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക തൊഴിൽ മേഖലകളിലെ സർവ്വതോൻമുഖമായ പുരോഗതിയാണ് ഇത്കൊണ്ട് ലക്ഷ്യമാക്കുന്നത്.ആധുനിക സാങ്കേതിക വിദ്യയുടെ വ്യാപനം തൊഴിൽ രംഗത്ത് ഉണ്ടാക്കുന്ന മാറ്റങ്ങൾക്കനുസൃതമായി പുതിയ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും കാലഘട്ടത്തിന്റെ അനിവാര്യതകളിൽ കൂടുതൽ കരുതലോടെ മുന്നോട്ട് പോകുന്നതിന് തോഴിലാളികളെ പ്രാപ്തരാക്കുന്നതിനും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് കഴിയുന്നുണ്ട്.സംസ്ഥാനത്തെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മൂലം സ്വകാര്യ കരാറുകാരുടെ അമിത ചൂഷണം ഒരു

പരിധി വരെ നിയന്ത്രിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ അവസരം ഒരുക്കുന്നതിനും ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ സഹായകരമാണ്.

6. സാഹിത്യ പ്രവർത്തക സഹകരണ സംഘം ക്ലിപ്തം നം. 2458 - 19/03/1945 ൽ രജിസ്റ്റർ ചെയ്യുകയും 30/04/2015 ൽ കോട്ടയം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്ത 2458 – ാം നമ്പർ സാഹിത്യ സഹകരണ സംഘം ഏഷ്യയിലെ എഴുത്തുകാരുടെ ആദ്യത്തെ സഹകരണ സംഘം ആണ്. സംഘത്തിന്റെ പ്രവർത്തന പരിധി കേരള സംസ്ഥാനം മുഴുവൻ ആണ്.ഇടക്കാലത്ത് ചില അപചയങ്ങളാൽ അടച്ച് പൂട്ടലിന്റെ വക്കിലെത്തിയ സ്ഥാപനം 2007–11 കാലയളവിലെ സഹകരണ വകുപ്പിൽ നിന്നുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇപ്പോൾ പുരോഗതിയുടെ പാതയിലാണ്. സംഘം അംഗങ്ങളായ സാഹിത്യകാരൻമാരുടെ കൃതികൾ പ്രസിദ്ധീകരിക്കുകയും മറ്റ് സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൃതികളുടെ വിതരണവും വിൽപനയും സംഘം നടത്തുന്നുണ്ട്. ടി പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വിറ്റഴിക്കുന്നതിന് സംഘത്തിന്റെ വിപണന വിഭാഗമായ നാഷണൽ ബുക്ക് സ്റ്റാൾ വഴിയാണ്. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൃതി അന്താരാഷ്ട്ര പുസ്തകോൽസവം നടത്തി വരുന്നു.

7. ടൂറിസം സഹകരണ സംഘം - സഹകരണ മേഖലയിൽ ടൂറിസം വികസന ലക്ഷ്യത്തോടെ സഹകരണ ടൂറിസം സംഘങ്ങളുടെ ഫെഡറേഷനായി 2011 ൽ പ്രവർത്തനം ആരംഭിച്ച സംഘം അംഗ സംഘങ്ങളുടെ ടൂറിസം പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാത്തരം സഹായങ്ങളും നൽകുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ വില്ലേജ് ടൂറിസം,ഫാം ടൂറിസം,ആയുർവേദ ടൂറിസം ,കൾച്ചറൽ ടൂറിസം തുടങ്ങിയവ ഏറ്റെടുത്ത് നടത്തുകയോ നടത്തിപ്പിലേക്ക് വേണ്ട സഹായം ചെയ്യുകയോ ചെയ്യുക, വിദേശികൾക്കും സ്വദേശികൾക്കും റോഡ്,റെയിൽ ,വ്യോമ മാർഗ്ഗങ്ങളിലൂടെ ബുക്കിംഗ് സർവ്വീസ് നൽകി ടൂറിസ്റ്റ് പാക്കേജുകൾ നൽകുന്നുണ്ട്.കൊല്ലം മിനിയേച്ചർ റെയിൽവെ,വർക്കല ഹരിഹരപുരം കായൽ ടൂറിസം,ടൂറിസം ട്രെയിനിംഗ് സെന്റർ,ഹെൽത്ത് ടൂറിസം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു.

8. ജീവനക്കാരുടെ വായ്പ സഹകരണ സംഘങ്ങൾ . – സംസ്ഥാനത്ത് 1122 ജീവനക്കാരുടെ വായ്പ സഹകരണ സംഘങ്ങൾ ജീവനക്കാരുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിച്ചുവരുന്നു.ഇതിൽ എൽ.ഐ.സി സ്റ്റാഫ് സഹകരണ സംഘം റിസർവ്വ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിച്ചുവരുന്ന സംഘമാണ്. മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചുവരുന്ന സംഘങ്ങൾക്ക് ആകെ 219 ശാഖകൾ ഉണ്ട്. 676 സംഘങ്ങൾ ലാഭത്തിലും 377 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്.

9. മറ്റ് സഹകരണ സംഘങ്ങൾ – മേൽ പറഞ്ഞവ കൂടാതെ പ്രിന്റിംഗ് സഹകരണ സംഘം , മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം, എക്സ് സർവ്വീസ് മെൻ സഹകരണ സംഘം, അലക്കു തൊഴിലാളി സഹകരണ സംഘം, ലൈം ഷെൽ സഹകരണ സംഘം,ചെത്തു തൊഴിലാളി സഹകരണ സംഘം ,ക്യാന്റീൻ സഹകരണ സംഘം,ടെയ്‌ലറിംഗ് സഹകരണ സംഘം,സാമൂഹ്യ ക്ഷേമ സഹകരണ സംഘം,ആന ഉടമകളുടെ സഹകരണ സംഘം, അംഗ പരിമിതർക്കുള്ള സഹകരണ സംഘം, പെൻഷനേഴ്സ് വെൽഫെയർ സഹകരണ സംഘം, ഫാർമേഴ്സ് സോഷ്യൽ സഹകരണ സംഘം, സെറി കൾച്ചറുമായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ, ലാബ് ടെക്നീഷ്യൻമാരുടെ സഹകരണ സംഘം, ഹെഡ് ലോഡ് വർക്കേഴ്സ് സഹകരണ സംഘം , വ്യാപാരി വ്യവസായി സഹകരണ സംഘം, കോ ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സഹകരണ സംഘം, ലീഗൽ മെട്രോളജി സഹകരണ സംഘം, റീറ്റെയിൽ മെഡിക്കൽ ഷോപ്പ് സഹകരണ സംഘം, അഭിഭാഷകരുടെ വെൽഫെയർ സഹകരണ സംഘം, സിനി ആർട്ടിസ്റ്റ് സഹകരണ സംഘം, എൽ.ഐ.സി ഏജൻറുമാരുടെ സഹകരണ സംഘം, സീനിയർ സിറ്റിസൺസ് സഹകരണ സംഘം, വ്യാപാരി വ്യവസായി തൊഴിലാളികളുടെ ഷോപ്പ് & എസ്റ്റാബ്ലിഷ് മെൻറ് സഹകരണ സംഘം സീഫുഡ് സഹകരണ സംഘം,കേരള ആയുർവേദിക് സഹകരണ സംഘം,കൺസ്ട്രക്ഷൻ & ബിൽഡിംഗ് വർക്കേഴ്സ് സഹകരണ സംഘം, കേബിൾ ഇൻറർനെറ്റ് സഹകരണ സംഘം, കോഫി വർക്കേഴ്സ് സഹകരണ സംഘം, ഗൾഫ് റിട്ടേണീസ് വെൽഫെയർ സഹകരണ സംഘം, മനുഷ്യാവകാശ പ്രവർത്തക ക്ഷേമ

സഹകരണ സംഘം, വിദഗ്ധ അവിദഗ്ധ തൊഴിലാളി സഹകരണ സംഘം, ടീച്ചേഴ്സ് & നോൺ ടീച്ചിംഗ് സ്റ്റാഫ് സഹകരണ സംഘം, റപ്രസൻറേറ്റീവ്സ് & സെയിൽസ്മാൻ സഹകരണ സംഘം, ലോട്ടറി തൊഴിലാളി കളുടെ സഹകരണ സംഘം ഉടങ്ങിയ ജീവിതത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട പല സംഘങ്ങളും ഉണ്ട്.കൂടാതെ ട്രാൻസ് ജെന്റേഴ്സ് സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നു.

2017-18 വർഷം സ്റ്റേറ്റ് പ്ലാനിന്റെ കീഴിൽ സഹായം അനുവദിച്ചതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക സഹായം | അനുവദിച്ച തുക ലക്ഷത്തിൽ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | പലവക സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം | 51 | 30 |
| 2 | വനിത സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂല ധനം | 66.37235 | 46 |
| 3 | ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂല ധനം | 67.9525 | 6 |
| 4 | വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂല ധനം | 30 | 2 |
| 5 | മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം | 2 | 1 |
| 6 | ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം | 14 | 4 |
| 7 | സാഹിത്യ പ്രവർത്തക സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം | 49.985 | 1 |
| 8 | ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള വായ്പ | 41.54 | 3 |
| 9 | സാഹിത്യ പ്രവർത്തക സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധനം | 13.625 | 1 |
| 10 | വനിത സഹകരണ സംഘങ്ങൾക്കുള്ള വായ്പ | 31.25 | 7 |
| 11 | വനിത സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി | 106.34 | 30 |
| 12 | ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി | 43.80265 | 7 |
| 13 | സാഹിത്യ പ്രവർത്തക സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി ി | 195 | 1 |
| | ആകെ | 712.8675 | 139 |

**NCDC** പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം/ഇനം | തുക ലക്ഷത്തിൽ |
|---|---|---|
| 1 | 6425-108-19 വായ്പ | 383.62397 |
| 2 | 4425-108-42 ഓഹരി | 837.0415 |
| | ആകെ | 1220.66547 |

**RIDF** പദ്ധതി പ്രകാരം വായ്പ 6425-108-10 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും 1005.55840 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**NCDC,NABARD** എന്നിവയുടെ സഹായത്തോട് കൂടിയും സഹകരണ വകുപ്പ് വഴി സർക്കാർ നൽകുന്ന സാമ്പത്തികവും ഭരണപരവുമായ സഹായങ്ങൾ നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ സഹകരണ മേഖലക്ക് വളരെയധികം ഗുണം ചെയ്യുന്നുണ്ട്.

## ചട്ടങ്ങളും നിയമങ്ങളും

**2017-18** സാമ്പത്തിക വർഷം കേരള സഹകരണ സംഘ ആക്റ്റിൽ ചില ഭേദഗതികൾ വരുത്തുകയുണ്ടായി.

**1.** 2017 സെപ്റ്റംബർ 13 ന് പ്രധാന വകുപ്പുകളായ വകുപ്പ് 2, 18, 28 , 32 എന്നിവയിൽ ഭേദഗതി വരുത്തുകയുണ്ടായി.കൂടാതെ വകുപ്പ് 16 എ, 19 എ ,വകുപ്പ് 28 ലെ 1 ഐ ഉപ വകുപ്പ് എന്നിവ വിട്ടുകളയേണ്ടതുമാണ്.

**2. 2017** ഡിസംബർ **30** ന് മാറ്റം വരുത്തിയ ചട്ടങ്ങൾ

- ചട്ടം 3 ലെ ഉപ ചട്ടം 6
- ചട്ടം 15
- ചട്ടം 35 ലെ ഉപ ചട്ടം 1,4,
- ചട്ടം 47 ലെ വിഭാഗം **(സി)**
- ചട്ടം 124 ലെ ഉപ ചട്ടം 9
- ചട്ടം 124 എ യിലെ ഉപ ചട്ടം 1,2
- ചട്ടം 128 ലെ ഉപ ചട്ടം 1 **&** വിഭാഗം **(** I, ii **&** iii )
- ചട്ടം 128 ലെ ഉപ ചട്ടം **2**
- ചട്ടം 128 ലെ ഉപ ചട്ടം **3** ലെ വിഭാഗം **(** I **&** ii )
- ചട്ടം 12**9** ലെ വിഭാഗം (എ)
- ചട്ടം 178 എ
- ചട്ടം 186 ലെ ഉപ ചട്ടം 1 ലെ i b,v,vi **&** ഉപ ചട്ടം 1 എ

<u>ഒഴിവാക്കപ്പെട്ട നിയമങ്ങൾ</u>

- ചട്ടം **16** ലെ ഉപ ചട്ടം **2** ലെ വിഭാഗം **(ജി)**
- ചട്ടം **18**
- ചട്ടം 35 ലെ ഉപ ചട്ടം 6 ലെ വിഭാഗം **(ബി)**
- ചട്ടം 37
- ചട്ടം 128 ലെ ഉപ ചട്ടം 1 ലെ വിഭാഗം **( iv )**

# പദ്ധതികളും മറ്റ് സാമ്പത്തികസഹായങ്ങളും

## 1. സംയോജിത സഹകരണ വികസന പദ്ധതി.

ഗ്രാമീണ കാർഷിക സമ്പദ് വ്യവസ്ഥയിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സ്വാധീനവും കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും അത് വഴി പൊതു സമ്പദ് വ്യവസ്ഥയിൽ വികസനം സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി,ഡി.സി) ദേശീയ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സംയോജിത ഗ്രാമ വികസന പദ്ധതി. ഏഴാം പഞ്ചവത്സര പദ്ധതി കാലത്താണ് ഈ പദ്ധതി ആരംഭിച്ചത് . വികസന പദ്ധതികൾ ആവിഷ്കരിച്ച് ധനസഹായം അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കി ഒരു ജില്ലയെ അടിസ്ഥാന യൂണിറ്റാക്കി കണക്കാക്കി ആ ജില്ലയെ സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് സംയോജിത ഗ്രാമ വികസന പദ്ധതിക്ക് രൂപം നൽകിയത്. കർഷകർക്കും ഗ്രാമീണ ജനതക്കും മെച്ചപ്പെട്ട പ്രയോജനം ലഭ്യമാകുന്ന തരത്തിൽ സഹകരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും ഈ പദ്ധതി മൂലം സാധിക്കുന്നതാണ്.

ഒരു പ്രദേശത്തിന്റെ വികസനത്തിന് സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ട പശ്ചാത്തലത്തിലാണ് ഐ.സി.ഡി.പി പദ്ധതി ആരംഭിക്കുന്നതിന് എൻ.സി.ഡി.സി തീരുമാനിച്ചത്.അതോടുകൂടി ഒരു പ്രദേശത്തിന്റെ വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ആശയത്തിന് ശാക്തീകരണം ലഭിച്ചു. മറ്റൊരർത്ഥത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകൾ കേന്ദ്രമാക്കി അതാത് ജില്ലകളിലെ സഹകരണ സ്ഥാപനങ്ങളെ ഗ്രാമീണ വികസന പ്രക്രിയയുടെ കേന്ദ്രബിന്ദുവായി വളർത്തിയെടുക്കുകയാണ് ഐ.സി.ഡി.പി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.സഹകരണ മേഖലയുടെ പിന്നോക്കാവസ്ഥക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള പ്രവർത്തന മൂലധനത്തിന്റെ കുറവ്,കാര്യക്ഷമത കുറഞ്ഞ മനുഷ്യ വിഭവ ശേഷി ,സർക്കാറിനോടുള്ള പരിധിയില്ലാത്ത സാമ്പത്തിക ആശ്രയത്വം തുടങ്ങിയവക്ക് കഴിയുന്നത്ര പരിഹാരം കണ്ടെത്തുക എന്നതും ഐ.സി.ഡി.പി യുടെ പ്രധാന ലക്ഷ്യമാണ്. 1986 ഡിസംബറിൽ ഇന്ത്യയിൽ ആദ്യമായി ഐ.സി.ഡി.പി പദ്ധതി പശ്ചിമ ബംഗാളിലെ നഡിയ ജില്ലയിൽ ആരംഭിച്ചു.കേരളത്തിൽ ആദ്യമായി 1989 ൽ വയനാട് ജില്ലയിൽ പദ്ധതി ആരംഭിച്ചു.തുടർന്ന് ഇടുക്കി,പാലക്കാട്,തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുകയും ഇപ്പോൾനടപ്പിലാക്കി വരികയും ചെയ്യുന്നു. വയനാട് ജില്ലയിൽ പദ്ധതിയുടെ രണ്ടാം ഘട്ടം 2009 ൽ ആരംഭിച്ച് 2013 ൽ പൂർത്തിയാക്കി.

2017-18 സാമ്പത്തിക വർഷം ആകെ 27.85 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നതിൽ 25.31 കോടി രൂപ ഇടുക്കി,പാലക്കാട്,തൃശ്ശൂർ ഐ.സി.ഡി.പി രണ്ടാം ഘട്ടപദ്ധതിക്ക് വേണ്ടി അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇന്ത്യയിൽ ആദ്യമായി സഹകരണ മേഖലയിൽ ഇടുക്കി ജില്ലയിലെ പ്രാഥമിക സഹകരണ ബാങ്കുകളെയും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനെയും കോർത്തിണക്കി കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.ഇടുക്കി ജില്ലയിൽ തങ്കമണി തേയില ഫാക്ടറി,ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി സഹകരണ ആശുപത്രി ,പ്രാഥമിക സംഘങ്ങൾക്ക് കെട്ടിടം നിർമ്മാണം,കാർഡമം ഡ്രയർ യൂണിറ്റ്,ഗോഡൗൺ ,ക്ഷീര സംഘങ്ങൾക്ക് പാൽ സംസ്കരണ യൂണിറ്റ് എന്നീ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചു. പാലക്കാട് ജില്ലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണം,ആശുപത്രി സംഘങ്ങൾക്ക് ആശുപത്രി അടിസ്ഥാന സൗകര്യ വികസനം,വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം,ക്ഷീര സംഘങ്ങൾക്ക് പാൽ സംസ്കരണ യൂണിറ്റ്,എസ്.സി.എസ്.റ്റി ,വനിതാ സഹകരണ സംഘങ്ങൾ ,കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം എന്നീ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചു നൽകി.

തൃശ്ശൂർ ജില്ലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണം, ഗോഡൗൺ,ക്യാഷ് കൗണ്ടർ,സ്ട്രോംഗ് റൂം,ഫർണ്ണീച്ചർ എന്നിവക്കും ക്ഷീര സംഘങ്ങൾക്ക് പാൽ സംസ്കരണ യൂണിറ്റ്, ആശുപത്രി സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം, എസ്.സി.എസ്.റ്റി വനിതാ സഹകരണ സംഘങ്ങളുടെ വികസനം എന്നീ ആവശ്യങ്ങൾക്കും ഐ.സി.ഡി.പി വഴി ധന സഹായം അനുവദിച്ചു നൽകി.

**2 .പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള (PACS) ഓഹരി മൂലധനം**

സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന കർഷകർ ,വനിതകൾ, എസ്.സി /എസ്.റ്റി വിഭാഗങ്ങൾ ,മറ്റ് വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായി സ്വയം സഹായ സംഘങ്ങൾ ( SHG) വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.പ്രാഥമിക സഹകരണ സംഘങ്ങളിലെയും / ബാങ്കുകളിലെയും എസ്.സി /എസ്.റ്റി സംഘങ്ങളിലെയും SHG കൾക്ക് 2 ലക്ഷം രൂപ വീതം ഓഹരി മൂലധനസഹായത്തിന് അർഹതയുണ്ട്. 2017-18 സാമ്പത്തിക വർഷം 53 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ / ബാങ്കുകൾക്ക് 52,30,000 രൂപ 4425-107-89 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ജില്ലയുടെ പേര് | തുക അനുവദിച്ചത് |
|---|---|---|
| 1 | തിരുവനന്തപുരം | 200000 |
| 2 | കൊല്ലം | 600000 |
| 3 | പത്തനംതിട്ട | 730000 |
| 4 | ആലപ്പുഴ | 900000 |
| 5 | പാലക്കാട് | 1100000 |
| 6 | കോട്ടയം | 200000 |
| 7 | ഇടുക്കി | 200000 |
| 8 | തൃശൂർ | 200000 |
| 9 | എറണാകുളം | 400000 |
| 10 | വയനാട് | 200000 |
| 11 | കോഴിക്കോട് | 300000 |
| 12 | കാസർഗോഡ് | 200000 |
| | **ആകെ** | 52,30,000 |

**3.സംസ്ഥാന പദ്ധതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ( PACS) ഓഹരി മൂലധനം .**

| **ജില്ല** | **തുക ലക്ഷത്തിൽ** | **സംഘങ്ങളുടെ എണ്ണം** |
|---|---|---|
| തിരുവനന്തപുരം | 7 | 7 |
| കൊല്ലം | 5 | 5 |
| പത്തനംതിട്ട | 5.2595 | 11 |
| ആലപ്പുഴ | 11 | 11 |
| കോട്ടയം | 5.10 | 6 |
| ഇടുക്കി | 1 | 1 |
| എറണാകുളം | 9 | 9 |
| തൃശൂർ | 5.5 | 6 |
| പാലക്കാട് | 5 | 5 |
| മലപ്പുറം | 2 | 2 |
| കോഴിക്കോട് | 2.80 | 3 |
| കണ്ണൂർ | 6 | 6 |
| കാസറഗോഡ് | 3 | 3 |
| **ആകെ** | 67.6595 | 75 |

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ നീതി സ്റ്റോർ,നീതി മെഡിക്കൽസ്,കൺസ്യൂമർ സ്റ്റോർ,നീതി ഗ്യാസ് മുതലായവയും നടത്തി വരുന്നു.ടി സംഘങ്ങൾ നടത്തി വരുന്ന പ്രോസസിംഗ് പ്രവർത്തനങ്ങളും തൃപ്തികരമാണ്.

**4. SHG സബ്സിഡി**

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ /ബാങ്കുകളിലെയും ,എസ്.ടി സംഘങ്ങളിലെയും സ്വയം സഹായ സംഘങ്ങൾക്ക് 2017-18 സാമ്പത്തിക വർഷം സബ്സിഡിയായി ഗ്രാന്റായിട്ട് 10,78,000 രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ജില്ലയുടെ പേര് | തുക അനുവദിച്ചത് |
|---|---|---|
| 1 | കൊല്ലം | 14000 |
| 2 | പത്തനംതിട്ട | 211000 |
| 3 | ആലപ്പുഴ | 68000 |
| 4 | കോട്ടയം | 15000 |
| 5 | ഇടുക്കി | 174000 |
| 6 | എറണാകുളം | 104000 |
| 7 | തൃശൂർ | 106000 |
| 8 | പാലക്കാട് | 386000 |
| | **ആകെ** | 10,78,000 |

**5.എസ്.ടി (എസ്.എ.ഒ) പുനർ വായ്പ**

2017-18 സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്കിന് എസ്.ടി (എസ്.എ.ഒ) പുനർ വായ്പയായി 1711.62 കോടി രൂപ നബാർഡ് അനുവദിച്ചിട്ടുള്ളതും ടി തുക സംസ്ഥാന സഹകരണ ബാങ്കിന്റെ വിഹിതം ഉൾപ്പെടെ ചുവടെ ചേർക്കും പ്രകാരം ജില്ലാ സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | ജില്ലയുടെ പേര് | നബാർഡിന്റെ വിഹിതം 40 % | സംസ്ഥാനസഹകരണ ബാങ്കിന്റെവിഹിതം 10 % | ആകെ |
|---|---|---|---|---|
| 1 | കൊല്ലം | 433000000 | 77000000 | 510000000 |
| 2 | പത്തനംതിട്ട | 633000000 | 127000000 | 760000000 |
| 3 | ആലപ്പുഴ | 2425000000 | 575000000 | 3000000000 |
| 4 | കോട്ടയം | 585000000 | 115000000 | 700000000 |
| 5 | ഇടുക്കി | 1225000000 | 275000000 | 1500000000 |
| 6 | എറണാകുളം | 777000000 | 163000000 | 940000000 |

| | | | | |
|---|---|---|---|---|
| 7 | തൃശൂർ | 1140000000 | 256700000 | 1396700000 |
| 8 | പാലക്കാട് | 561000000 | 112000000 | 673000000 |
| 9 | മലപ്പുറം | 471000000 | 86500000 | 557500000 |
| 10 | വയനാട് | 1057000000 | 237000000 | 1294000000 |
| 11 | കോഴിക്കോട് | 2419000000 | 586000000 | 3005000000 |
| 12 | കണ്ണൂർ | 1209000000 | 271000000 | 1480000000 |
| 13 | കാസർഗോട് | 1065000000 | 235000000 | 1300000000 |
| | **ആകെ** | 14000000000 | 3116200000 | 17116200000 |

**6. കോർ ബാങ്കിംഗ് (CBS)**

കമ്പ്യൂട്ടർവൽക്കരണം,സംഘങ്ങളുടെ കോർ ബാങ്കിംഗ്,എ.ടി.എം സംവിധാനം എന്നിവ നടത്തുന്നതിന് വേണ്ടി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും സംസ്ഥാന സഹകരണ ബാങ്കിനും ഓഹരി, വായ്പ,സബ്സിഡി തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനായി ഒരു സ്കീം കേരള സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്.ഈ സ്കീം പ്രകാരം നൽകാവുന്ന പരമാവധി ആനുകൂല്യം താഴെപ്പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു.

- പ്രാഥമിക വായ്പാ സംഘങ്ങൾ, ബാങ്കുകൾ / പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ- 10,00000 രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 90 % ഏതാണോ കുറവ്.
- സംസ്ഥാന ബാങ്കുകൾ/ജില്ലാ സഹകരണ ബാങ്കുകൾ - 100 ലക്ഷം രൂപ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 90 % ഏതാണോ കുറവ്.

ബാക്കി 10 % ആനുകൂല്യം ലഭിക്കുന്ന സംഘങ്ങൾ ക ത്തേ താണ്. 2017-18 സാമ്പത്തിക വർഷം ഈ സ്കീം പ്രകാരം 75 പ്രാഥമികവായ്പാസഹകരണ സംഘങ്ങൾക്ക് 169.9405 ലക്ഷം രൂപ സർക്കാർ ഓഹരിയായും 78 പ്രാഥമികവായ്പാസഹകരണ സംഘങ്ങൾക്ക് 558.115 ലക്ഷം രൂപ സർക്കാർ വായ്പ,സബ്സിഡി എന്നീ ഇനങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്.

**7. പ്രവർത്തന മൂലധന ഓഹരി വർദ്ധിപ്പിക്കുന്നതിനും വ്യാപാര വിപുലീകരണത്തിനും വായ്പ നൽകുന്ന പദ്ധതി**

വ്യാപാര ലാഭം വർദ്ധിപ്പിക്കുന്നതിനായി വ്യാപാര വിപുലീകരണത്തിനും സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി.

**8. കർഷക സേവന കേന്ദ്രങ്ങൾ നടത്തുന്നതിനുള്ള എൻ.സി.ഡി.സി പദ്ധതി**

2017–18 സാമ്പത്തിക വർഷം 3 സംഘങ്ങൾക്കായി 30,00,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

**9. റൂറൽ ഗോഡൗൺ നിർമ്മാണത്തിനുള്ള എൻ.സി.ഡി.സി പദ്ധതി**

2017–18 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ പുതിയ അപേക്ഷ ലഭിച്ചിട്ടില്ല.

**10. കാർഷിക വിപണനം ശക്തിപ്പെടുത്തുന്നതിനും ഗ്രേഡിംഗ്,സ്റ്റാൻഡേർഡൈസേഷൻ എന്നിവക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി.**

2017–18 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ യോഗ്യമായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

**11. ദുർബല സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള സംസ്ഥാന പദ്ധതി**

2017–18 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ ധനസഹായം നൽകുന്നതിന് ബന്ധപ്പെട്ട ശീർഷകത്തിൽ തുക ഇല്ലാത്തതിനാൽ ധനസഹായം നൽകിയിട്ടില്ല.

12. **കാർഷിക വിപണന മേഖല ശക്തിപ്പെടുത്തുന്നതിനുള്ളസംസ്ഥാന പദ്ധതി**

കാർഷിക വിപണന മേഖല ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക സംഘങ്ങൾക്ക് ഈ പദ്ധതിയിൽ ഓഹരി, വായ്പ,സബ്സിഡി ഇനങ്ങളിലായി 8 സംഘങ്ങൾക്ക് 1,70,00,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

**13.കാർഷിക സംസ്കരണ പ്രവർത്തനങ്ങൾക്കായുള്ള എൻ.സി.ഡി.സി പദ്ധതി.**

2017-18 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ റെയ്ഡ്കോക്ക് വായ്പ, ഓഹരി ഇനങ്ങളിൽ യഥാക്രമം 2,28,00,000 , 52,50,000 എന്നീ തുകകൾ ധനസഹായം നൽകിയിട്ടുണ്ട്.

14.**കേരള സഹകരണ അംഗ സമാശ്വാസ നിധി സ്കീം**

1969 ലെ സഹകരണ സംഘം നിയമം വകുപ്പ് 56(1) സി.ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്.സർക്കാറിന്റെ 22.06.2018 ലെ സ.ഉ.(കൈ)നം.22/2018/സഹ/നമ്പർ ഉത്തരവ് പ്രകാരം സ്കീം അംഗീകരിച്ച ഉത്തരവായിട്ടുണ്ട്. 5 വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

- മാരക രോഗബാധിതരായവർ (അർബുദം,വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ,പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ,എച്ച്.ഐ.വി ബാധിതർ,ഗുരുതര ഹൃദയശസ്ത്രക്രിയക്ക് വിധേയരായവർ,കരൾ സംബന്ധമായ ഗുരുതരമായ അസുഖം ബാധിച്ചവർ)
- വാഹനാപകടത്തിൽ അംഗ വൈകല്യം സംഭവിച്ചവർ/ ശയ്യാവലംബരായവർ
- അപകടത്തിൽപെട്ട് ശയ്യാവലംബരായ അംഗങ്ങളുടെ /മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ
- മാതാപിതാക്കൾ എടുത്ത വായ്പക്ക് ബാദ്ധ്യതപ്പെട്ട കുട്ടികൾ
- പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട് വീടും അനുബന്ധ സ്വത്ത് വകകളും നഷ്ടപ്പെട്ടവർ.

ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50000/രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല. ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ അതാത് ആഡിറ്റ് വർഷത്തെ അറ്റ ലാഭത്തിന്റെ 10 % അധികരിക്കാത്ത തുകയോ പരമാവധി 100000/രൂപയോ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച് രണ്ട് മാസത്തിനകം സഹകരണസംഘം രജിസ്ട്രാറുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിലെ 000020123003026 നം.അക്കൗണ്ടിൽ മെമ്പർ റിലീഫ് ഫണ്ടിലേക്ക് വിഹിതമായി അടക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുക അടക്കാൻ പരാജയപ്പെട്ടാൽ കുടിശ്ശികത്തുകയുടെ 6 % വാർഷികനിരക്കിൽ പിഴപ്പലിശ അടക്കുവാൻ സംഘത്തിന്റെ മുഖ്യ കാര്യദർശി ബാധ്യസ്ഥനായിരിക്കും. ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള ചുമതല സഹകരണ വകുപ്പ് മന്ത്രിയും സഹകരണ വകുപ്പ് സെക്രട്ടറിയും സഹകരണ സംഘം രജിസ്ട്രാറും ഉൾപ്പെട്ട ഒരു കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

15.**പട്ടിക ജാതി കടാശ്വാസ പദ്ധതി**

സർക്കാറിന്റെ 30.03.2015 ലെ സ.ഉ(അച്ചടി)24/2015/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്തിലെ പട്ടികജാതി ജനവിഭാഗം സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകൾക്ക് ഒരു ലക്ഷം രൂപയുടെ കടാശ്വാസം അനുവദിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി.പദ്ധതിയിൻ കീഴിൽ 31.03.2015 ന് ശേഷം (31.03.2015 മുതൽ 31.05.2015 വരെ)വായ്പ കടം അവസാനിപ്പിച്ച വകയിൽ 71.73 കോടി രൂപയും 31.03.2015 ന് മുമ്പ് വായ്പ കടം അവസാനിപ്പിച്ച വകയിൽ 49.89 കോടി രൂപയും,31.08.2015 ന് മുമ്പ് (01.06.2015 മുതൽ 31.08.2015

വരെ) വായ്പ കടം അവസാനിപ്പിച്ച വകയിൽ 11.25 കോടി രൂപയും ഉൾപ്പെടെ 132.87 കോടി രൂപ സംഘങ്ങൾ/ബാങ്കുകൾക്ക് അർഹതയുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 31.03.2015 ലെ സ.ഉ(സാധാ)24/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം 44.34 കോടി രൂപയും (44,33,96,000/-രൂപ)ഉൾപ്പെടെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.03.2017 ലെ ഡെവ.ബി 2/21510/14 നമ്പർ ഉത്തരവ് പ്രകാരം 88.54 കോടി രൂപയും (88,53,64,000/-രൂപ) ഉൾപ്പെടെ ആകെ 132,87,60,000 രൂപ അനുവദിക്കുകയും ടി തുകയിൽ നിന്നും നാളിതുവരെ 44,444 വായ്പകളിലായി 85,54,84,816/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

16.**മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി**

സർക്കാറിന്റെ 06.12.2010 ലെ സ.ഉ(പി) 91/2010 മഉവ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളികൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതിയിൻ കീഴിൽ സർക്കാറിൽ നിന്നും പരമാവധി 75,000/- രൂപ കടാശ്വാസമായി അനുവദിക്കുകയും ടി.തുക വായ്പയുടെ മുതൽ തുകയിൽ വരവ് വെക്കുകയുമാണ് ചെയ്യുന്നത്. മുതൽ തുകയിൽ കടാശ്വാസം അനുവദിച്ച തുകയിൽ അധികരിച്ച് ബാക്കി നിൽക്കുന്ന തുക വായ്പാക്കാരൻ അടക്കേണ്ടതും പലിശ,പിഴപ്പലിശ എന്നിവ സംഘങ്ങൾ/ബാങ്കുകൾ എഴുതിത്തള്ളേണ്ടതുമാണ്. 01.01.2001 മുതൽ 31.12.2007 വരെ വിതരണം ചെയ്തിട്ടുള്ള വായ്പകളിൽ 31.12.2009 ൽ ബാക്കി നിൽക്കുന്ന പലിശയുടെ 25% തുകയും സർക്കാറിൽ നിന്നും അനുവദിക്കുന്നതാണ്. 2017-18 വർഷത്തിൽ 165 വായ്പകളിലായി 45,70,516/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

17.**കർഷകകടാശ്വാസപദ്ധതി**

2017-18 വർഷത്തിൽ കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അവാർഡുകളുടെ അടിസ്ഥാനത്തിൽ 8039 അവാർഡുകളിലായി 19,76,64,765/- രൂപ സർക്കാർ ഏറ്റെടുക്കുകയും ടി തുക സഹകരണ സംഘങ്ങൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**18. ഓഹരി മൂലധന സഹായം**

**CRAR** പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് 22,00,00,000/-രൂപ 2017-18 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

**19.ശീതകാല പച്ചക്കറി പദ്ധതി**

ഈ പദ്ധതി പ്രകാരം ഇടുക്കി ജില്ലാ സഹകരണ ബാങ്കിന് 2,00,00,000/- രൂപ അനുവദിച്ചു. എന്നാൽ വിതരണം നടത്തിയിട്ടില്ല. ഗവൺമെൻറ് ട്രഷറിയിൽ നിന്നും തുക പിൻവലിക്കുകയുണ്ടായി.

**20.സഹകരണ പ്രചരണ പദ്ധതി**

നിക്ഷേപ സഹകരണ പരിപാടികൾ, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, ജീവനക്കാരുടെ വായ്പാ സഹകരണ സംഘങ്ങൾ, പി.എ.സി.എസ്. എന്നിവയുടെ വിശിഷ്ട സേവനങ്ങൾക്ക് ട്രോഫികൾ നൽകുക, സഹകരണ തത്വങ്ങൾ പ്രചരിപ്പിക്കുന്നതിനും, സഹകരണ വീഥി മാഗസിനുകൾ, വാർത്താക്കുറിപ്പുകൾ, വകുപ്പ് തല പ്രസിദ്ധീകരണങ്ങൾ കോ-ഓപ്പറേറ്റീവ് വിഷൻ 2025, തുടങ്ങിയവയ്ക്കും വകുപ്പിന്റെ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്, നൂതന കണക്കെടുപ്പ് സമ്പ്രദായം, പദ്ധതി തയ്യാറാക്കൽ, വിലയിരുത്തൽ എന്നിവയുൾപ്പെടെ ഭരണ സംവിധാനത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് നിരന്തര പരിശീലനം നൽകുന്നതിനായി പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സഹായം ഉൾപ്പെടെ സംസ്ഥാന സർക്കാർ ഓരോ വർഷവും 25 ലക്ഷം രൂപ 2425-001-90 ഹെഡിൽ വകയിരുത്തുന്നുണ്ട്. 2017-18 കാലയളവിൽ സഹകരണ വീഥിയുടെ പ്രസിദ്ധീകരണം,എഫ്.എം.റേഡിയോ വഴി പരസ്യം നടത്തിയതിനു ള്ള കുടിശ്ശിക നിവാരണം,വെ ബ് സൈറ്റ് നിർമ്മാണം തുടങ്ങിയവർക്ക് ടി ഹെഡിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്.

**21 ദീർഘകാല വായ്പ**

സംസ്ഥാനത്തെ ദീർഘകാല വായ്പാ ഘടന ദ്വിതല സംവിധാനത്തിൽ ആണ് പ്രവർത്തിക്കുന്നത്. മേൽതട്ടിൽ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും പ്രാഥമിക തലത്തിൽ പ്രാഥമിക കാർഷിക

സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും പ്രാഥമിക തലത്തിൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും കൃഷി അനുബന്ധ ജോലികൾക്കും കൂടാതെ ഗ്രാമീണ പാർപ്പിടവൽക്കരണത്തിനും ദീർഘകാല വായ്പ നൽകുകയാണ് ബാങ്കുകളുടെ പ്രധാന ലക്ഷ്യം.

സംസ്ഥാനത്തെ 75 പ്രാഥമിക കാർഷിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ ആണ് കെ.എസ്.സി.എ..ആർ.ഡി .ബി സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമായ ദീർഘകാല വായ്പ വിതരണം നടത്തുന്നത്.കൂടാതെ ഭവന നിർമ്മാണത്തിനായി ദീർഘകാല വായ്പയും നൽകുന്നു. 2017-18 സാമ്പത്തിക വർഷത്തെ ദീർഘകാല വായ്പ വിതരണം ലക്ഷ്യമിട്ടിരുന്നത് 264518.45 ലക്ഷം രൂപയാണ്. ആയത് താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പദ്ധതി | | മൊത്തം ടാർജറ്റ് (ലക്ഷത്തിൽ) | നേട്ടം കൈവരിച്ചത് (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | കാർഷിക മേഖല | ഹ്രസ്വകാലം | 92898.68 | 7205.00 |
| | | ദിർഘകാലം | --------- | 75677.90 |
| 2 | കാർഷികേതര മേഖല | | 36044.15 | 30667.79 |
| 3 | ഭവനം | | 102715.17 | 94047.92 |
| 4 | മറ്റുള്ളവ | | 32860.45 | 25156.39 |
| | ആകെ | | 264518.45 | 232755.00 |

## 22.പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കുള്ള ധനസഹായം

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴിയാണ് പ്രാഥമിക കാർഷിക സഹകരണ ഗ്രാമ വികസന ബാങ്കുകൾക്കുള്ള ധനസഹായം നൽകി വരുന്നത്.

## 23.സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസനബാങ്കിനുള്ള സർക്കാർ ഗ്യാരൻറി

സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രധാന മൂലധന സമാഹരണ മാർഗ്ഗമാണ് കടപത്രം വിറ്റഴിക്കൽ. 2011 മെയ് 2 മുതൽ കേരള സംസ്ഥാന സർക്കാറിന്റെ ഉറപ്പിൻ മേലാണ് ഇത് നടത്തി വരുന്നത്. നിലവിലുള്ള റീ ഫിനാൻസ് സംവിധാനത്തിന് പകരം ലോൺ സംവിധാനത്തിലൂടെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ഇറക്കുന്ന സ്പെഷ്യൽ ഡവലപ്മെന്റ് ഡിബഞ്ചർസ് വാങ്ങുന്നതിനുള്ള പുതിയൊരു പദ്ധതി നബാർഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ സംവിധാനത്തിൽ സംസ്ഥാന സർക്കാറിന്റെ ഉറപ്പിൻ മേൽ നബാർഡ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് ലോൺ നൽകുന്നു. 2017-18 വർഷത്തിൽ 500 കോടി രൂപ സർക്കാർ ഗ്യാരൻറി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

## 24.കാർഷികോൽപ്പാദന ചെലവ് സമാശ്വാസ പദ്ധതി

സഹകരണ വായ്പാസംഘങ്ങൾ വഴി എടുത്തിട്ടുള്ള 25000 വരെയുള്ള കാർഷിക വായ്പകൾക്ക് 5 ശതമാനം പലിശ ഇളവ് നൽകുന്നതിലേക്കായി സർക്കാർ ഉത്തരവ് നം.11/92 സഹ തീയ്യതി

07.03.1992 പ്രകാരം ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപ ഈ പദ്ധതി ഇനത്തിൽ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട് .

**25.മറ്റ് ആസൂത്രണ പദ്ധതികൾ - സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും ഉള്ള ധന സഹായ പദ്ധതി**

സംസ്ഥാനത്തെ ദുർബലമായതും എന്നാൽ വളർച്ചാ സാധ്യതയുള്ളതുമായ സഹകരണ സംഘങ്ങൾക്ക് സബ്സിഡി,ഓഹരി മൂലധനം,വായ്പ,എന്നിവ ഈ പദ്ധതിയിലൂടെ നൽകുന്നു. ഈ പദ്ധതിക്ക് വേണ്ടി ലഭിക്കുന്ന പ്രോജക്ടുകൾ സർക്കാർ തലത്തിലുള്ള വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുകയും സംഘത്തിന്റെ കാര്യക്ഷമത പദ്ധതിയിലെ സാധ്യതകൾ എന്നിവ വിലയിരുത്തി പദ്ധതിയിലൂടെ ധന സഹായം നൽകുകയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 39500000 രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയത്. ഇതിൽ 26400000 രൂപ താഴെ പറയുന്ന സംഘങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

| Head of Account 2425-108-60 (subsidy), 4425-108-50 (share), 6425-108-28 (loan) | | | | |
|---|---|---|---|---|
| SL NO | NAME OF SOCIETY | subsidy | share | Loan |
| 1 | Kuthuparamba Range Agricultural and Toddy Producers Co op Society Ltd No. C.1539,Kannur | 800000 | 800000 | 1000000 |
| 2 | Muhamma SCB Ltd No.1670,Alappuzha | 1010000 | 2020000 | 2020000 |
| 3 | Kothamangalam Taluk Merchantile Co op Society Ltd No. 1159,Ernakulam | 400000 | 800000 | 800000 |
| 4 | Idukki Cherukida Vyavasayi Co op Society Ltd No.1573, Idukki | 1100000 | 2200000 | 2200000 |
| 5 | Nadakkuthazhe SCB Ltd No.D 2268,Kozhikode | 1150000 | 2300000 | 2300000 |
| 6 | Madikai SCB Ltd No.L 351,Kasargod | 500000 | 1000000 | 1000000 |
| 7 | State Plan – Assistance to Rehabilitation and Expansion- Vallachira SCB Ltd No.52,Thrissur | 600000 | 1200000 | 1200000 |
| Total | | 5560000 | 10320000 | 10520000 |

**26.മാതൃകാ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി**

2017-18 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയിൽ നവീകരണ പ്രവർത്തനങ്ങൾക്ക് പ്രോൽസാഹനം നൽകുന്നതിനും ഈ മേഖലയിൽ മികവുറ്റ സംഘങ്ങൾക്ക് പുരസ്ക്കാരം നൽകുന്നതിനുമായി 6 കോടി രൂപ അനുവദിക്കുകയുണ്ടായി. 5 വർഷകാലയളവിൽ തുടർച്ചയായി പോസിറ്റീവ് നെറ്റ് വർത്തുള്ള സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്നതിനായി ഈ തുക നൽകി വരുന്നു. ധനസഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർതലത്തിലുള്ള വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും സൂക്ഷ്മ പരിശോധനക്കും സാധ്യതാ പഠനത്തിനും ശേഷം പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 57500000 രൂപ താഴെ പറയുന്ന സംഘങ്ങൾക്കായി നൽകിയിട്ടുണ്ട്.

| Head of Account 2425-108-41 (subsidy), 4425-108-37 (share), 6425-108-13 (loan) | | | | |
|---|---|---|---|---|
| ക്രമ നമ്പർ | സംഘത്തിന്റെ പേര് | സബ്സിഡി | ഓഹരി | ലോൺ |
| 1 | നെടുംകണ്ടം എസ്.സി.ബി ലിമിറ്റഡ് നം.കെ. 326,ഇടുക്കി | 500000 | 1000000 | 1000000 |
| 2 | കടക്കൽ എസ്.സി.ബി ലിമിറ്റഡ് നം.3456,കൊല്ലം | 500000 | 1000000 | 1000000 |
| 3 | പാപ്പിനിവട്ടം എസ്.സി.ബി ,തൃശ്ശൂർ | 500000 | 1000000 | 1000000 |
| 4 | ബെസ്റ്റ്കോ ഓപ്പറേറ്റീവ്സ് അവാർഡ് | 500000 | | |
| 5 | അലനല്ലൂർ എസ്.സി.ബി ലിമിറ്റഡ് നം.എഫ് .1178,പാലക്കാട് | 500000 | 1000000 | 1000000 |
| 6 | ഏനാദിമംഗലം എസ്.സി.ബി ലിമിറ്റഡ് നം .2151,പത്തനംതിട്ട | 500000 | 1000000 | 1000000 |
| 7 | വടക്കേക്കര എസ്.സി.ബി ലിമിറ്റഡ് നം.137 ,എറണാകുളം | 500000 | 1000000 | 1000000 |
| 8 | കോൽക്കളം എസ്.സി.ബി ലിമിറ്റഡ് നം.എഫ്. 1073, മലപ്പുറം | 500000 | 1000000 | 1000000 |
| 9 | വാഴയൂർ എസ്.സി.ബി ലിമിറ്റഡ് നം.ഡി. 1898, മലപ്പുറം | 500000 | 1000000 | 1000000 |
| 10 | കട്ടപ്പന എസ്.സി.ബി ലിമിറ്റഡ് നം.3738, ഇടുക്കി | 500000 | 1000000 | 1000000 |
| 11 | വാരാപ്പുഴ എസ്.സി.ബി ലിമിറ്റഡ് നം.1582, എറണാകുളം | 500000 | 1000000 | 1000000 |
| 12 | മഞ്ഞപ്ര എസ്.സി.ബി ലിമിറ്റഡ് നം.4232, എറണാകുളം | 500000 | 1000000 | 1000000 |
| 13 | അയലൂർ എസ്.സി.ബി ലിമിറ്റഡ് നം.507, പാലക്കാട് | 500000 | 1000000 | 1000000 |
| 14 | മൌവാഞ്ചേരി കോഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ് നം.എഫ്. 1279,കണ്ണൂർ | 500000 | 1000000 | 1000000 |
| 15 | തൈക്കാട്ടുശ്ശേരി എസ്.സി.ബി ലിമിറ്റഡ് നം.275,ആലപ്പുഴ | 500000 | 1000000 | 1000000 |
| 16 | തീക്കോയ് എസ്.സി.ബി ലിമിറ്റഡ് നം.3143,കോട്ടയം | 500000 | 1000000 | 1000000 |
| 17 | ചിറ്റാറ്റുകര എസ്.സി.ബി ലിമിറ്റഡ് നം.1443 , എറണാകുളം | 500000 | 1000000 | 1000000 |
| 18 | കിടങ്ങൂർ എസ്.സി.ബി ലിമിറ്റഡ് നം.3431 കോട്ടയം | 400000 | 800000 | 800000 |
| 19 | കാന്തള്ളൂർ എസ്.സി.ബി ലിമിറ്റഡ് നം.2166 ,ആലപ്പുഴ | 500000 | 1000000 | 1000000 |
| 20 | പുതുപ്പരിയാരം എസ്.സി.ബി ലിമിറ്റഡ് നം.1509, പാലക്കാട് | 500000 | 1000000 | 1000000 |
| 21 | കൊപ്പം എസ്.സി.ബി ലിമിറ്റഡ് നം.എഫ്. 1205, പാലക്കാട് | 500000 | 1000000 | 1000000 |
| 22 | കടുങ്ങല്ലൂർ എസ്.സി.ബി ലിമിറ്റഡ് നം. 2165 , എറണാകുളം | 500000 | 1000000 | 1000000 |
| 23 | പരപ്പനങ്ങാടി എസ്.സി.ബി ലിമിറ്റഡ് നം. എഫ്.2302 മലപ്പുറം | 500000 | 1000000 | 1000000 |
| 24 | വള്ളിക്കോട് എസ്.സി.ബി ലിമിറ്റഡ് നം.61 പത്തനംതിട്ട | 500000 | 1000000 | 1000000 |
| | ആകെ | 11900000 | 22800000 | 22800000 |

**27.ഉത്തേജന പലിശയിളവ് പദ്ധതി**

സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പ എടുത്തിട്ടുള്ള കൃത്യമായി തിരിച്ചടക്കുന്ന കർഷ കർക്കായി 2011-12 ബഡ്ജറ്റിൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കുകയുണ്ടായി.ഈ പദ്ധതി പ്രകാരം കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് പലിശയിൽ 5 ശതനാനം ഇളവ് സർക്കാർ ധനസഹായമായി അനുവദി ക്കും. 2017-18 സാമ്പത്തികവർഷം 10012110 രൂപ ഈ പദ്ധതി ഇനത്തിൽ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**28. കാർഷിക വായ്പ**

സംസ്ഥാനത്തെ കാർഷിക വായ്പാ സഹകരണസംഘങ്ങൾ കേന്ദ്ര സർക്കാർ നിർദേശങ്ങൾക്ക് വിധേ യമായി സംഘത്തിലെ കർഷകരായ അംഗങ്ങൾക്ക് 7% പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ നൽകി വരുന്നു. കേരള സർക്കാറിന്റെ സ്റ്റിമുലസ് പാക്കേജ് പദ്ധതി പ്രകാരം സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക വായ്പ സ്വീകരിച്ച കർഷകരായ അംഗങ്ങൾക്ക് 5 % വരെ പലിശ ഇളവ് അനുവദിച്ച് തിരികെ നൽകുകയും കേന്ദ്ര സർക്കാർ നബാർഡ് മുഖേന പലിശ സബ് വെൻഷൻ പദ്ധതി പ്രകാരം അവശേഷി ക്കുന്ന പലിശ ഇളവ് നൽകി വരുന്നു, ഇത്തരത്തിൽ .പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾക്ക് അവരുടെ അംഗങ്ങൾക്ക് കാർഷിക വായ്പ പലിശരഹിതമായി അനുവദിച്ച് നൽകാൻ കഴിയുന്നു.

**29.നെൽകൃഷി വായ്പ**

നെൽകൃഷിക്കായി നൽകുന്ന കാർഷിക വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ തിരിച്ച് നൽകി വരുന്നു. തൻവർഷം 140.49 കോടി രൂപയാണ് നെൽകൃഷി വായ്പയായി നൽകി യത്. 2017-18 സാമ്പത്തിക വർഷം കാർഷിക ഇൻസെൻറീവായി തട്ടക്കാശ്ശേരി എസ്.സി.ബി.ക്ലിപ്തം നം. 534 ന് 69910 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കൊയ്ത്ത് മെതി യന്ത്രം വാങ്ങിയതിന് ഇൻസെൻറീവായി വേങ്ങൂർ എസ്.സി.ബി.ക്ലിപ്തം നം.2793 ന് 4,00,000 രൂപ അനുവദിച്ചു.

**30 പുനരുദ്ധാരണ പദ്ധതി**

സംസ്ഥാനത്തെ പ്രവർത്തനരഹിതമായ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്/ സഹകരണസംഘ ങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിലേക്കായി പുനരുദ്ധാരണ പദ്ധതിയിലേക്കായി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ടി സംഘങ്ങൾക്ക് ഓഹരി,വായ്പ,സബ്സിഡി ഇനത്തിൽ പദ്ധതി റിപ്പോർട്ടിന്റെ അടി സ്ഥാനത്തിൽ 1:1:1.25 അനുപാതത്തിൽ ധനസഹായം നൽകി വരുന്നു. 2017-18 വർഷത്തിൽ ടി ഇനത്തിൽ 26 പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് 48,471,250 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി പദ്ധതി ആനു കൂല്യം തൻവർഷം ലഭിച്ച സംഘങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | എലിമുള്ളം പ്ലാക്കൽ എസ്.സി.ബി എൻ. 3105 | 20.00 ലക്ഷം |
| 2 | കോയിപ്രം എസ്.സി.ബി 875 | 20.00 ലക്ഷം |
| 3 | നെല്ലിയാമ്പതി എസ്.സി.ബി ലി.നം. 929 | 16.25 ലക്ഷം |
| 4 | ചെങ്കര എസ്.സി.ബി ലി.നം. 1254 | 20.00 ലക്ഷം |
| 5 | ആലപ്പി പറവൂർ എസ്.സി.ബി ലി.നം. 1214 | 16.25 ലക്ഷം |
| 6 | വയലാർ കിഴക്ക് എസ്.സി.ബി ലി.നം. പി 1108 | 19.50 ലക്ഷം |
| 7 | പുതു നഗരം എസ്.സി.ബി ലി.പി 110 | 16.90 ലക്ഷം |
| 8 | ഉടുംമ്പൻചോല എസ്.സി.ബി ലി.നം. കെ.396 | 20.00 ലക്ഷം |
| 9 | തണ്ണിത്തോട് എസ്.സി.ബി ലി.നം. 3134 | 20.00 ലക്ഷം |
| 10 | വലിയ പറമ്പ എസ്.സി.ബി ലി.നം.സി. 964 | 13.00 ലക്ഷം |
| 11 | കുത്തന്നൂർ സേവന എസ്.സി.ബി ലി.നം.എഫ്. 1563 | 16.25 ലക്ഷം |

| | | |
|---|---|---|
| 12 | താമരക്കുളം എസ്.സി.ബി ലി.നം 4280 | 20.00 ലക്ഷം |
| 13 | ചെറുക്കടപ്പറം എസ്.സി.ബി 2959 | 17.06250 ലക്ഷം |
| 14 | ക്ലാപ്പന എസ്.സി.ബി ലി.നം 867 | 20.00 ലക്ഷം |
| 15 | തട്ടയിൽ എസ്.സി.ബി ലി.നം 442 | 20.00 ലക്ഷം |
| 16 | മാരാരിക്കുളം എസ്.സി.ബി ലി.നം എ.97 | 20.00 ലക്ഷം |
| 17 | ഹരിപ്പാട് എസ്.സി.ബി ലി.നം 3354 | 20.00 ലക്ഷം |
| 18 | മുട്ടം എസ്.സി.ബി ലി.നം.എഫ്. 1284 | 20.00 ലക്ഷം |
| 19 | തിരുമല എസ്.സി.ബി ലി.നം റ്റി. 1444 | 20.00 ലക്ഷം |
| 20 | പെരളം എസ്.സി.ബി ലി.നം.എൽ.എൽ 63 | 20.00 ലക്ഷം |
| 21 | അങ്ങാടിക്കൽ എസ്.സി.ബി 1127 | 10.00 ലക്ഷം |
| 22 | കുമ്പഴ എസ്.സി.ബി 330 | 20.00 ലക്ഷം |
| 23 | വാരണം എസ്.സി.ബി 1317 | 19.50 ലക്ഷം |
| 24 | പള്ളിപ്പാട് നോർത്ത് എസ്.സി.ബി 1777 | 20.00 ലക്ഷം |
| 25 | അയ്യമ്പുഴ എസ്.സി.ബി ഇ 788 | 20.00 ലക്ഷം |
| 26 | കുവേരി എസ്.സി.ബി സി.65 | 20.00 ലക്ഷം |
| | ആകെ | 48471250 രൂപ |

## 31. കർഷകസേവന കേന്ദ്രങ്ങൾ

കർഷക സേവന കേന്ദ്രങ്ങളുടെ ശാക്തീകരണത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. ആയതിൽ മുൻവർഷങ്ങളിൽ സ്ഥാപിച്ചിരുന്ന 60 കർഷക സേവന കേന്ദ്രങ്ങൾ കൂടാതെ 12 പുതിയ കർഷകസേവന കേന്ദ്രങ്ങൾ കൂടി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 3 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

| നമ്പർ | സംഘത്തിന്റെ പേര് | ജില്ല | ഷെയർ (ലക്ഷം) | സബ്സിഡി (ലക്ഷം) | ആകെ (ലക്ഷം) |
|---|---|---|---|---|---|
| 1 | കള്ളിക്കാട് സർവ്വീസ് സഹകരണ ബാങ്ക് | തിരുവനന്തപുരം | 8.35 | 16.65 | 25.00 |
| 2 | കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് | ആലപ്പുഴ | 8.35 | 16.65 | 25.00 |
| 3 | നാട്ടകം സർവ്വീസ് സഹകരണ ബാങ്ക് | കോട്ടയം | 8.35 | 16.65 | 25.00 |
| 4 | തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് | ഇടുക്കി | 8.35 | 16.65 | 25.00 |
| 5 | ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് | എറണാകുളം | 8.35 | 16.65 | 25.00 |
| 6 | പുവത്തുംകടവ് സർവ്വീസ് സഹകരണ ബാങ്ക് | തൃശ്ശൂർ | 8.35 | 16.65 | 25.00 |
| 7 | കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്ക് | പാലക്കാട് | 8.35 | 16.65 | 25.00 |
| 8 | കീഴ് പറമ്പ് സർവ്വീസ് സഹകരണ ബാങ്ക് | മലപ്പുറം | 8.35 | 16.65 | 25.00 |
| 9 | മണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് | കോഴിക്കോട് | 8.35 | 16.65 | 25.00 |
| 10 | തരിയോട് സർവ്വീസ് സഹകരണ ബാങ്ക് | വയനാട് | 8.35 | 16.65 | 25.00 |
| 11 | പട്ടുവം സർവ്വീസ് സഹകരണ ബാങ്ക് | കണ്ണൂർ | 8.35 | 16.65 | 25.00 |
| 12 | ബേഡഡുക്ക സർവ്വീസ് സഹകരണ ബാങ്ക് | കാസറഗോഡ് | 8.35 | 16.65 | 25.00 |
| | ആകെ | | 100.20 | 199.80 | 300.00 |

## 32.എൻ.സി.ഡി.സി അടിസ്ഥാന സൗകര്യവികസന പദ്ധതി

എൻ.സി.ഡി.സി പദ്ധതി പ്രകാരം ആധുനികവൽക്കരണം,വിപുലീകരണം,ശാക്തീകരണം,ശാഖാമന്ദിരവികസനം,സ്ട്രോങ് റൂം,സേഫ് ഡെപ്പോസിറ്റ് ലോക്കർ,വാഹനം,ഫർണ്ണീച്ചർ എന്നിവക്കായി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഓഹരി ഇനത്തിൽ 9958500 രൂപയും വായ്പ ഇനത്തിൽ 6376025 രൂപയും അനുവദിച്ചിട്ടുണ്ട്.

### മറ്റ് പ്രവർത്തനങ്ങൾ

സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്ത് വിനോദ സഞ്ചാര വികസന പദ്ധതികൾ നടപ്പിലാക്കാൻ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ച് വരുന്നുണ്ട്. 2017–18 വർഷം ടി ഇനത്തിൽ 40 ലക്ഷം രൂപ 2 സഹകരണ സംഘങ്ങൾക്ക് ഓഹരിയായും സബ്സിഡിയായും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത സംഘങ്ങളുടെ പേരും മറ്റ് വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ഓഹരി | സബ്സിഡി |
|---|---|---|---|
| 1 | പുതുപ്പാടി സഹകരണ ബാങ്ക് എഫ് 1830, കോഴിക്കോട് | 6.67 ലക്ഷം | 13.33 ലക്ഷം |
| 2 | വീരണകാവ് സർവ്വീസ് സഹകരണ ബാങ്ക് തിരുവനന്തപുരം | 6.67 ലക്ഷം | 13.33 ലക്ഷം |
| | ആകെ | 13.34 | 26.66 ലക്ഷം |

# സാമ്പത്തികം

**REVENUE EXPENDITURE FOR THE YEAR 2017-18**

| HEAD OF ACCOUNT | SALARY 01 | WAGES 02 | TA-04 | OFFICE EXPENSES-05 | RRT-06 | MOTOR VEHICLE-21 | IMPLEMENTATION OF OFFICIAL LANGUAGE 26 | OTHER CHARGES-34 | P.O.L-45 | TOTAL R.S |
|---|---|---|---|---|---|---|---|---|---|---|
| 2425-001-88 | 409833 | 942375 | 32354 | 70073 | 106513 | 9943 | 0 | 0 | 20000 | 1591091 |
| 2425-001-89 | 13282974 | 742125 | 254619 | 158634 | 0 | 30514 | 0 | 0 | 179155 | 14648021 |
| 2425-001-97 | 6439336 | 195250 | 179121 | 144301 | 367000 | 33947 | 0 | 0 | 54180 | 7413135 |
| 2425-001-98 | 755102607 | 875062 | 6128499 | 3403092 | 7047119 | 135626 | 10000 0 | 0 | 391098 | 773183103 |
| 2425-001-99 | 111793456 | 722550 | 764082 | 1625483 | 0 | 95961 | 50000 | 44719 | 240467 | 115336718 |
| 2425-003-98 | 43229895 | 0 | 177899 | 0 | 0 | 0 | 0 | 0 | 0 | 43407794 |
| 2425-101-92 | 16237095 | 763770 | 231188 | 164619 | 0 | 12856 | 0 | 105380 | 90257 | 17605165 |
| 2425-101-93 | 537540 | 1761065 | 26259 | 110969 | 313120 | 6783 | 0 | 16777 | 40000 | 2812513 |
| 2425-101-95 | 5274940 | 430920 | 59674 | 101021 | 45000 | 0 | 0 | 349907 | 0 | 6261462 |
| 2425-101-96 | 5568083 | 1715705 | 109472 | 134613 | 206500 | 50000 | 0 | 178677 | 122000 | 8085050 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
